# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY


**THIRD SESSION 1951**

**Friday,** *the 16th March 1951*

**Vol. III]** OFFICIAL REPORT **[No. 8**


The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Friday, the 16th March 1951 with Mr. Speaker in the Chair.

## QUESTIONS AND ANSWERS

*(Oral Answers)*

(The numbers within brackets indicate the serial numbers in the list of admitted questions for the day.)

### VEMBANAD LAKE BOAT TRAGEDY

***574. (1) Sri. D. Gnanasigamoni:** Will the Hon'ble Minister for Transport be pleased to state:—

(*a*) whether Government have ordered an enquiry into the recent Vembanad Lake boat tragedy; and

(*b*) if so, whether any report has been submitted on the same?

*Chief Minister* **(Sri. C. Kesavan:)**

(*a*) Yes.

(*b*) No.

**Sri. D. Gnanasigamoni:** May I know whether any time-limit has been fixed for the submission of the report?

**Sri. C. Kesavan:** Instruction has been given to submit as early as possible.

**Sri. C. V. Iyyu:** May I know whether the boat had been insured just as motor cars?

**Sri. C. Kesavan:** I have no information.

**Sri. C. V. Iyyu:** Is there not a rule that service boats also should be insured?

**Sri. C. Kesavan:** I claim notice.

ശ്രീ. എ. താണുപിള്ള: ഈ ട്രാജഡി നടന്നിട്ട് എത്രകാലമായി?

**Sri. C. Kesavan:** It took place on the 19th December 1950.

ശ്രീ. ആർ. ശങ്കർ: റിപ്പോർട്ട് സമർപ്പിച്ചതായി പത്രങ്ങളിൽ കണ്ടതു് ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കണ്ടു. പക്ഷെ അതു ശരിയല്ല.

**Sri. C. V. Iyyu:** Is the Government aware that even now boats run on kerosene oil are plying?

**Sri. C. Kesavan:** That question does not arise.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എൻക്വയറി നടത്തിയതു് ആരാണ്?

ശ്രീ. സി. കേശവൻ: കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഈ ട്രാജഡിയിൽ എത്രപേർ മരിച്ചു

ശ്രീ. സി. കേശവൻ: എഴ പേരെന്നാണ് അറിവ്.

## ട്രാൻസ്പോർട്ട് കാർപ്പറേഷൻ

*൫൭. (ഹ) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സ്റ്റേററിൽ ട്രാൻസ്പോർട്ട് കാർപ്പറേഷൻ തുടങ്ങുന്നതിനെപ്പററി ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ യാതൊരു ആലോചനയും ഇല്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഏതെങ്കിലും സ്റ്റേററിൽ ഇതു നടപ്പിൽ വന്നിരിക്കുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിവില്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതു ആലോചിക്കേണ്ട ഒരു വിഷയമാണെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാവുന്ന ഒരു വിഷയമാണ്.

## പുതിയ ബസ്സ് ലൈനുകൾ

*൫൮. (ന) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് അതോറിട്ടി പുതിയ ബസ്സ്ലൈൻ അനുവദിച്ചതിനെപ്പററി വല്ല പരാതികളും ഗവമെണ്ടിന് കിട്ടിയിട്ടുണ്ടോ;

(ബി) ട്രാൻസ്പോർട്ട് അതോറിട്ടിനിയമനത്തിനുശേഷം എത്ര പുതിയ ലൈനുകൾ അനുവദിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഗവമെണ്ടിന് ട്രാൻസ്പോർട്ട് അതോറിട്ടിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലുകൾ കിട്ടുന്നുണ്ട്.

(ബി) ൧൮൩.

ശ്രീ. വി. കെ. വർഗ്ഗീസ്: അതോറിട്ടി ഈ ലൈനുകൾ നൽകുന്നതിനെ സംബന്ധിച്ച് റൂളുകൾ വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മോട്ടോർ വെഹിക്കിൾസ് റൂൾസിൽ തന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ് ഇതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഡി. എസ്സ്. പി.യും സ്ഥലം എം. എൽ. എ. മാരുമാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: അവരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഏതെങ്കിലും ലൈനുകൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ധാരാളം ഉണ്ട്. ഈ ൧൮൩ ലൈനുകളും നല്കിയതു് ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

ശ്രീ. വി. കെ. വക്കീസ്: കൊല്ലം ടൗണിൽ അങ്ങനെ ഉണ്ടായിട്ടില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ധാരാളം വിശ്വസിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ട്രാൻസ്പോർട്ട് അതോറിട്ടിയിൽ ഡയറക്ടറെ കൂടാതെ ആരെല്ലാം ഉൾപ്പെടും?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമസഭയിലെ രണ്ടു മെമ്പറന്മാർ, അതായത് ശ്രീ. കുഞ്ഞുകൃഷ്ണനും, അലക്സാണ്ടർ പറമ്പിത്തറയും ഐ. ജി.യും ഉൾപ്പെടും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവരെ നാമിനേററ ചെയ്തവരാണോ, അവക്ക് അലവൻസു വല്ലതും ഉണ്ടോ എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവക്ക് ഡെയിലി അലവൻസ് ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ഇ. വി. പൗലോസ്: ലൈൻ തുടങ്ങണമെന്ന് ആഗ്രഹമുള്ളവക്കെല്ലാം അതു് അനുവദിച്ചു കൊടുക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമുള്ള സ്ഥലങ്ങളിൽ റൂൾസ് അനുസരിച്ച് അനുവദിക്കുന്നതാണ്. അല്ലെങ്കിൽ കാമ്പെററീഷൻ ഉണ്ടാവും.

**Sri. D. Gnanasigamoni:** May I know whether Government have consulted any member from South Travancore so far as roads in South Travancore are concerned?

**Sri. T. K. Narayana Pillai:** I claim notice.

ശ്രീ. എ. താണുപിള്ള: അസംബ്ലിയിൽനിന്നും ഈമാതിരി ആവശ്യങ്ങൾക്ക് മെമ്പറന്മാരെ നാമിനേററ ചെയ്യുന്നതിൽ കുഴപ്പമുണ്ടെന്നു കണ്ടിട്ടു പിന്നെയും അതു തുടന്നു കൊണ്ടുപോകുന്നതെന്തിനു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് വളരെ മുമ്പു ചെയ്തതാണ്.

ശ്രീ. പി. നാണു: സ്ഥലം എം. എൽ. എ.മാർ ശുപാർശചെയ്യുന്ന എന്നു പറഞ്ഞതു് റൂളനുസരിച്ചാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. പക്ഷെ, അങ്ങനെയാണു നടപടി

ശ്രീ. പി. നാണു: എല്ലാ താലൂക്കിലും ഇതു പതിവുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടെന്നാണ് അറിവു്, എനിക്ക് സൂക്ഷ്മമായിട്ടറിഞ്ഞുകൂടാ.

ശ്രീ. പി. നാണു: പല സ്ഥലങ്ങളിലും അങ്ങനെ അല്ലെന്നു് ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീച്ചയായും വിശ്വസിക്കാം. അതു ഞാൻ മുമ്പ പറഞ്ഞതാണ്.

ശ്രീ. വി. കെ. വക്കീസ്: ഗവമെണ്ടു ലൈനുകളെ സംബന്ധിച്ചിടത്തോളം കാമ്പെററീഷനു് വഴി നല്കാതിരിക്കുകയും മററ ലൈനുകളെ സംബന്ധിച്ചിടത്തോളം അതിനു സൗകര്യമുണ്ടാക്കുകയും ചെയ്യുന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമെണ്ടു ലൈനുകളെ സംബന്ധിച്ചിടത്തോളവും അങ്ങിനെ വരികയാണെങ്കിൽ അതു് നാഷനലൈസേഷൻ പ്രിൻസിപ്പിളിനു് വിപരീതമായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അപ്പീലിന് അഡ്വക്കേററന്മാർ ഹാജരാകാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. അവക്ക് പാടില്ലെന്നു വ്യവസ്ഥയില്ല.

ശ്രീ. സി. വി. ഇയ്യു: ഇപ്പോഴം ഉള്ള ലൈസൻസുകഠം അവരുടെ പൃവ്ത്തികന്മാക്കായി കൊടുത്തതാണോ?

**Sri. T. K. Narayana Pillai:** I claim notice.

ശ്രീ. ഏ. അച്ചുതൻ: ഈ നാമിനേററഡ് മെമ്പറന്മാക്ക് ട്രാൻസ്പോട്ട് അധികാരികളെപ്പോലെ അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അധികാരം ഡിപ്പാട്ട്മെണ്ടിനാണ്.

## റോഡ്

* ൫൧. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങഠക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

കിടങ്ങന്നൂർനിന്നും മെഴുവേലി ഇംഗ്ലീഷ് സ്കൂളിൻെറ പടിക്കൽക്കൂടി ഇലവത്തിട്ട ചന്തയിലേക്കുള്ള റോഡ് മെയിൻറനൻസിനെടുത്തിട്ടുള്ളതാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല. പക്ഷെ അതിലേക്കുള്ള ഒരു എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്. വേണ്ട സ്ഥലം പൊന്നും വിലകൊടുത്തെടുക്കാൻ അനുവദിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനെ സംബന്ധിച്ച് നിവേദനങ്ങഠം വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അറിവില്ല.

## പീച്ചിഅണ

* ൫൨. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങഠക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പീച്ചി അണകെട്ടു എന്നാണു തുടങ്ങിയതു്; അതിൻെറ എസ്റ്റിമേററ് എന്താണ്;

(ബി) അതിൻെറ പണി ഇപ്പോഠം ഏതു നിലയിൽ ഇരിക്കുന്നു;

(സി) നാളിതുവരെ അതിനു് എത്ര ചിലവായി;

(ഡി) അതു് എന്നത്തേക്കു് പൂത്തിയാകും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൧൨൪ ജനുവരിയിൽ. ൧൫൦ ലക്ഷം രൂപയാണ് അതിൻെറ എസ്റ്റിമേററ്.

(ബി) അണ അടിത്തട്ടിൽനിന്നും ൩൫ അടി ഉയരംവരെ എത്തിയിട്ടുണ്ട്. റൈററ് ബാങ്ക് മെയിൻ കനാലിൻെറ ജോലി പുരോഗമിച്ചുകൊണ്ടിരിക്കയാണ്. അതിൻെറ ആദ്യത്തെ ഏഴു മൈലിലും അതിൻെറ ശാഖകളിലും പെട്ട ഭൂമികഠക്ക് അടുത്ത മുണ്ടകൻകാലത്തു് വെള്ളം കൊടുക്കുവാൻ സാധിക്കുന്നതാണ്.

(സി) ൧൯൫൩ ജനുവരി അവസാനംവരെ ൫൩,൩൩,൯൩൧ രൂപ.
(ഡി) ബഡ്ജററ് വർഷം ൧൯൫൨–൧൯൫൩-ൽ.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഇതിൻെറ ചാർജ്ജുവഹിച്ചിരുന്ന ഉദ്യോഗസ്ഥൻ പോകാനുണ്ടായ കാരണമെന്താണ്?

**Sri. C. Kesavan:** That question does not arise.

ശ്രീ. ഇട്ടീര അമ്പൂക്കൻ: പീച്ചിഅണക്കെട്ടിൻെറ മേൽനോട്ടം മുമ്പു വഹിച്ചിരുന്ന ആൾ തന്നെയാണോ ഇപ്പോഴും വഹിക്കുന്നത്?

**Sri. C. Kesavan:** I cannot say that without notice.

ശ്രീ. എ. താണുപിള്ള: പീച്ചി അണക്കെട്ടിൻെറ ചാർജ്ജുവഹിക്കുന്ന എഞ്ചിനീയർ ഇവിടത്തെ ചീഫ് എഞ്ചിനീയരുടെ താഴെയാണോ അതോ independent ആയി ജോലി നോക്കുകയാണോ?

ശ്രീ. സി. കേശവൻ: ചീഫ് എഞ്ചിനീയരുടെ കീഴിലാണ്.

**Sri. A. K. George:** Has the Hon'ble Minister any idea of the amount of money lapsed this year out of the allotment under the Peechi Irrigation Scheme?

**Sri. C. Kesavan:** I have so information.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ അണക്കെട്ടുകൊണ്ട് എത്ര ഏക്കറേജ് ഉപയോഗപ്രദമാക്കുവാൻ സാധിക്കുമെന്നു പറയാമോ?

**Sri. C. Kesavan:** I have no figures.

## നാഷനൽ ഹൈ വേ

* ൧൯൯. (൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നാഷനൽ ഹൈ വേയെ സംബന്ധിച്ച് തിരുവിതാംകൂർ–കൊച്ചി ഗവമെൻ്റ് എന്തെങ്കിലും അഭിപ്രായം കേന്ദ്രഗവമെൻ്റിനെ അറിയിച്ചിട്ടുണ്ടോ;

(ബി) അതിൻെറ പണി എന്നത്തേക്കു തുടങ്ങുമെന്നറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്. മംഗലപ്പുഴ പാലം പണി ചെയ്യുന്നതിനുള്ള ചെലവിന് അഭ്യർത്ഥിച്ചിട്ടുണ്ട്. അരൂർ പാലം കെട്ടുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനെ സംബന്ധിച്ചും ഇൻഡ്യാഗവമെൻ്റിനെ അറിയിച്ചിട്ടുണ്ട്.

(ബി) ഇൻഡ്യാഗവമെൻ്റിൽനിന്നും മറുപടി ലഭിച്ചിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇൻഡ്യാഗവമെൻ്റും ഈ ഗവമെൻ്റും തമ്മിൽ ഈ കാര്യം സംബന്ധിച്ച് വല്ല എഗ്രിമെൻറും ഉണ്ടോ?

**Sri. C. Kesavan:** It is under the National Highway and is expected to be maintained by the Government of India.

ശ്രീ. എ. താണുപിള്ള: റോഡ് അതാതു സ്ഥലങ്ങളിൽ വീതി കൂട്ടുന്നത് ആരുടെ ചെലവിലാണ്?

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവമെൻ്റിൻെറ ചെലവാണ്.

ശ്രീ. എ. താണുപിള്ള: അതിനെ സംബന്ധിച്ച് ഈ ഗവമെൻ്റിനു ചെലവൊന്നും ഇല്ലേ?

ശ്രീ. സി. കേശവൻ: മെയിൻറനൻസിൻെറ ചെലവുമാത്രം ഈ ഗവമെൻ്റിനുണ്ട്.

**Sri. P. K. Dewar:** What is the amount that has been allotted for the maintenance?

**Sri. C. Kesavan:** It is included in the Budget. Rs. 3,000 per mile is allotted.

ശ്രീ. ആർ. ശങ്കർ: ഇതു് ഏതു വർഷത്തിൽ അനുവദിച്ചു?

ശ്രീ. സി. കേശവൻ: ഈ നടപ്പുവർഷത്തിൽ തന്നെ.

**Sri. P. K. Dewar:** Will the Government be expected to spend the allotment for this year for maintenance?

**Sri. C. Kesavan:** Yes.

സറണ്ടർ സ്കൂളുകൾ

* ൫൮൦. (൯) ശ്രീമതി ദേവകീഗോപീദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

സറണ്ടർ ചെയ്തിട്ടുള്ള സ്കൂളുകൾ ഗവമെണ്ടു് ഏറ്റെടുത്തു കഴിഞ്ഞാൽ പിന്നീടു് ആ സ്കൂളിന്റെ അററകുററപ്പണികൾ സറണ്ടർ ചെയ്തവരൊ അദ്ധ്യാപകരൊ നിർവ്വഹിക്കണമെന്നു ഗവമെണ്ടു നിർദ്ദേശിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): സ്കൂൾ സറണ്ടർ ചെയ്യാൻ ആലോചിക്കുമ്പോൾ, അപ്പോൾ ആവശ്യമുള്ള അററകുററപ്പണികളെല്ലാം അവർതന്നെ നടത്തണമെന്നാണു് ചട്ടം. അതുകഴിഞ്ഞതാണു് സറണ്ടർ അംഗീകരിക്കുന്നതു്. എന്തെങ്കിലും അററകുററപ്പണി ഉണ്ടെങ്കിൽ അതുകൂടെ ചെയ്തതിനുശേഷം മാത്രമേ സറണ്ടർ പൂർണ്ണമായി അംഗീകരിക്കുന്നുള്ളു. സറണ്ടർ ചെയ്തുകഴിഞ്ഞാൽ പിന്നെയുള്ള അററകുററപ്പണികളെല്ലാം ഗവമെണ്ടുതന്നെയാണു ചെയ്യുന്നതു്.

ശ്രീമതി ദേവകീഗോപീദാസു്: ഇതു് ഏതുതരം സ്കൂളിനെ സംബന്ധിച്ചാണു്. കമ്പൽസറി ഏറിയായിലുള്ള സ്കൂളുകളെ സംബന്ധിച്ചാണോ അതോ മററുള്ള സ്കൂളുകളെ സംബന്ധിച്ചാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് പൊതുവേയുള്ള റൂൾ ആണു്.

ശ്രീമതി ദേവകീഗോപീദാസു്: സറണ്ടർ ചെയ്തിട്ടുള്ള സ്കൂളുകൾ തിരിയെ കൊടുത്താൽ കൊള്ളാമെന്നു് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നല്ല നിശ്ചയമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സറണ്ടർ സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ഗവമെണ്ടു സ്കൂളുകളിൽ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് വേറെ ചോദ്യം ഉണ്ടു്. അപ്പോൾ പറയാം.

ശ്രീ. സബാസ്ത്യൻ തോപ്പിൽ: കഴിഞ്ഞ സ്കൂൾ വർഷത്തിൽ എത്ര സ്കൂളുകൾ സറണ്ടർ ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

தோவாளைச் சானல் நெற்கிருஷி.

581 [10] ஸ்ரீ. ஸ்ரீ. வி. தாஸ்: கீழ் கண்ட வினாக்களுக்கு கனம் விவசாய வகுப்பு மந்திரி விடை பகர்வார்களாக:

(a) தோவாளைச் சானலில் எத்தனை ஏக்கர் நெற்பயிர் உண்டு?

(b) தோவாளைச் சானலை அபிவிருத்தி செய்ய அரசாங்கம் ஒரு ஸ்பெஷல் ஆபீஸரை நியமித்திருக்கிறதா?

(c) மேற்படி அதிகாரி றிப்போர்ட்டு சமர்ப்பித்தாகிவிட்டதா?

(d) ஏகதேசம் எவ்வளவு ரூபாய் எஸ்டிமேட்?

(e) தோவாளைச் சானல் அபிவிருத்திக்கு ஏதேனும் மாற்றுத்திட்டமுண்டா?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) 12,142 acres approximately.

(*b*) Yes.

(*c*) Yes.

(*d*) 15—16 miles, Rs. 36,800.

(*e*) No.

**Sri. Sree V. Das:** May I know from the Government the extent of the channels cleared?

**Sri. T. K. Narayana Pillai:** Out of these, item (1) and (4) that is, improvement of the channel between miles 15 and 16 and certain other items have been taken up. The estimate has been sanctioned and the work is in progress.

**Sri. Sree V. Das:** May I know the nature of the improvement proposed?

**Sri. T. K. Narayana Pillai:** It is to make it fit for irrigation purposes, that is, to prevent leakage of water. All that is necessary to bring about this to an end is under contemplation.

**Sri. A. Chidambaranatha Nadar:** Is there any idea of widening the channel?

**Sri. T. K. Narayana Pillai:** I claim notice.

**Sri. A Chidambaranatha Nadar:** Is there any idea of increasing the velocity of the flow of water?

**Sri. T. K. Narayna Pillai:** Sir, I claim notice.

மணவாளக்குறிச்சி மணல் கம்பெனி

582 [11] ஸ்ரீ. ஸ்ரீ. வி. தாஸ்: கீழ்கண்ட வினாக்களுக்கு கனம் தொழில்வகுப்பு மந்திரி விடை பகர்வார்களாக:

(a) மணவாளக்குறிச்சியில் நடைபெற்றுவந்த மோனசைட் மணல் கம்பெனி (Monazite factory) எப்பொழுது ஸ்தாபிக்கப்பட்டது?

(b) சராசரி ஆண்டுதோறும் எத்தனை தொழிலாளிகள் வேலை செய்து வந்தனர்?

*Minister for Education Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) The Travancore Mineral Factory at Manavalakurichi was established first about the year 1902 and that belonging to Hopkins and Williams was established in 1915.

(*b*) The average number of workers every year in the factory belonging to the T. M. C. is not known. In the factory of Hopkin and Williams the average number is 2865.

**Sri. A. Chidambaranatha Nadar:** Is it the policy of this Government to shift all industries from the South?

**Sri. T. K. Narayana Pillai:** I do not think that has ever been the policy of this Government.

**Sri. A. Chidambaranatha Nadar:** Then, how do you account for the shifting of the Sugar factory from Thukalay?

**Sri. T. K. Narayana Pillai:** It is not entirely under the control of this Government.

**Sri. P. S. Nataraja Pillai:** May I know whether the Government are aware that the factory at Manavalakurichi is not functioning now?

**Sri. T. K. Narayana Pillai:** Yes, steps are being taken in this direction.

**Sri. P. S. Nataraja Pillai:** May I know the probable date when they will resume work there?

**Sri. T. K. Narayana Pillai:** From the nature of the report received, I think it will be resumed within some three months.

**Sri. P. S. Nataraja Pillai:** Is it the policy of the Government not to close the factory at Manavalakurichi?

**Sri. T. K. Narayana Pillai:** Yes.

## ഹിന്ദിവിദ്യാഭ്യാസം

* ൭൬൩. (൧൭) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തു ആരംഭിച്ചു നടത്തിവരുന്ന ഹിന്ദിവിദ്യാലയങ്ങൾക്ക് ഡിപ്പാർട്ടുമെണ്ടിൽനിന്നും ഗ്രാൻറുകൾനല്കി പ്രോത്സാഹിപ്പിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വിദ്യാലയങ്ങൾ ഏതെല്ലാം;

(സി) ഓരോ വിദ്യാലയത്തിനും നല്കിവരുന്ന ഗ്രാൻറുസംഖ്യ എത്ര വീതം?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിൽ ഹിന്ദിവിദ്യാലയങ്ങൾ നടന്നുവരുന്നുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കോട്ടയത്തു ഒരു ഹിന്ദി കാളേജ് സ്ഥാപിക്കുന്നതിനു വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

## വെയിററിംഗ് ഷെഡ്

* ൭൬൪. (൧൮) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരുമ്പാവൂർ ബസ്സ് സ്റ്റാൻറിൽ ഒരു വെയിററിംഗ് ഷെഡ് ഇല്ലാത്തതുനിമിത്തം യാത്രക്കാർ വളരെ വിഷമപ്പെട്ടുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ-യും, ബി-യും) ഈ സംഗതികളെപ്പററി യാത്രക്കാരിൽനിന്നും നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ

സമീപകാലത്തു ഒരു വെയിററിംഗ് ഷെഡ് കെട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. രണ്ടു മുറികൾ വാടകക്കെടുത്തു ഒരു ടൈംകീപ്പറാഫീസും വെയിററിംഗ് ഷെഡും ഡിപ്പാർട്ടുമെണ്ടിൽനിന്നും ൧൯൪൯ സെപ്തംബർ ൧-ാംനു- മുതൽ നടത്തിവരുന്നുണ്ട്.

ശ്രീ. ടി. വി. തേവൻ: മാവേലിക്കരയിൽ വെയിററിംഗ് ഷെഡ് ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വെയിററിംഗ് ഷെഡ് സംബന്ധിച്ച് ഗവമ്മെണ്ടിനു് നിശ്ചിതമായ ഒരു പദ്ധതിയുണ്ട്. രണ്ടുകൊല്ലത്തിനുമുമ്പ് ഗവമ്മെണ്ടിൽനിന്നു സ്ഥാപിച്ചിട്ടുള്ള എല്ലാ സ്റ്റേഷനിലും വെയിററിംഗ് ഷെഡ് ഉണ്ടാക്കണമെന്നാണ് ഗവമ്മെണ്ടിന്റെ ഉദ്ദേശം. അതിൽ മാവേലിക്കരയും ഉണ്ടാകും.

## വെയിററിംഗ് ഷെഡ്

* ൭൮൪. (൧൪) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിഴിഞ്ഞം ട്രാൻസ്പോർട്ടു ബസ്സ്സ്റ്റാൻറിൽ ഒരു വെയിററിംഗ് ഷെഡ് ഇല്ലാത്തതുനിമിത്തം യാത്രക്കാർ വളരെ വിഷമപ്പെടുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഈ സംഗതിയെപ്പററി യാത്രക്കാരിൽനിന്നും നിവേദനങ്ങൾ യാതൊന്നും ലഭിച്ചിട്ടില്ല. പക്ഷെ സ്ഥലത്തു ഒരു വെയിററിംഗ് ഷെഡ് കെട്ടുന്ന കാര്യത്തെപ്പററി തീർച്ചയായും പരിഗണിക്കുന്നതാണ്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: തല്ക്കാലത്തേക്ക് ഒരു വെയിററിംഗ് റൂമെങ്കിലും അവിടെ ഉണ്ടാക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കാം.

## പഞ്ചസാരക്കോട്ടാ

*൭൮൫. (൧൫) സാഹിബ് ബഹദൂർ ടി. എ. മെതിൻകുഞ്ഞു: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം കൺഫെക്ഷണറി വർക്സിനു് പഞ്ചസാരക്കോട്ടാ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) പ്രസ്തുത സ്ഥാപനത്തിനു് പഞ്ചസാരക്കോട്ടാ അനുവദിക്കുന്നതിന് ഇൻഡ്യാഗവമ്മെണ്ടിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) പഞ്ചസാര കൺട്രോൾ ചെയ്യാതിരുന്ന കാലത്തെ ചെലവിന്റെ അടിസ്ഥാനത്തിലാണോ കോട്ടാ അനുവദിക്കാറുള്ളതു്; അല്ലെങ്കിൽ എന്തുകൊണ്ട്;

(ഈ) ഏതെല്ലാം സ്ഥാപനങ്ങൾക്ക് പഞ്ചസാരക്വോട്ടാ എത്രവീതം അനുവദിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊല്ലം കൺഫെക്‌ഷണറി വർക്സ് എന്നു പേരുള്ള ഒരു സ്ഥാപനം കൊല്ലത്തുള്ളതായി അറിവില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) കൺഫെക്ഷണറികൾക്ക് പഞ്ചസാരക്വോട്ടാ നിശ്ചയിക്കുമ്പോൾ ഈ സംഗതിയെപ്പററി പരിഗണിക്കാറുണ്ട്.

(ഈ) കൺഫെക്ഷണറികൾ, ഭക്ഷണശാലകൾ, ശീതളപാനീയശാലകൾ, ബേക്കറികൾ, വൈദ്യശാലകൾ മുതലായ സ്ഥാപനങ്ങൾക്ക് ഡി ക്ലാസ് പഞ്ചസാര കാർഡുകൾ നല്കിയിട്ടുണ്ട്. പഞ്ചസാരവിതരണം റേഷൻ അടിസ്ഥാനത്തിൽ നടത്തുന്നതിനാൽ മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് ഓരോ മാസവും ലഭിക്കുന്ന ക്വോട്ടാ താലൂക്കിലേക്ക് അനുവദിക്കുന്ന ക്വോട്ടായുടെ വീതാംശമായിരിക്കും.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: കൊല്ലത്തു എന്തെങ്കിലും പേരിൽ കൺഫെക്ഷണറി വർക്സ് ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: അതു എതെല്ലാമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: കൊല്ലം കൺഫെക്ഷണറി വർക്സ് എന്നു ഒന്നുണ്ടെന്നാണ് ഗവമെന്റിനു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ശരിയായ നിലയിൽ ഈ വ്യവസായശാലകളെപ്പററി അന്വേഷിച്ചുവെന്നു ഗവമെന്റിനു പറയാൻ കഴിയുമോ?

**Mr. Speaker:** It is only a matter of opinion.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സംസ്ഥാനത്തിൽ ആകെയുള്ള ക്വോട്ടായിൽ എത്ര ശതമാനമാണ് കൺഫെക്ഷനറി വർക്സിനു കൊടുക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

## ഓലമേച്ചിൽ കെട്ടിടങ്ങൾ

* 89. (514) ശ്രീ. പിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഓലമേഞ്ഞു നിർത്തിയിരിക്കുന്ന ഗവമെന്റുവക കെട്ടിടങ്ങൾ, പ്രത്യേകിച്ചു സ്കൂൾകെട്ടിടങ്ങൾ ആസ്ബസ്റ്റോസ് ഷീററുകൊണ്ടു മേയുന്നതിനു വല്ല പദ്ധതിയും ഗവമെന്റിനു ആലോചനയിലുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): അങ്ങനെ ഒരു പദ്ധതി ഇപ്പോൾ ആലോചനയിലില്ല.

ശ്രീ. പിലിപ്പോസ് മുതലാളി: സമയത്തിനു ഓലമേയാത്തതുകൊണ്ടു കെട്ടിടം നാശമായി പോകുന്നു എന്നറിയാമോ?

ശ്രീ. സി. കേശവൻ: പൊതുജനങ്ങൾക്കു അറിയാവുന്നതുപോലെ ഗവമെന്റിനും ആ വിവരം അറിയാം.

ശ്രീ. അമ്പാട്ട ഈശ്വരമേനോൻ: ഓലക്കെട്ടിടമാണ് നല്ലതെന്നും അഭിപ്രായമില്ലേ?

ശ്രീ. സി. കേശവൻ: അങ്ങനെയും അഭിപ്രായമുണ്ട്.

## WAITING SHED

*588. [17] **Sri. Elias Mary Antony:** Will the Hon'ble Minister for Communications be pleased to state :—

(*a*) whether it is a fact that there is neither a time-keeper nor a waiting shed at Monday Market; and

(*b*) whether it is a fact that nearly fifty times a day State Transport buses going to various destinations touch Monday Market?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

**Sri. T. Kochukrishna Pillai:** Do the Government propose to construct any urinals especially for females?

**Sri. T. K. Narayana Pillai:** Yes, Government would certainly consider that proposal.

**Sri Elias Mary Antony:** Do the Government propose to have a waiting shed at Monday Market?

**Sri. T. K. Narayana Pillai:** This is included in the scheme. But I cannot say anything definite now.

**Sri. Elias Mary Antony:** What about the Time-keeper?

**Sr. T. K. Narayana Pillai:** Government are considering that also.

**Sri. P. S. Nataraja Pillai:** Has the Government got a priority list in this matter regarding important cities like Nagercoil?

**Sri. T. K. Narayana Pillai:** Yes. Government are acting on that principle.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்மென்டு serious ஆக நினைக்காமலிருக்கிற எந்தக்காரியமாவதுண்டா?

**Mr. Speaker:** That is a matter of opinion.

## PRIMARY SCHOOLS

*589. [18] **Sri. Elias Mary Antony:** Will the Hon'ble Minister for Education be pleased to state :—

(*a*) whether it is a fact that there are primary schools in the compulsory area where there are not even the required minimum number of teachers;

(*b*) whether it is a fact that this position was brought to the notice of the authorities; and

(c) if so what action was taken on the matter?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) & (c) These do not arise.

**Sri. Elias Mary Antony:** Sir, are we to understand that all schools have sufficient number of teachers?

**Sri. T. K. Narayana Pillai:** There are some vacancies in some schools and those vacancies are being filled up.

**Sri. D. Gnanasigamoni:** Are Government aware that Malayalam teachers are being appointed in Tamil schools and that they are still continuing that policy?

**Sri. T. K. Narayana Pillai:** Yes. Government are aware of the fact and action is being taken to remedy this state of affairs.

**Sri. Elias Mary Antony:** Are Government aware that there are only two teachers in a school where there are five classes ?

**Sri. T. K. Narayana Pillai:** I am not aware of it.

## TRANSFER OF TEACHERS

*590. [19] **Sri. Elias Mary Antony:** Will the Hon'ble Minister for Education be pleased to state whether the Assistant Inspectors of Schools who have intimate knowledge of the position of schools and teachers within their jurisdiction are free to effect transfer of teachers within their own jurisdiction ?

*Minister for Education, Civil Supplies and Labour* (**Sri. T. K. Narayana Pillai**): No, but transfers will be ordered on the basis of their recommendations.

**Sri. Elias Mary Antony:** Have they not the right to transfer ?

**Sri T. K. Narayana Pillai:** No.

ശ്രീ. മാന്നാർ ഗോപാലൻനായർ: അദ്ധ്യാപകന്മാർ നിശ്ചിതസ്ഥാനത്തിൽ അപേക്ഷ ബോധിപ്പിക്കണമെന്നു വല്ല നിയമവുമുണ്ടോ?

**Sri. T. K. Narayana Pillai:** I claim notice.

## സ്കൂൾഫീസ്

*൫൯൧. (൨൦) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൧൨൫ ജൂലായിമാസത്തെ സ്കൂൾഫീസ് പിരിക്കേണ്ടാ എന്നുള്ള ഉത്തരവ് ലംഘിച്ച സ്കൂളുകളുടെമേൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(ബി) വിടുതൽ സർട്ടിഫിക്കററ് കൊടുക്കുമ്പോൾ ആഗസ്ററ് മാസത്തെ ഫീസ് ജൂലായി മാസത്തിൽ മുൻകൂറായി വാങ്ങുന്നതിൽ വിരോധമില്ലെന്ന് നവമ്പർമാസത്തിൽ എൽ. ഡിസ്. ൩൧൦൮൦/൫൦-ാം നമ്പരായി ഒരുത്തരവ് ഡയറക്ടർ പുറപ്പെടുവിച്ചതിന്റെ ഉദ്ദേശമെന്താണ്;

(സി) ഉത്തരവു ആദരിച്ച് വിടുതൽ സർട്ടിഫിക്കററ് കൊടുത്തപ്പോൾ ഫീസു വാങ്ങാതിരിക്കയും, ഉത്തരവു ലംഘിച്ച സ്കൂളുകളിൽ നിന്നും വന്നവരെ ഫീസില്ലാതെ ചേർക്കുകയും ചെയ്തതുമൂലം നഷ്ടം അനുഭവിച്ചിട്ടുള്ള നിയമാനുസാരികളായ സ്കൂളുകളുടെ നഷ്ടം പരിഹരിക്കുന്നതിനു എന്തുചെയ്തിട്ടുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉത്തരവു ലംഘിച്ചതായി അറിവില്ല.

(ബി) ഒരു വിദ്യാർത്ഥി ഒരു സ്കൂളിൽ ജൂലായി മാസത്തിൽ ഒരു ദിവസമെങ്കിലും പഠിച്ചതിനുശേഷം വിടുതൽ സർട്ടിഫിക്കററു ആവശ്യപ്പെടുന്ന സമയം ആ മാസത്തെ ഫീസ് പിരിക്കുന്നതിൽ വിരോധമില്ല.

(സി) നഷ്ടം സംഭവിച്ചിട്ടുള്ളതായി ഗവമ്മെണ്ടിനു അറിവില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: ജൂലായി മാസത്തെ ഫീസു പിരിക്കേണ്ടെന്നു മുമ്പ് ഒരു ഉത്തരവുണ്ടായിരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു ഉത്തരവുണ്ടായിരുന്നതായി അറിവില്ല.

## പ്രൈവററ് സ്കൂളുകളിലെ ഗ്രാൻറ്

*ഇൻവ. (ഫ എ) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പുതിയ വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് ഫീസ് പിരിവിന്റെ അംശം അടയ്ക്കാത്ത കാരണത്തിന്മേൽ ഏതെങ്കിലും സെക്കൻററി സ്കൂളുകളോട് അനുബന്ധിച്ചുള്ള പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക ഗ്രാൻറ് തടഞ്ഞിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഉണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: അതിന്റെ ന്യായമെന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോട്ടീസ്സു കൂടാതെ, ന്യായം എന്താണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. ഏ. താണുപിള്ള: പ്രൈമറി സ്കൂളുകളിലെ ഗ്രാൻറ് തടഞ്ഞിട്ടുള്ളതിന്റെ കൂടിയ കാലയളവ് എത്രയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഫീസ്സുപിരിവിന്റെ ഒരംശവും അടയ്ക്കാത്ത എല്ലാ പ്രൈമറി സ്കൂളുകളിലെയും ഗ്രാൻറ നിഷേധിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാ സ്കൂളുകളിലെയും ഗ്രാൻറ നിഷേധിച്ചിട്ടുണ്ടോ എന്നു അറിഞ്ഞുകൂടാ. ചില സ്കൂളുകളിലെ ഗ്രാൻറ നിഷേധിച്ചിട്ടുള്ളതായി അറിയാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഏതെങ്കിലും സ്കൂളുകളിൽ പ്രത്യേകം ഗ്രാൻറ നിഷേധിക്കുന്നതിന് കാരണമെന്താണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ പ്രത്യേകപരിഗണന ഒരു സ്കൂളിനും കൊടുത്തിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അപ്രകാരം ഗ്രാൻറ് തടഞ്ഞിട്ടുള്ളതുകൊണ്ടു് ആ സ്കൂളുകളുടെ പ്രവർത്തനത്തിന് വിഷമം വരുന്നതാണെന്നുള്ള വസ്തുത ഗവൺമെണ്ടിന് തോന്നിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഗവൺമെണ്ടിനു തോന്നിയിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഇങ്ങനെ ഗ്രാൻറ് തടഞ്ഞിട്ടുള്ളതു് പ്രത്യേകമായി വല്ല സ്കൂളുകളോടും ഗവൺമെണ്ട് കാണിക്കുന്ന ഒരു നയമാണോ അതോ ഈ നയം പൊതുവെ അംഗീകരിക്കണമെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പൊതുവെ അംഗീകരിച്ചിരിക്കുന്ന ഒരു നയമാണ്.

ശ്രീ. സി. വി. ഇട്ട്യ: ഈ വ്യ 0 ശതമാനം ഫീസു പിരിവ് ഗവൺമെണ്ടിലേയ്ക്കടയ്ക്കാത്ത കാരണത്താൽ അതോടനുബന്ധിച്ചു നടത്തുന്ന പ്രൈമറി സ്കൂളുകളുടെ ഗ്രൻറ നിറുത്തിയതുമൂലം ആ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടാതെ ബുദ്ധിമുട്ടുന്നതായി ഗവൺമെണ്ടിനറിഞ്ഞുകൂടേ?

ശ്രീ. ടി. കെ. നാരായണപിള്ള: ബുദ്ധിമുട്ട് എല്ലാവർക്കും ഉണ്ടെന്നറിയാം.

ശ്രീ. സി. വി. ഇയ്യു: അങ്ങിനെയുള്ള സ്കൂളുകളുടെ ഗ്രാന്റ കൊടുക്കുവാൻ ഗവന്മെണ്ടിന് ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററി ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഏ. താണുപിള്ള: ഇങ്ങിനെ ഗ്രാന്റ് തടഞ്ഞിട്ടുള്ള എത്ര സ്കൂളുകൾ ഉണ്ടെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന് നോട്ടീസ് വേണം.

**Sri. Eappen Arakkal:** Is this meant as a penalty ?

**Sri. T. K. Narayana Pillai:** No, it is not meant as a penalty at all.

ശ്രീ. പി. കെ. ഡീവർ: പ്രൈമറി സ്കൂളുകളുടെ ഗ്രാന്റാണോ അതേ പ്രൈമറി ക്ലാസ്സുകളുടെ ഗ്രാന്റാണോ നിറുത്തിയിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രൈമറി ക്ലാസ്സുകളുടെ ഗ്രാന്റാണ് നിറുത്തിയിരിക്കുന്നത്.

ശ്രീ. ഇട്ടീര അമ്പുക്കൻ: പനമ്പിള്ളി സ്കീം എന്നു പറയുന്ന പുതിയ പദ്ധതി ഇപ്പോഴത്തെ ഗവന്മെണ്ട് തുടർന്നുകൊണ്ടുപോകാൻ ആലോചിക്കുന്നുണ്ടോ?

**Mr. Speaker:** It is a question of policy.

DENOMINATIONAL SCHOOLS

***593. [22] Sri. Paul Thaliat:** Will the Hon'ble Minister for Education, Civil Supplies and Labour be pleased to state.—

(*a*) whether denominational primary schools are still functioning in the State;

(*b*) if so the number of denominational schools now functioning;

(*c*) whether there are denominational schools working in the former Cochin area; and

(*d*) if the answer to (*a*) is in the affirmative, whether the Government intended to continue the same?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) 184.

(*c*) No.

(*d*) The question is under consideration.

ശ്രീ. പാൾ തളിയത്ത്: ഗവന്മെണ്ടിൽനിന്നും എന്നാണ് ഈ ഡിനാമിനേഷണൽ സ്കൂളുകൾ നിറുത്തണമെന്ന് പ്രസ്താവിച്ചിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പാൾ തളിയത്ത്: ഏകദേശം മൂന്നുകൊല്ലമായി എന്ന് ഞാൻ പറഞ്ഞാൽ ഗവന്മെണ്ട് അതു വിശ്വസിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു മെമ്പർ പറഞ്ഞതുകൊണ്ട് വിശ്വസിക്കാം.

BRIDGE BETWEEN VADUTHALA AND CHITTUR

***594 (23) Sri Paul Thaliat:** Will the Hon'ble Minister for Public Works and Communications be pleased to state:—

(*a*) whether the Government intended to take up and complete the bridge between Vaduthala and Chittur;

(*b*) when the work of this bridge was first started; and
(*c*) the stage at which it now stands?

**Chief Minister (Sri. C. Kesavan)**: (*a*) Yes.
(*b*) The work was started in February 1948.
(*c*) Pile driving has been completed. The remaining works have been given on contract for early completion.

ശ്രീ. പാൾ തളിയത്ത്: ഈ കാൺട്രാക്ട് എന്നാണ് കൊടുത്തതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: അതിനു നോട്ടീസു വേണം.

ശ്രീ. പാൾ തളിയത്ത്: ഈ വർഷത്തിൽ ഈ പാലത്തിൻെറ പണി പൂർത്തിയാകുമോ?

ശ്രീ. സി. കേശവൻ: കാൺട്രാക്ട് കൊടുത്തിരിക്കുന്ന സ്ഥിതിക്ക് പണി പൂർത്തിയാകുമെന്നാണു പ്രതീക്ഷിക്കുന്നതു്.

## TEXTILE STOCK

*595. [24] **Sri. Paul Thaliat**: Will the Hon'ble Minister for Education Civil Supplies and Labour be pleased to state :—
(*a*) whether the Government have freezed at any time in 1950 the entire textile stock in the State;
(*b*) if the answer to (*a*) is in the affirmative the reason for such order; and
(*c*) the dates on which the freezing was passed and revoked respectively?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):** No freezing was ever ordered. But with a view to ascertain the stock of textiles with the importers, a stock verification was conducted.
(*b*) & (*c*) Do not arise.

ശ്രീ. പാൾ തളിയത്ത്: ഫ്റീസ് ചെയ്യാതെ എങ്ങിനെയാണ് സ്റ്റാക്ക വെരിഫിക്കേഷൻ നടത്തിയതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അന്നു സ്റ്റാക്ക ഫ്റീസു ചെയ്യാതെയാണു വെരിഫിക്കേഷൻ നടത്തിയതു്.

**Sri. A. Chidambaranatha Nadar**: May I know whether the Government have issued instructions to the Textile Inspector, Trivandrum, to freeze the stock in Trivandrum?

**Sri. T. K. Narayana Pillai**: No such orders have been issued.

ശ്രീ. പാൾ തളിയത്ത്: അന്നു സ്റ്റാക്ക ഫ്റീസു ചെയ്യാതിരുന്നതിനു പ്രത്യേകമായി വല്ല കാരണങ്ങളും ഉണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള. മതിയായ കാരണങ്ങൾ ഉണ്ടായിരുന്നിരിക്കണം.

## പാലം

*൫൯൬. (൨൫) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കുന്നത്തുനാട്ടു താലൂക്കിൽ കോതകുളങ്ങര പകുതിയിൽ ഒരു പാലം വേണമെന്നു കാണിച്ചു വല്ല പരാതികളും കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രകാലമായി?

ചീഫ്മിനിസ്റ്റർ (ശ്രീ. കേശവൻ): ഉണ്ട്. രണ്ടു കൊല്ലത്തിൽ കൂടുതലായി.

ശ്രീ. എ. വി. ജോസഫ്: ആ പാലം എവിടെ പണിയണമെന്നാണു അപേക്ഷിച്ചിരിക്കുന്നതു്?

ശ്രീ. സി. കേശവൻ. അപേക്ഷയിൽ പറഞ്ഞിരിക്കുന്നതു് കോതകുളങ്ങര പകുതിയിൽ ഒരു പാലം പണിയിക്കണമെന്നാണു്.

ശ്രീ. എ. വി. ജോസഫ്: ആ അപേക്ഷ കിട്ടി രണ്ടു കൊല്ലക്കാലമായിട്ട് ഇതുവരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. സി. കേശവൻ: നടപടികൾ ഒന്നും എടുത്തിട്ടില്ല.

ശ്രീ. എ. വി. ജോസഫ്: അങ്ങിനെ നടപടികൾ സ്വീകരിക്കാതിരിക്കുന്നതിനു കാരണങ്ങൾ വല്ലതും ഉണ്ടോ?

ശ്രീ. സി. കേശവൻ: ആ പാലം പണിയുന്നതിനു ഉദ്ദേശം രണ്ടുലക്ഷം രൂപാ ചെലവുണ്ട്. തൽക്കാല പരിതസ്ഥിതികൾ അതിനു പര്യാപ്തവുമല്ല.

എം. എൽ. എ. മാർക്ക സൗജന്യം

* ഇൻ൭. (൨൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട മരാമത്തു വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ.—

(എ) ഈ ഗവമെന്റിന്റെ കീഴിലുള്ള ട്രാൻസ്പോർട്ടു ബസ്സുകളിലും തീവണ്ടികളിലും ഈ സംസ്ഥാനത്തെ എം. എൽ. എ. മാർക്കു ഫ്രീയായി സഞ്ചരിക്കുവാൻ വേണ്ടതു ചെയ്യണമെന്നു് ഗവമെന്റിലേക്കു വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനു എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല. ഈ ഗവമെന്റിൽനിന്നും ട്രെയിൻ സർവ്വീസു് യാതൊന്നും നടത്തുന്നില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. സി. വി. ഇയ്യു: ഈ എം. എൽ. എ. മാർ ഗവമെന്റാവശ്യത്തിനു വേണ്ടി വരുമ്പോൾ അവക്ക് യാത്രച്ചെലവും ബത്തയും മറ്റും കൊടുക്കാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: യാത്രച്ചെലവും മറ്റും ഇയ്യു അവർകൾ തന്നെ വാങ്ങിക്കുന്നുണ്ടല്ലോ.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஐ. ஜி. ஆப்பீஸில் எம். எல். ஏக்கள் கூடுகிறுர்கள், அவர்களது தொந்தரவு அதிகம் என்று பேப்பரில் வந்திருப்பதை இந்த சபையில் கொண்டுவரப்பட்டது. அப்படி எம். எல். ஏக்களின் தொந்தரவுகள் இருந்தால் அதைத் தடுக்க கவர்மென்று ஏதாவது நடவடிக்கை எடுக்குமா?

**Mr. Speaker:** That question is disallowed.

ശ്രീ. എം. ഐ. പാൾ: അങ്ങിനെ അപേക്ഷകൾ വന്നാൽ അവ ഗവമെന്റു നിഷേധിക്കാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ അപേക്ഷകൾ വന്നിട്ടില്ല.

ஸ்ரீ. எ. சிதம்பரநாத நாடார்: இந்த மாதிரி அபேக்ஷை எந்த எம். எல். எ யிடமிருந்து என்று சொல்லமுடியுமா?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ അപേക്ഷകൾ വന്നിട്ടില്ല.

## ട്രാൻസ്പോർട്ട് ബസ്സുകൾക്കു് ടാക്സു്

*൫൯൧. (൨൧) ശ്രീ. കോന്നനാത്തു് കുഞ്ഞുരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റേററു ട്രാൻസ്പോർട്ട് ബസ്സുകൾ പ്രൈവററു ബസ്സ് ഉടമകൾ അടയ്ക്കുന്ന പ്രകാരം സ്റ്റേററിനു ടാക്സ് കെട്ടുന്ന സമ്പ്രദായം ഉണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഉണ്ടു്.

## റയിൽവെ അഡ്വൈസറി ബോർഡു്

*൫൯൨. (൨൨) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ റയിൽവെ അഡ്വൈസറി ബോർഡു് മെംബറായി തിരഞ്ഞെടുത്ത ഡാക്ടർ മാധവൻ വല്ല മീററിംഗിലും ഇതുവരെ ഹാജരായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ യോഗത്തിൽ ഐക്യസംസ്ഥാനത്തിലേക്കു വേണ്ടുന്ന വല്ല ഉപദേശങ്ങളും കൊടുപ്പിക്കാൻ സന്ദർഭം ലഭിച്ചിട്ടുണ്ടോ;

(സി) കൊല്ലം, ആലപ്പുഴ വഴിയായോ, കോട്ടയം വഴിയായോ റയിൽവേ എറണാകുളം തിരുവനന്തപുരം കൂട്ടിയോജിപ്പിക്കുന്ന കാര്യം ഉപദേശകസമിതിയിൽ വരികയുണ്ടായോ?

(ഡി) ഉണ്ടായെങ്കിൽ എന്താണു തീരുമാനമുണ്ടായതു്?

ചീഫ്മിനിസ്റ്റർ (ശ്രീ സി. കേശവൻ):

(എ) ൩൦—൬—൧൯൫൦, ൩൦—൯—൧൯൫൦, ൨൩—൧൨—൧൯൫൦ ഈ തിയ്യതികളിൽ നടന്ന റെയിൽവെ അഡ്വൈസറി ബോർഡു് മീററിംഗുകളിൽ അദ്ദേഹം ഹാജരായിട്ടുണ്ടായിരുന്നു.

(ബി) ഉണ്ടു്.

(സി) ൩൦—൬—൧൯൫൦-ൽ കൊല്ലം-എറണാകുളം റെയിൽവെ കൂട്ടിയോജിപ്പിക്കുന്ന കാര്യം ബോർഡു മീററിംഗിൽ വരികയുണ്ടായി.

(ഡി) അതിന്റെ സർവ്വെ നടത്തുന്നതിനുവേണ്ട എസ്റ്റിമേററ് ഇൻഡ്യാ ഗവമ്മെൻറിനു് റയിൽവേക്കാർ അയച്ചിട്ടുണ്ടെന്നും അതു പാസായ ഉടനെ സർവ്വെ ആരംഭിക്കുന്നതാണെന്നും ബോർഡു ചെയർമാൻ കമ്മിററി അംഗങ്ങളെ അറിയിക്കുകയുണ്ടായി.

ശ്രീ ഇ പി. പൗലോസ്: സർവ്വെ നടത്തുന്നതിലേയ്ക്കു ഏതു വഴിയാണു സൗകര്യമെന്നു പ്രാരംഭാന്വേഷണങ്ങൾ നടത്തുന്നതിനായി ഒരുദ്യോഗസ്ഥൻ ഏതാനും മാസങ്ങൾക്കു മുമ്പു ഇവിടെ വന്നിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: വന്നിരുന്നു.

ശ്രീ. ഇ. പി. പൗലോസ്: ആ ഉദ്യോഗസ്ഥന് ഈ ഗവമ്മെൻറിൽനിന്നും വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറിൽനിന്നും യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: റെയിൽവേ ലൈൻ ഏതു വഴിയാണു പോകുന്നതെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു ഇൻഡ്യാ ഗവമ്മെൻറിൽനിന്നും റിപ്പോർട്ട് വന്നതിനു ശേഷമേ പറയാൻ നിവൃത്തിയുള്ളു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஏதாவது ஸ்கீம்கள், கம்மிட்டிகளில் மெம்பர்கள் எடுப்பது முதலியன இருந்தால், அவைகள் கொச்சிக்கும், வட திருவிதாங்கூருக்கும் மாத்திரந்தான். இதற்கு ஏதாவது பிரத்தியேகமான காரணங்களுண்டா?

ശ്രീ. സി. വി. ഇയ്യു: കന്യാകുമാരിവരെ റയിൽവേ ലൈൻ നീട്ടുന്നതിനെപ്പററി ഗവമ്മെൻറാലോചിക്കുവാൻ ദയവുണ്ടാകുമോ?

(No answer.)

## ബോണസ്

*൩൦൦. (വൺ) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് ജീവനക്കാർക്കു ബോണസ് കൊടുത്തുവരുന്ന പതിവുണ്ടോ? ഉണ്ടെങ്കിൽ എത്ര ശതമാനം?

(ബി) ജനകീയഭരണം ആരംഭിച്ചതിനു ശേഷം ഓരോ കൊല്ലവും കൊടുത്തിട്ടുള്ള ബോണസ്സിൻെറ തുകെത്തുക എത്ര?

(സി) കഴിഞ്ഞകൊല്ലത്തെ (൧൧൨൫) ബോണസ്സു കൊടുത്തോ; ഇല്ലെങ്കിൽ കൊടുക്കാത്തതിനുള്ള കാരണം എന്ത്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി:

(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്. നാൺപെൻഷനബിൾ ജീവനക്കാർക്ക് ബോണസ് കൊടുത്തുവരുന്നുണ്ട്. അററാദായത്തിൻെറ ഏഴരശതമാനം ഓരോരുത്തരുടേയും ശമ്പളത്തിൻെറ അടിസ്ഥാനത്തിൽ വീതിച്ചുകൊടുക്കും.

(ബി) ൧൧൨൫-ലെ ബോണസ് ൧,൩൧,൬൧൬ രൂപാ ൧൦ണ ആയിരുന്നു. ൧൧൨൪-ലെ ബോണസ് ൧,൬൫,൭൩൧ രൂ. ൧൦ണ.

(സി) ഇല്ല: കണക്കുകൾ ശരിപ്പെട്ടു വരുന്നതേ ഉള്ളു.

ശ്രീ. പി. കെ. കുമാരനാചാരി: ൧൧൨൬ കഴിഞ്ഞിട്ടു ആറേഴ് മാസമായിട്ടും കണക്കുകൾ ശരിപ്പെട്ടു വരുന്നതേ ഉള്ളു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആഡിററ നടക്കുന്നതേയുള്ളു. അതു കൊണ്ടാണു ഞാൻ പറഞ്ഞതു്.

ശ്രീ. പി. കെ. കുമാരനാചാരി: ഈ രാജ്യത്തെ മിക്കവ്യവസായസ്ഥാപനങ്ങളിലും ൧൧൨൬-ലെ ബോണസ് തൊഴിലാളികൾക്ക് കൊടുത്തിരിക്കുന്ന സ്ഥിതിക്ക് ട്രാൻസ്പോർട്ടിലെ തൊഴിലാളികൾക്കു മാത്രം ബോണസ് കൊടുക്കാതിരിക്കുന്നതു ശരിയാണോ?

**Mr. Speaker:** That has already been answered.

ശ്രീ. ഇട്ടീര അമ്പുക്കൻ: കണക്കുകൾ ആഡിററ ചെയ്തു തീരാതെ എങ്ങിനെയാണ് ലാഭം ബഡ്ജററിൽ കാണിച്ചിരിക്കുന്നത്.

ശ്രീ. ടി. കെ. നാരായണപിള്ള: ആഡിററ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വി. ജയ്യു: പ്രൈവററ ബസ്സുകൾക്ക് ചുമത്തുന്ന നികുതി ട്രാൻസ്പോർട്ട് ബസ്സുകൾക്കും ചുമത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. ഏ. താണുപിള്ള: ഈ കണക്കുകൾ എന്നു പരിശോധിച്ചു തീരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിൽ ചെയ്തു തീക്കുന്നതാണ്.

ശ്രീ. സി. വി. ജയ്യു: ട്രാൻസ്പോർട്ട് ബസ്സുകൾക്ക് ഇൻഡ്യാ ഗവമ്മെൻറ് ആദായനികുതി ചുമത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

## കണ്ടക്ടർമാർ

*൩൦൧. (൩൦) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ആകെയുള്ള കണ്ടക്ടർമാരും ഇൻസ്പെക്ടർമാരും എത്ര?

(ബി) ഓരോ ഇനത്തിലും വിശ്വകർമ്മസമുദായത്തിൽ പെട്ടവർ എത്രയുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) കണ്ടക്ടറന്മാർ ൭൧൦. ഇൻസ്പെക്ടറന്മാർ ൧൫൪

(ബി) വിശ്വകർമ്മസമുദായത്തിൽപെട്ട കണ്ടക്ടറന്മാർ ൧൨. ഇൻസ്പെക്ടറന്മാർ ഇല്ല.

ശ്രീ. പി. കെ. കുമാരനാചാരി: ഇത്രയും ഉദ്യോഗസ്ഥന്മാരുള്ളതിൽ വിശ്വകർമ്മസമുദായത്തിൽ നിന്നും ൧൨ കണ്ടക്ടറന്മാരെ മാത്രം നിയമിച്ചിട്ടുള്ളതു് സമുദായപ്രാതിനിധ്യം അനുസരിച്ചും ജനസംഖ്യാനുപാതികമായും ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിശ്വകർമ്മ സമുദായത്തിൽ എത്ര ജനസംഖ്യയുണ്ടെന്നും, ജനസംഖ്യാനുപാതികമായിട്ടു ഇത്രയും നിയമനങ്ങൾ നടത്തിയതു് ശരിയാണോ എന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതു് പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മുഖാന്തിരമാണ്.

ശ്രീ. പി. കെ. കുമാരനാചാരി: ൧൯൫൦-ൽ എത്ര കണ്ടക്ടറന്മാരേയും, ഇൻസ്പെക്ടറന്മാരേയും ഇപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു നോട്ടീസുവേണം.

ஸ்ரீ. எ. சிதம்பரநாத நாடார்: விஸ்வகர்மா சமுதாயத்தில் மூன்று லக்ஷத்திற்கும் கூடுதல் ஜனத்தொகையுண்டு என்பது மந்திரிக்குத் தெரியுமா?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിരിക്കാം.

ശ്രീ. യു. കെ. വാസുദേവനാചാരി: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ സമുദായപ്രാതിനിധ്യം അനുസരിച്ചല്ലേ നിയമനം നടത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു തത്വങ്ങൾ അനുസരിച്ചെല്ലാമാണു് നിയമനങ്ങൾ നടത്തുന്നതെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ യു. കെ. വാസുദേവനാചാരി: തത്വങ്ങൾ അനുസരിച്ചു് നിയമനങ്ങൾ നടത്തണമെന്നു ഗവമെൻറ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിർദ്ദേശങ്ങൾ ഒന്നും കൊടുത്തിട്ടില്ല

ശ്രീ ടി. വി. തേവൻ: ഏതടിസ്ഥാനത്തിലാണു് ഈ ചെക്കിംഗ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ അവരുടെ വ്യവസ്ഥകൾ അനുസരിച്ചു് സെലക്ഷൻ നടത്തുകയാണു് പതിവു്. ചിലപ്പോൾ പ്രമോഷൻ കൊടുക്കുന്നുമുണ്ടു്.

ശ്രീ. ടി. വി. തേവൻ: ചെക്കിംഗ് ഇൻസ്പെക്ടർ സ്ഥാനത്തേക്കു് പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ അവകാശത്തെ അവഗണിച്ചുകൊണ്ടു് മററു വല്ലവരേയും നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഉണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ ഗവമെണ്ടിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻ വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. എ. താണുപിള്ള: ഭരണഘടന നടപ്പിൽ വന്നതിനുശേഷം അതിലെ വ്യവസ്ഥകളനുസരിച്ചു് പബ്ളിക്ക് സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഭേദഗതി ചെയ്യുന്നതിനു വേണ്ട നടപടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. സി. പ്രസാദ്: റിസർവ്വ കണ്ടക്ടറന്മാർ ഇപ്പോൾ എത്രയുണ്ടെന്നു പറയുവാൻ കഴിയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അന്വേഷിച്ചു് പറയാം.

ശ്രീ. ഇട്ടീര അമ്പൂക്കൻ: പ്രാദേശിക പ്രാതിനിധ്യമില്ലെങ്കിലും പ്രാദേശിക മര്യാദയെ പരിഗണിച്ചു് കൊച്ചിക്കാർക്കു് കുറെപ്പേർക്കെങ്കിലും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗം കൊടുക്കുവാൻ ദയവുണ്ടാകുമോ?

**Mr. Speaker:** This is a suggestion for action. Next question.

സിമെൻറ റോഡു്

* ൩൦൨. (ന. ഫ) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ ബഡ്ജററുവർഷത്തിൽ ആകെ എത്ര മൈൽ ദൂരത്തിൽ സിമെൻറ റോഡു് ഉണ്ടാക്കിയിട്ടുണ്ടു്;

(ബി) അതിനു ആകെ ചിലവുചെയ്തിട്ടുള്ള തുകയെത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) എം. സി. റോഡിൽ ചെങ്ങന്നൂരിനും ഏററുമാനൂരിനും ഇടക്ക് ൧൨ മൈൽ ൩ ഫർലോംഗ് ദൂരം ഈ വർഷത്തിൽ സിമൻറിട്ടുകഴിഞ്ഞു.

(ബി) ൧൧൨൬ ജനവരി അവസാനംവരെ ൪,൩൭,൭൭൮ രൂപ ചിലവായി.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഈ റോഡുപണിക്കും മററു ഗവമ്മെണ്ടു പണികൾക്കും ഉപയോഗിക്കുന്ന സിമൻറ് ട്രാവൻകൂർ സിമൻറ്സിൽ ഉണ്ടാക്കുന്നതാണോ?

ശ്രീ. സി. കേശവൻ: മിക്കവാറും അതാണ്. ചിലപ്പോൾ തികയാത്തതു പുറത്തുനിന്നും വരുത്തുന്നുമുണ്ട്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ട്രാവൻകൂർ സിമൻറ്സിന്റെ സിമൻറു ചിലവാകുന്നതിനുവേണ്ടി പുറത്തുനിന്നും സിമൻറ് ......

**Mr. Speaker:** That question is not relevant.

ശ്രീ. ഇട്ടീര അമ്പൂക്കൻ: എന്റെ ചോദ്യംതന്നെ ഞാൻ മുഴുവനാക്കിയില്ലല്ലോ. അതിനിടയ്ക്കു ഈ ചോദ്യം അനുവദിക്കത്തക്കതല്ലെന്നു തീരുമാനിക്കുന്നതെങ്ങിനെ?

ശ്രീ. മാന്നാർ ഗോപാലൻനായർ: കൊല്ലം—ആലപ്പുഴ റോഡിൽ എതെങ്കിലും ഭാഗം സിമൻറു ചെയ്യുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ ചെയ്യുന്നില്ല. ആ റോഡു നാഷനൽ ഹൈവേസിന്റെ ഭാഗമായതുകൊണ്ട് ഈ ഗവമ്മെണ്ട് അതു സിമൻറുചെയ്യുന്നമെന്നു ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഇ. പി. പൗലോസ്: എം. സി. റോഡ് സിമൻറു ചെയ്യുമ്പോൾ അതു കടന്നുപോകുന്ന പട്ടണങ്ങളിൽ ട്രാഫിക്ക് അധികമുള്ള ഭാഗങ്ങളിൽകൂടി സിമൻറു ചെയ്യുന്നതിനു ഏർപ്പാടു ചെയ്യുമോ?

ശ്രീ. സി. കേശവൻ: എം. സി. റോഡ് കടന്നുപോകുന്ന പട്ടണങ്ങളിലും സിമൻറു ചെയ്യുന്നുണ്ട്.

ശ്രീ. ഇ. പി. പൗലോസ്: ഞാൻ പറയുന്നതു അതല്ല. ഇപ്പോൾ സിമൻറുചെയ്യുന്നതു് എം. സി. റോഡിൽ മാത്രമാണ്. അതു കടന്നു പോകുന്ന പട്ടണങ്ങളിൽ ആ റോഡുമാത്രം സിമൻറു ചെയ്യുകയും ബാക്കി ഗതാഗതം അധികമുള്ള മററു റോഡുകൾ ഒന്നും സിമൻറു ചെയ്യാതിരിക്കയുമാണ് ഇപ്പോൾ കണ്ടുവരുന്നതു്. അതു മാററിയിട്ട് എം. സി. റോഡു സിമൻറു ചെയ്യുന്നതോടൊപ്പം അതു കടന്നുപോകുന്ന പട്ടണങ്ങളിലെ ട്രാഫിക്ക് അധികമുള്ള മററു റോഡുകൾ കൂടി സിമൻറു ചെയ്യുന്നതിനു ഗവമ്മെണ്ടു ശ്രദ്ധിക്കുമോ എന്നാണ് ചോദ്യം?

**Mr. Speaker:** No argument is allowed. Questions may be asked for eliciting facts.

**Sri. Eapen Arakkal:** Do the Government contemplate any general scheme either for tarring or cementing the Main Central Road of Travancore-Cochin?

**Sri. C. Kesavan:** Yes, that is the policy of this Government.

**Sri. Eapen Arakkal:** Then may I know, in what time will that scheme be finished?

**Sri. C. Kesavan:** In 5, 10 or 20 years.

ശ്രീ. ടി. വി. ഇട്ടു: കൊച്ചിയിലെ റോഡുകൾ എപ്പോഴാണ് കാൺക്രീററുചെയ്യുവാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. സി. കേശവൻ: കൊച്ചിയിലും ധാരാളം കാൺക്രീററ ചെയ്തിട്ടുണ്ട്. തൃശ്ശൂർ പട്ടണം മുഴുവൻ കാൺക്രീററ ചെയ്തിട്ടുണ്ട്. കൂടാതെ അന്തിക്കാടു മുതൽ തൃശ്ശൂർവരെയുള്ള റോഡു ടാർചെയ്യുന്നുണ്ട്.

ശ്രീ. എം. ഐ. പാറം: ഈ പണികളെല്ലാം ഇൻറഗ്രേഷനു മുമ്പു നടന്നതല്ലേ: ഇൻറഗ്രേഷനുശേഷം വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇൻറഗ്രേഷനു ശേഷംതന്നെ തൃശ്ശൂർ പട്ടണത്തിൽ സിമൻറു ചെയ്തിട്ടുണ്ട്. അന്തിക്കാടിനും തൃശ്ശൂരിനും ഇടയ്ക്കുള്ള റോഡ് ഇപ്പോഴും ടാർ ചെയ്യുന്നുമുണ്ട്.

ശ്രീ. എം. ഐ. പാറം: ഇൻറഗ്രേഷനുമുമ്പു ബഡ്ജററിൽ കൊള്ളിച്ചിരുന്ന പണംകൊണ്ടല്ലേ ഈ പണികളെല്ലാം നടത്തിയതു്?

ശ്രീ. സി. കേശവൻ: അതു നിശ്ചയമില്ല.

ശ്രീ. എം. ഐ. പാറം: ഇൻറഗ്രേഷനുശേഷം കൊച്ചിയിൽ കാൺക്രീററ പണികൾ വല്ലതും നടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: നടന്നിട്ടുണ്ട്, നടക്കുന്നുമുണ്ട്.

*ஸ்ரீ. ஏ. சிதம்பரநாத நாடார்: குன்னங்குளம், மாளா, இந்த நியோஜக மண்டலங்களிலுள்ள ரோடுகளில் மாத்திரம் இந்தத் தடவை கான்கிரீட் செய்யவில்லை என்று சொல்வதில் உண்மை உண்டா என்று கேட்கிறேன்?*

**Mr. Speaker:** That question does not arise.

ശ്രീ. എം. ഐ. പാറം: ഇൻറഗ്രേഷനു മുമ്പു തുടങ്ങിയ പണികൾ തന്നെ അതു നിന്നസ്ഥലത്തു നിറുത്തിയിരിക്കുകയാണെന്നും പുതുതായി യാതൊരു കാൺക്രീററപണിയും ആരംഭിച്ചിട്ടില്ലെന്നും ഗവമ്മെണ്ടിനു അറിയാമോ?

ശ്രീ. സി. കേശവൻ: ഇരിങ്ങാലക്കുടയും തൃശ്ശൂരും ഇൻറഗ്രേഷനുശേഷം കാൺക്രീററ റോഡു ഉണ്ടാക്കിയിട്ടുണ്ട്. മററു പല സ്ഥലങ്ങളിലും പൊടിശല്യമില്ലാത്ത ടാർറോഡുകൾ ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എം. ഐ. പാറം: കൊച്ചിയിൽ ചെയ്തിട്ടുള്ള ഈ പണികൾ എല്ലാം ഇൻറഗ്രേഷനുമുമ്പു കൊച്ചിയിലെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള പണം കൊണ്ടാണ് ചെയ്തതെന്നു ഗവമ്മെണ്ടിനറിയാമോ?

**Mr. Speaker:** Answers to questions cannot be subjected to a discussion. Elucidation of faulty or incomplete answers may be sought for by means of supplementary questions.

ശ്രീ. എം. ഐ. പാറം: ഇതെനിക്കു നല്ലപോലെ ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാൻ ചോദിക്കുന്നതു്.

**Mr. Speaker:** The hon'ble Member's information may be correct. The member may be better informed on this matter than the Hon'ble Ministers. But questions are meant for gathering information from the Ministers and not for imparting information to them.

ശ്രീ. എം. ഐ. പാറം: തൃശ്ശൂരിൽ നടത്തിയ കാൺക്രീററപണി ഇൻറഗ്രേഷനു മുമ്പാണോ പിമ്പാണോ?

ശ്രീ. സി. കേശവൻ: പല ഭാഗങ്ങളിലും പണി നടത്തിയതും പണം കൊടുത്തതും ഇൻറഗ്രേഷനു ശേഷമാണ്.

ശ്രീ. എം. ഐ. പാറം: ഇൻറഗ്രേഷനു മുമ്പുതന്നെ അവിടെ പണി ആരംഭിക്കുകയും പണം കൊടുക്കുകയും ചെയ്തിട്ടില്ലേ?

**Mr. Speaker:** I may again bring to the notice of the hon'ble Members that supplementary questions are not meant for supplying information to the Ministers.

കുഴൽകിണറുകൾ

* ൫൦൩. (൩൨) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്. താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ജനങ്ങളുടെ ആവർത്തിച്ചാവർത്തിച്ചുള്ള നിവേദനത്തിന്റെ ഫലമായി കരുനാഗപ്പള്ളിയിൽ അഴീക്കൽ എന്ന തീരപ്രദേശത്തു് ഉടനടി ഒരു കുഴൽകിണർ സ്ഥാപിക്കുന്നതാണെന്നു് അധികൃതർ പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ അതിന്റെ ശ്രമം ആരംഭിച്ചിട്ടില്ലെന്നു ഗവൺമെണ്ടിനറിയാമോ;

(ബി) അതിലേക്കുള്ള ജോലി എന്നാരംഭിക്കുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അറിയാം.

(ബി) ഈ സ്ഥലത്തിനടുത്ത ആയിരംതെങ്ങിലും വള്ളിക്കാവിലും കുഴൽകിണറുകളുള്ളപ്പോൾ ഇവിടെ ഒരു കുഴൽകിണർ ശരിക്കു് പ്രവർത്തിക്കുമോ എന്ന കാര്യത്തെപ്പററി ആലോചിക്കേണ്ടതായിട്ടുണ്ടു്. കുഴൽകിണറുകൾ ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ഒന്നു് മററൊന്നിൽ നിന്നും ചുരുങ്ങിയതു് ൪ മൈൽ ദൂരത്തായിരിക്കണമെന്നു് ചീഫ് ഇഞ്ചിനീയർ അഭിപ്രായപ്പെടുന്നു. ഇതിനെപ്പററി ആലോചിച്ചശേഷം പ്രാദേശിക കമ്മിററിയുടെ അഭിപ്രായം അറിഞ്ഞു് സ്ഥലം നിർണ്ണയിച്ചശേഷം മാത്രമേ ജോലി ആരംഭിക്കുവാൻ നിർവാഹമുള്ളു.

ശ്രീ. എം. ഐ. പാഠം: കുഴൽകിണറുകൾ വേറെ എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ?

**Sri. C. Kesavan:** That does not arise.

ശ്രീ. എം. ഐ. പാഠം: കൊച്ചി വിഭാഗത്തു കുഴൽകിണറുകൾ വല്ലതും തുടങ്ങിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. എം. ഐ. പാഠം: നായരമ്പലത്തു ഒരു കുഴൽകിണർ തുടങ്ങിയിട്ടുണ്ടെന്നു ഗവൺമെണ്ടിനു അറിയാമോ?

ശ്രീ. സി. കേശവൻ: തുടങ്ങിയിട്ടുണ്ടായിരിക്കാം.

ശ്രീ. എം. ഐ. പാഠം: അതിപ്പോൾ ഏതു രൂപത്തിലിരിക്കുന്നു എന്നു പറയാമോ?

*Sri. P. Balakrishnan Tampi stood up in order to catch the eye of the Speaker.*

**Mr. Speaker:** Yes, Mr. Tampi.

**Sri. P. Balakrishnan Tampi:** Sir, I feel I cannot stand an assault on my nerves. The noise and excitement evinced by some hon'ble Members give me that impression.

ശ്രീ. എം. ഐ. പാഠം: ഗവൺമെണ്ടിൽനിന്നും അതിലേക്കുവേണ്ടി ധാരാളം പണം ചെലവാക്കി കഴിഞ്ഞിട്ടുണ്ടെന്നും അതിനുശേഷം ഇപ്പോൾ യാതൊരു പണിയും നടത്താതെ ഇട്ടിരിക്കയാണെന്നും അറിയാമോ?

**Mr. Speaker:** The hon'ble Member will try to modulate his voice so as to serve his purpose by making himself heard in every part of the House without at the same time causing annoyance to the other members by unduly raising the pitch of his voice.

ശ്രീ. എം. ഐ. പാറം: അതിന്റെ പണി വീണ്ടും തുടങ്ങാൻ ആലോചനയുണ്ടോ?

**Mr. Speaker:** The member will please try to take advantage of the suggestion from the Chair regarding the desirabilty of modulating his voice.

പാണ്ടിക്കടി-ചെല്ലാനം റോഡ്

*൩൦൮. (നന) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാണ്ടിക്കടി-ചെല്ലാനം റോഡ് ഏതു കൊല്ലത്തിലാണ് ആരംഭിച്ചതു്;

(ബി) പ്രസ്തുത പണിയുടെ പൂർത്തീകരണത്തിനു് എന്തു സംഖ്യയാണ് എസ്റ്റിമേററു ചെയ്തിട്ടുള്ളതു്;

(സി) ഇതുവരെ എത്ര സംഖ്യ ചിലവാക്കി;

(ഡി) എന്നാത്തേക്കു് ഈ പണി പൂർത്തിയാകുമെന്നാണു് ഉദ്ദേശിക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൧൨൫-ൽ ലാൻറു അക്വിസിഷൻ നടപടികൾ ആരംഭിച്ചു.

(ബി) ഈ പണി പൂർത്തിയാക്കാൻ ഏകദേശം ഒൻപതു ലക്ഷം രൂപ വേണ്ടിവരുമെന്നു് എസ്റ്റിമേററു ചെയ്തിരിക്കുന്നു.

(സി) ൧,൭൯,൨൩൭ രൂ. ൦൭ ണ. ൭ പൈസ.

(ഡി) ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല. ഈയാണ്ടിൽതന്നെ പണി ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈയാണ്ടിൽ ഈ പണിക്കായി എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ഇതുവരെ ചെലവാക്കിയ സംഖ്യയാണു് ഞാനിപ്പോൾ പറഞ്ഞതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇക്കൊല്ലത്തെ ബഡ്ജററിൽ ഈ പണിക്കു വേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. സി. കേശവൻ: അതിലേക്കായി തുക നീക്കിവച്ചിട്ടില്ല. ഡൈവട്ട് ചെയ്താണു് ഈ പണിക്കുവേണ്ടി തുക ചെലവാക്കുന്നതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അങ്ങിനെ എന്തു തുകയാണു് ഇതിലേക്കു ഡൈവട്ട്ചെയ്യാൻ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: അതിപ്പോൾ പറയാൻ സാദ്ധ്യമല്ല. ഡൈവട്ട് ചെയ്താണു് ഇത്രയും തുക ചെലവാക്കിയിട്ടുള്ളതു്.

ശ്രീ. സി. വി. ഇയ്യു: ഈ റോഡിന്റെ വശങ്ങളിൽ ഇപ്പോൾ നില്ക്കുന്നതും ഇനി ഉണ്ടാകുന്നതുമായ സകല തെങ്ങുവൃക്ഷങ്ങളും ചെത്തു് ആ ഭാഗത്തെ കാൺഗ്രസ്സുകാർമാത്രംചേർന്നു ഉണ്ടാക്കിയിട്ടുള്ള ഒരു സഹകരണസംഘത്തിനു് വിട്ടുകൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതു നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. എ. താണുപിള്ള: ഒൻപതര ലക്ഷം രൂപ എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത് എത്ര മൈൽ റോഡിനാണ്?

ശ്രീ. സി. കേശവൻ: അതിനും ഉത്തരം പറയാൻ നോട്ടീസു വേണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: കഴിഞ്ഞകൊല്ലം എത്ര മൈൽ റോഡു വെട്ടിയിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. സി. കേശവൻ: കൂടുതൽ കണക്കുകളൊന്നും ഇപ്പോൾ എന്റെ കൈവശമില്ല. എന്റെ കയ്യിൽ ഞാനിപ്പോൾ പറഞ്ഞ കണക്കുകൾ മാത്രമേ ഉള്ളു.

## മെമ്മോറാണ്ഡം

*൩൦൬. (നർ)† സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിഗവർമ്മെണ്ട് എഞ്ചിനിയറിംഗ് സബോർഡിനേററ് അസോസിയേഷനിൽനിന്ന് ൧൯൫൦ ഡിസംബറിൽ ഗവർമ്മെണ്ടിലേക്ക് ഒരു മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു ദയവായി പറയാമോ;

(സി) മെമ്മോറാണ്ഡത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) അതു ഗവർമ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(സി) കൊച്ചിയിലെ ചില സൂപ്രവൈസറന്മാർക്ക് തക്കതായ യോഗ്യതയില്ലെന്ന വാദത്തെ ആസ്പദമാക്കി അവരെ റിവർട്ട് ചെയ്യരുതെന്നും മററുമാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்தக் கேள்வி கேட்ட எம். எல். ஏ. அவர்கள் முன்பு பி. டப்ளியூ. டியில் சம்பந்தப்பட்டவரும், பலவிதமான கன்ட்ராக்டுகள் இருந்ததினால் தான் இந்தக் கேள்வி கேட்டிருக்கிறார்களா என்று தெரிய விரும்புகிறேன்.

**Mr. Speaker:** That question is disallowed.

## Written Answers

### പാലംപണി

*൩൦൩. (നം) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിയാർപുഴയിൽ പാലം പണിയുന്ന കാര്യം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും പണി എപ്പോൾ ആരംഭിക്കുമെന്നും ദയവായി പറയാമോ;

† This question was put by Sri. A. M. Thomas, the questioner being absent.

(ബി) ഇതിനുവേണ്ടതായ മുഴുവൻ ചെലവും സെൻട്രൽ ഗവമെന്റിൽനിന്നും ചെയ്യുമോ എന്നും ഈ ഗവമെന്റിൽനിന്നും ഏതെങ്കിലും തുക ഇതുവരെ ചെലവു വന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും ദയവായി പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ചർച്ചകൾ നടക്കുന്നതേയുള്ളു.

(ബി) ഇതിനുള്ള ചെലവു മുഴുവനും സെൻട്രൽ ഗവമെണ്ട് ചെയ്യുന്നതാണ്. ഈ ഗവമെണ്ടിൽനിന്നും ഇതുവരെ ഗണ്യമായ ഒരു തുകയും ചിലവായിട്ടില്ല.

## LEASING OF FOREST LANDS

*607. [36] **Sri. Eappen Arakal:** Will the Hon'ble Minister for Education be pleased to state:—

(*a*) the total extent of forest land leased or otherwise made available for cultivation to private individuals in connection with the Grow More Food Campaign;

(*b*) has useful timber been cut or destroyed by the leasing out of these forest lands; and

(*c*) do the Government propose to lease out forest lands for cultivation to private persons in future?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) 36,000 acres.

(*b*) The saleable timber from the areas leased out have been extracted departmentally. No destruction of timber has occurred except in stray cases for which action has been taken against lessees as per rules.

(*c*) All available forest lands fit for cultivation, with due regard to forest conservancy, are proposed to be leased out.

## ROAD FROM CHERAI JETTY

*608. [39] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications be pleased to state.—

whether the Government have taken any action for putting up a road from the Cherai Jetty to meet the Vypeen—Pallipuram road, if so, what action?

*Chief Minister* **(Sri. C. Kesavan):**

Government considered the question of opening this road but decided to postpone the work till the completion of the Vypeen—Pallipuram Road.

## QUILON—ERNAKULAM RAILWAY

*609. [40] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications be pleased to state how far the steps for the opening of railway lines from Quilon to Ernakulam have progressed and when it will be completed?

*Chief Minister* **(Sri. C. Kesavan):**

A survey of the proposed Quilon-Ernakulam Railway is being conducted. It is not possible to say now when the work of the line will be taken up and when it will be completed.

## എറണാകുളം കായലോരം നികത്തുപണി

*൬൧൦. (൪൧) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എറണാകുളം കായലോരം നികത്തുപണി എന്തു നിലയിൽ ഇരിക്കുന്നു;

(ബി) പ്രസ്തുത നികത്തുപണിക്കുവേണ്ടി നാളിതുവരെ ചിലവായിട്ടുള്ള സംഖ്യ എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ:

(എ) നികത്തുപണി പൂർത്തിയായി.

(ബി) ഇതുവരെയ്ക്കും രൂ ൧ ൧൩,൩൩൭. ൮ ചക്രം. ൧൦ കാശ്. ചിലവായിട്ടുണ്ട്.

## SITE FOR LIBRARY

***611.** [42] **Sri. Sree V. Das:** Will the Hon'ble Minister for Education be pleased to state.—

(*a*) have the members of the Managing Committee of the Abdul Gaffarkhan Reading Room, viz., Messrs. N. A. Sundaran Pillai, S. Velayudhaperumal Pillai and N. S. Draviam, presented to Government a petition requesting them to assign by registry a cent of land comprised in S. No. 1898/274 situated in Vadasseri pakuthy for the construction of a Reading Room and Library at Ozhuganasseri in Nagercoil; if so, when ;

(*b*) what action has been taken on the petition?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) Yes; on 10th October 1950.

(*b*) The petitioners were informed that the land applied for cannot be granted as the land is required for widening and improving the Road junction where the Ozhuganassery Police Station Road and the Trivandrum-Aramboly Road meet.

## ജീവഹാനിക്കുള്ള ശ്രമം

*൬൧൨. (൪൪) സാഹിബ് ബഹദൂർ വി. ചെലാടി റാവുത്തർ; താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

എറണാകുളം "ഡെപ്യൂട്ടി സിവിൽ സപ്ലൈസ് കമ്മിഷണർ" കറപ്പും എണ്ണയും കൂടി കഴിച്ച് ജീവഹാനിവരുത്തുവാൻ ശ്രമിച്ചതായി വല്ല കേസ്സും ഉത്ഭവിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള:

എറണാകുളം ഡെപ്യൂട്ടി സിവിൽസപ്ലൈസ് കമ്മിഷണരുടെ ചാർജ്ജു വഹിച്ചിരുന്നതായ പേഴ്സനൽ അസിസ്റ്റണ്ട് ശ്രീ. എ. ആർ. രാമൻ ആത്മഹത്യ ചെയ്യുവാൻ ശ്രമിച്ചതായി ഒരു കേസ്സ് ഉത്ഭവിച്ചിട്ടുണ്ടായിരുന്നു.

## ഡെപ്യൂട്ടേഷൻ

*൬൧൩. (൪൩) സാഹിബ് ബഹദൂർ വി. ചെലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിവിഷനിൽപെട്ട ഫാറസ്റ്റ് എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ ഒരു പെററീഷൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ അവർ ആവശ്യപ്പെട്ടിട്ടുള്ള സംഗതികൾ ഏവ;

(സി) അതിനെ സംബന്ധിച്ച് എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഗവമ്മെണ്ടുത്തരവിനെ പുനഃപരിശോധനചെയ്യുക, ശമ്പളക്കൂടുതൽ നൽകുക മുതലായ ചില സംഗതികൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുകയാണ്.

## COMPLAINTS FROM PRESS WORKERS

***614.** [50] **Sri. M. I. Paul:** Will the Government be pleased to state.—

Whether the Government have received complaints from the workers of the Government Press of the Cochin District; if so, when and in respect of what matters and what action has been taken on these complaints?

*Chief Minister* **(Sri. C. Kesavan):**

In November 1949 complaints in regard to change of working hours, enhancement of pay, revision of schedules for valuation, certain concessions in the payment of overtime allowance, bonus, grant of leave, pension, promotion, transfer between the Ernakulam and Trivandrum Presses, appointment of additional workers and the opening of a centre at Ernakulam for holding technical examinations in Printing, have been received from the workers of the Government Press at Ernakulam. Government have passed orders that the above questions will be considered after the integration of the services of the two Government Presses is finalised and the suggestions of the expert from the Associated Printers, Madras, who visited the Government Presses recently are received. The integration of the services of the two Presses has not yet been finalised. The suggestions of the expert have been received and are now being examined. Sanction has been since given for the creation of a Centre at Ernakulam for technical examinations in Printing.

## HINDI TEACHERS IN S. L. B. HIGH SCHOOL

***615.** [51] **Sri. Sree V. Das:** Will the Hon'ble Minister for Education be pleased to answer the following questions.—

(*a*) how many Hindi Teachers are there in the S. L. B. High School, Nagercoil;

(*b*) (*i*) how many of them possess certificates qualifying them for Tamil;

(*ii*) how many of them possess certificates qualifying them for Malayalam alone;

(*c*) what is the number of boys and girls in the S. L. B. High School whose medium of instruction is Tamil;

(*d*) what is the number of boys and girls in Malayalam;

(*e*) have petitions been received by Government requesting them to appoint Hindi Teachers qualified in Tamil as Teachers for the boys and girls taught in Tamil;

(*f*) what steps have been taken by Government in the matter?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) Three.

(*b*) (*i*) None holding certificates.

(*ii*) But they are quite competent to teach through the medium of Tamil.

(c) 1057.

(*d*) 385.

(*e*) Yes.

(*f*) Necessary instruction has been issued to the School to see that Hindi is taught to the Tamil pupils through the medium of their mother tongue.

## PRIVILEGE AND SICK LEAVE OF TEACHERS

***616.** [52] **Sri. K. A. Mathew:** Will the Hon'ble Minister for Education be pleased to state.—

(*a*) whether it is a fact that by a recent order, the privilege leave hitherto enjoyed by the Private School teachers in the State has been reduced to 15 days in an year, and sick leave they were entitled to completely done away with; and

(*b*) if so, the reason for these changes?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) To secure uniformity in all the private schools in accordance with the new scheme.

## കുറഞ്ഞ ശമ്പളക്കാർ

*൬൧൭. (൫൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാന ഗവൺമെണ്ടിലുള്ള മാസശമ്പളക്കാരുടെ അടിസ്ഥാന ശമ്പളം ൨൦ രൂപയും ഡിയർനസ് അലവൻസ് ൨൦ രൂപയുമായി വർദ്ധിപ്പിച്ചിട്ടും ഇതിലും കുറഞ്ഞ ശമ്പളക്കാർ പി. ഡബ്ളിയു. ഡി. യിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പി. ഡബ്ളിയു. ഡി. വർക്ക് എസ്റ്റാബ്ളിഷ്മെണ്ടിൽ ഉണ്ട്.

(ബി) അടിസ്ഥാനശമ്പളം ൨൦ രൂപയായി വർദ്ധിപ്പിച്ച ഗവൺമെണ്ട് ഉത്തരവ് വർക്ക് എസ്റ്റാബ്ളിഷ്മെണ്ടുകാർക്ക് ബാധകമാക്കിയിട്ടില്ല. എങ്കിലും ഇവരുടെയും ശമ്പളത്തോത് ൨൦ രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെണ്ടിന്റെ പരിഗണനയിലിരിക്കുന്നു.

## PUBLIC WORKS DEPARTMENT

***618.** [54] **Sri. N. P. Verghese:** Will the Hon'ble Minister for Public Works be pleased to state.—

(*a*) has the integration of the service personnel of the P.W.D. of Cochin and Travancore been effected;

(*b*) are Government in receipt of a memorandum from the P.W.D. Officers of the erstwhile Travancore State complaining that the present integration proposals are detrimental to their interests;

(*c*) how many Executive Engineers' posts, and Sub-Division Officers' posts and Section Officers' posts of the erstwhile Travancore P. W. D. are kept temporary;

(*d*) will the officers acting in those temporary posts be confirmed with retrospective effect from the date of the creation of those posts;

(*e*) will seniority be considered on the basis of the length of service?

*Chief Minister* **(Sri. C. Kesavan):**

(*a*) No.

(*b*) Yes.

(*c*) There are 2 temporary posts of Executive Engineers, 7 temporary posts of Sub-Division Officers and 34 temporary posts of Section Officers in the erstwhile Travancore P.W.D.

(*d*) That can be considered only when the posts are made permanent. Ordinarily they cannot get confirmation with retrospective effect.

(*e*) The criterion accepted for deciding relative seniority is date of commencement of continuous service in the same or similar class or cadre of posts.

### RESIGNATION OF THE VICE-CHANCELLOR

*619. [55] **Sri. N. P. Verghese:** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Vice-Chancellor Mr. Nandan Menon resigned his post;

(*b*) if so, the reasons for his resignation;

(*c*) who is in-charge of the Vice-Chancellor's duties now?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Government have not been informed of the reasons.

(*c*) Sri. P. R. Parameswara Panikkar, Registrar.

### EDUCATION

*620. [56] **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government have drawn up a scheme for the spread of basic education in the State and if so what amount has been allotted for the same for the year 1951-1952;

(*b*) whether the Government will be prepared to train more teachers in the existing centres in the next April and May;

(*c*) the number of teachers trained for imparting basic education and how they are going to be utilised; and

(*d*) whether the Government intends to give better salary to the teachers trained in basic education?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) The question is under the consideration of the Government.

(*b*) No. There is no scheme for training for 2 months. At present a course for 90 working days has been adopted for the Basic Training School, Cherpu.

(*c*) 57 teachers are being trained. Their services are proposed to be utilised when Basic Schools are opened.

(*d*) Government will consider this.

### BASIC EDUCATION

*621. [57] **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Education be pleased to state.—

(*a*) the number of centres in this State where training in basic education is given and whether they are all sponsored by Government or by private agencies; and

(*b*) the number of basic schools run by private agencies and the nature of aid, if any, given to them by Government?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) One centre. It is sponsored by Government.

(*b*) Four. Two of them are getting grants from Government at the rate of Rs. 30+20 per teacher. The other two are unaided.

**RAILWAY**

***622.** [58] **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the preliminary survey has been completed by the Government of India for extending the railway line from Ernakulam to the Shencottah-Trivandrum line and if so the route fixed upon for the same; and

(*b*) whether the proposed line is a broad gauge one?

*Chief Minister* **(Sri. C. Kesavan):**

(*a*) The survey of the proposed Quilon-Ernakulam Railway has not yet been finished; the alignment of the line can be known only after the survey is completed.

(*b*) The Government of India have not yet decided whether the line should be a broad gauge or meter gauge one.

നെയ്യാർ അണ

*൬൨൩. (൬൦) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

നെയ്യാർ ഡാം പദ്ധതി എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും കഴിഞ്ഞ അസംബ്ളി സമ്മേളനത്തിനു ശേഷം ഇതിന്റെ പുരോഗമനത്തിനു എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടെന്നും പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): നെയ്യാർ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നു. അണകെട്ടുന്നതിനും തോടുകൾ വെട്ടുന്നതിനുമുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. പദ്ധതിക്കു ആവശ്യമായ എസ്റ്റിമേററ് തയ്യാർ ചെയ്തുകൊണ്ടിരിക്കുന്നു.

**SEVENTY-FEET ROAD IN ERNAKULAM**

***624.** [63] **Sri. N. V. Chacko:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether Government have started work to tar or coat or otherwise deal with the surface of the 70′ road in Ernakulam;

(*b*) how long it would take to coat the whole length of the 70′ road;

(*c*) what would it cost?

(*d*) what is the total length of the 70′ road.

*Chief Minister* **(Sri. C. Kesavan):**

(*a*) Yes. The work of bitumen semi-grouting the I Section of the road has been taken up.

(*b*) The work of semi-grouting the I Section is expected to be completed before 31st March 1951. The II Section can be semi-grouted only one or two years after it has been completed.

(*c*) The estimated cost of the above work is Rs. 98,000.

(*d*) 14,408 ft.

### FERRY SERVICE

***625.** [64] **Sri. P. Kunjukrishnan:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether they have received any representation from the Municipal Council, Quilon requesting Government to grant permission to run the ferry by steam or motor launch between Thevally and Kottayathu Kadavu at Quilon, in the Ashtamudi lake; and

(*b*) if so, what steps they have taken in the matter?

*Chief Minister* **(Sri. C. Kesavan):**

(*a*) The Quilon Municipal Council has requested for permission to conduct motor boat ferry service at Kottayathu Kadavu.

(*b*) The matter is under consideration.

### അഡ്ജൂഡിക്കേഷൻ

*൬൨൬. (൬൫) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

അഡ്ജൂഡിക്കേഷനിലിരിക്കുന്ന കേസുകൾ വിധിപറയുവാൻ അനാവശ്യമായ കാലതാമസം വരുത്താതിരിപ്പാൻ വല്ല നിർദ്ദേശവും ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ട്രിബ്യൂണൽ കോർട്ടിനു കൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

ഇല്ല. കഴിയുന്നത്ര വേഗം കേസുകൾ തീരുമാനിക്കണമെന്ന നിയമം തന്നെ നിർബന്ധിക്കുന്നുണ്ട്.

## UNSTARRED QUESTIONS

### GRADUATE TEACHERS

**41.** [1] **Sri. Kannara Gopala Panicker:** Will the Hon'ble Minister for Education, Civil Supplies and Labour be pleased to state.—

why vacancies in the provincial staff of graduate teachers were and are left unfilled for a considerable length of time and allowed to accumulate?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

There was some inevitable delay for unifying the lists of women and men graduate teachers, and by the time the lists were unified the question had to be viewed in relation to the integration which was effected in the meanwhile. But the vacancies have been since filled up.

### OPENING NEW ROAD

**42.** [2] **Sri. P. Thanulingom Nadar:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) whether Government have received a petition from one Mr. A. Subbiah Nadar, Trustee, Sarakalvilai, Kottar, A.O., dated 2nd March 1950, regarding the opening of a road to Sarakalvilai undertaking to meet the cost of the land required for the same;

(*b*) what steps have been taken so far?

(*c*) what are the causes for the delay?

*Chief Minister* **(Sri. C. Kesavan):**

(*a*) Yes.

(*b*) The matter has been already taken up by the Town Planning authorities, Nagercoil.

(*c*) Does not arise in view of the answer to (*b*).

### ശുദ്ധജലത്തിന്റെ അഭാവം.

൪൩. (൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പള്ളുരുത്തിയിൽനിന്നു പെരുമ്പടപ്പുവഴി പൈപ്പ്ലൈൻ കുമ്പളങ്ങിയിലേക്കു നീട്ടി ശുദ്ധജലവിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു വല്ല നിവേദനവും ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു.

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കുമ്പളങ്ങിയിലേക്ക് പൈപ്പ്ലൈൻ നീട്ടികിട്ടണമെന്നു ഒരു നിവേദനം ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്.

(ബി) അതിനെപ്പററി ഗവൺമെണ്ട് ആലോചിച്ചുവരുന്നു.

### കുമ്പളമാവ്—ആലുവാ റോഡ്

൪൪. (൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

൧൧൨൭-ൽ ആരംഭിച്ച കുന്നമാവ്—ആലുവാ റോഡുപണി എത്രകണ്ടു പുരോഗമിച്ചു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

കുന്നമാവ്—ആലുവാ റോഡുപണി മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാംഭാഗം ആലുവായിൽനിന്നും കൊടുങ്ങല്ലൂർ കിഴക്കെ സ്കൂൾ വരെയും രണ്ടാംഭാഗം കൊടുങ്ങല്ലൂർ കിഴക്കെ സ്കൂളിൽനിന്നും കൊടുങ്ങല്ലൂർ പടിഞ്ഞാറെ സ്കൂൾ വരെയും മൂന്നാംഭാഗം കൊടുങ്ങല്ലൂർ പടിഞ്ഞാറെ സ്കൂൾ മുതൽ കുന്നമാവു വരെയും ആകുന്നു. ഒന്നാംഭാഗം പണി പൂർത്തിയായിട്ടു കുറെ കൊല്ലങ്ങൾ കഴിഞ്ഞു. രണ്ടാംഭാഗം പണി ഇക്കൊല്ലാവസാനത്തോടുകൂടി തീരുന്നതും മൂന്നാംഭാഗം റോഡുപണി അടുത്ത കൊല്ലം തുടങ്ങുന്നതുമാണ്.

### WAITING SHED

**45.** [9] **Sri. R. Chellaswamy Nadar:** Will the hon'ble Minister for Public Works and Communications be pleased to state.—

(*a*) whether the Government have received representations to construct a waiting shed at Marthandam junction in the M.S. Road;

(*b*) the steps taken?

*Minister for Education, Civil Supplies and Labour* **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise.

### MARIKA—KUTHATTUKULAM ROAD

**46.** [11] **Sri. N. P. Verghese:** Will the hon'ble Minister for Public Works and Communications be pleased to state.—

(a) whether Government are in receipt of a representation from the people of Kuthattukulam pakuthi for taking over the ryots road from Marika to 2nd mile Kuthattukulam—Ramapuram road ;

(b) is it a fact that the people have surrendered the site and constructed the road by public subscription ; and

(c) have Government taken any action on the representation ?

*Chief Minister* **(Sri. C. Kesavan):**

(a) Yes.

(b) Yes.

(e) Yes ; an estimate has been prepared and further action is being taken.

## FINANCIAL BUSINESS

### General Discussion on the Budget. *(cont.)*

ശ്രീ. എ. അച്യുതൻ: സർ, ഏകദേശം വരവും ചിലവും സമീകരിച്ച ഒരു ബഡ്ജററ് അവതരിപ്പിച്ചതിനു ഫൈനാൻസ് മന്ത്രി അവലംബിച്ച നയത്തെക്കുറിച്ചു ആലോചിക്കുമ്പോൾ അദ്ദേഹത്തോടു സഹതപിക്കേണ്ടിയിരിക്കുന്നു എന്നാണു എനിക്കു പറയുവാനുള്ളതു്. സർ, ഇന്നു ഈ രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണു്, അതിനു ഈ ബഡ്ജററിൽ പറയുന്നതായ മാറ്റങ്ങളും ഉപാധികളും എന്തൊക്കെയാണ് എന്നു് ഒന്നു് ആലോചിക്കുക. ഇന്നു അധികാരത്തിലിരിക്കുന്ന ഗവമെണ്ടു്, ഒരു കക്ഷിയുടെ ഗവമെണ്ടാണു്. ആ കക്ഷിക്കു ഒരു സംഘടനയുണ്ടു്. ആ സംഘടന ഈ കക്ഷി അധികാരത്തിൽ വരുന്നതിനുമുമ്പു് എന്തെല്ലാം പ്രഖ്യാപിച്ചു; ആ പ്രഖ്യാപനമൊക്കെ ഇന്നു എങ്ങിനെ ഇരിക്കുന്നു; എന്നു് ഒന്നു ആലോചിക്കുക. ജനങ്ങൾക്കു ആഹാരം കൊടുക്കാം; വസ്ത്രങ്ങൾ കൊടുക്കാം, വൈദ്യസഹായം സൌജന്യമായിട്ടു കൊടുക്കാം; വീടില്ലാത്തവക്കു വീടു് ഉണ്ടാക്കി കൊടുക്കാം എന്നൊക്കെ പ്രഖ്യാപിച്ചതായിട്ടു നാം അറിയുന്നുണ്ടു്. ഇന്നു അതിൻെറ സ്ഥാനത്തു നാം എന്താണു് കാണുന്നതു്? ഇന്നു പൊതുവെ ഒരു നൈരാശ്യമല്ലേ കാണുന്നതു്? എവിടെ നോക്കിയാലും നൈരാശ്യമാണു് കാണുന്നതു്. കർഷകന്മാരുടെ ഇടയിലും, തൊഴിലാളികളുടെ ഇടയിലും, ധനികന്മാരുടെ ഇടയിലും, വിദ്യാഭ്യാസമുള്ളവരുടെ ഇടയിലും, വിദ്യാഭ്യാസം ഇല്ലാത്തവരുടെ ഇടയിലും എന്നുവേണ്ടാ എല്ലാവരുടെ ഇടയിലും സംതൃപ്തിക്കു പകരം ഒരു നൈരാശ്യമാണു കാണുന്നതു്. ഈ നൈരാശ്യത്തിനുള്ള കാരണം എന്താണു്? ഇന്നു ഈ ഗവമെൻറിൽതന്നെ ജനങ്ങൾക്കു വിശ്വാസമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. സർ, ഈ അടുത്തകാലത്തു, ഈ ബഡ്ജററു സെഷൻ വിളിച്ചു കൂട്ടിയതിനു ശേഷം, പൊടുന്നനവെ അന്നു നിലവിലിരുന്ന മന്ത്രിസഭ രാജിവെച്ചതായിട്ടു കാണുന്നുണ്ടു്. ഈ രാജി വന്നതിനുള്ള കാരണം ഇന്നും അജ്ഞാതമാണു്. ആ മന്ത്രിസഭ രാജിവെച്ചതിനുള്ള കാരണം ഈ നാട്ടിലെ ജനങ്ങൾക്കു അറിയുവാൻ ആഗ്രഹമില്ലേ; അവകാശമില്ലേ? അതു പോകട്ടെ ഈ നിയമസഭക്കു അറിയുവാൻ അവകാശമില്ലേ? അതും പോകട്ടെ. അധികാരത്തിലിരിക്കുന്ന കക്ഷിയിലെ അംഗങ്ങൾക്കു അറിയുവാൻ അധികാരമില്ലേ? അവരും ഇന്നും അറിഞ്ഞിട്ടില്ലെന്നാണു് അറിയുന്നതു്. അതിൽ കൂടുതൽ ബഡ്ജററു് അവതരിപ്പിക്കുവാൻ നിയമസഭ വിളിച്ചുകൂട്ടി; ചില നിയമങ്ങൾ പാസാക്കുവാനുള്ള ജോലി നടന്നു. അതിനുശേഷം ബഡ്ജററ് അവത

രീപ്പിക്കുന്നതിനു രണ്ടുദിവസം മാത്രമുള്ളപ്പോൾ ഒരു ദിവസം വന്നു സർ, അങ്ങയോടു പറയുകയാണ് ഞങ്ങൾ രാജിവെച്ചു, നിയമസഭ മാററിവെക്കണം എന്നു. ഇതിൽപരം നിരുത്തരവാദപരമായ ഒരു കാര്യം ഈ കക്ഷിയും ആ മന്ത്രിസഭയും ചെയ്യുവാനുണ്ടോ? അതിനുള്ള കാരണം പൊതുജനങ്ങൾ പറയുന്നതു ആ പാർട്ടിയിലുള്ള ജനങ്ങൾക്കു തന്നെ ആ മന്ത്രിസഭയിലുള്ള അവിശ്വാസമാണ് എന്നാണ്. അവരുടെ പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്ന ഗുരുതരമായ കുററങ്ങളല്ലേ അതിനു കാരണമെന്നു ആളുകൾ പറയുന്നുണ്ട്. കൈക്കൂലി, ശുപാർശ, അഴിമതി ഈ മാതിരി ഗൗരവതരമായ ആരോപണങ്ങളല്ലെ ആ മന്ത്രിസഭ രാജിവെക്കുവാൻ കാരണമെന്നു ഞാൻ ചോദിക്കുന്നു. ഈ നിയമസഭയിലെ ഒരു അംഗം ആ മന്ത്രിസഭയിലെ അംഗത്തിന്റെ പേരിൽ കൈക്കൂലികുററം ആരോപിച്ചതിന് എന്തു സമാധാനമുണ്ടാക്കി. രാജപ്രമുഖന്റെ സ്പീച്ചിനെക്കുറിച്ചു അഭിപ്രായം പറഞ്ഞപ്പോൾ ഈ സഭയിൽവെച്ചുതന്നെ ശ്രീമാൻ നടരാജപിള്ള ഈ വിഷയത്തെപ്പററി ഉന്നയിക്കുകയുണ്ടായി. കൈക്കൂലിയെ സംബന്ധിച്ചും ഈ മന്ത്രിസഭ ജൂഡീഷ്യറിയിൽ ഇടപെടുന്നതിനെപ്പററിയും അദ്ദേഹം പറയുകയുണ്ടായി. അതിനെക്കുറിച്ചു ഒരക്ഷരംപോലും ഇവിടെ നടന്ന വാദപ്രതിവാദങ്ങൾക്ക് മറുപടി പറഞ്ഞ അന്നത്തെ മന്ത്രി പറഞ്ഞില്ല. അതു് അദ്ദേഹത്തിന്റെ പരിധിയിൽപ്പെട്ടതല്ലെന്നു പറഞ്ഞു ഒഴിഞ്ഞു മാറുകയാണ് ചെയ്തതു്. ഈ മാതിരിയാണ് കാര്യങ്ങൾ കഴിഞ്ഞു കൂടുന്നതു്. അതിനുള്ള കാരണം ഈ കക്ഷിക്കുതന്നെ ഒരു നേതൃത്വമില്ല എന്നുള്ളതാണ്. നേതൃത്വമില്ലെന്നു പറയുന്നതിനു വളരെ വളരെ ന്യായങ്ങളുണ്ട്. ഞാൻ വ്യസനസമേതം പറയുകയാണ് ഇന്നു ഒരു ലീഡർ ഉണ്ടെങ്കിൽ ആ ലീഡർ അവിശ്വാസത്തിനു വിധേയമായിരിക്കുകയാണ്.

**Sri. P. Balakrishnan Tampi:** I rise to a point of order, Sir. Much as we are thankful to the gratuituous advice tendered to the party by the hon'ble Member, the question arises whether the leadership of a political party is relevant to be discussed on the floor of the House during the budget discussion.

**Mr. Speaker:** The internal affairs of a political party, its management and the relationship that subsists between the members of the party and its leader cannot ordinarily be brought within the legitimate scope of a general discussion on the budget. Those matters are not strict'y the concern of another party or the House in general. Though such observations may not in all cases wholly violate the rule of relevancy remarks of a personal character have to be strictly avoided.

**Sri. P. Balakrishnan Tampi:** May I submit that such matters may safely be left to the Congress party?

**Sri. A. Thanu Pillai:** May I be allowed to mention, in reference to what Sri. Tampi said, that although the internal affairs of a party are not the concern of a member of another party, when they clearly impinge upon the smooth administration of the coun'ry, they may be regarded as relevant to be brought in for discussion here.

**Mr. Speaker:** The question of relevancy is certainly a factor for consideration in deciding upon the admissibility of those observations. The smooth working of every party may, in a remote manner, affect the conditions in the House or even the general progress in the administration of the country. But that shall not be the criersion to determine the question of relevancy in a general discussion on the Budget.

ശ്രീ. എ. അച്ചുതൻ: ബഹുമാനപ്പെട്ട ബാലകൃഷ്ണൻതമ്പിക്കു പാർട്ടിയുടെ കാര്യത്തിൽ മാത്രമേ താല്പര്യം ഉണ്ടായിരിക്കയുള്ളു. എനിക്കു രാജ്യത്തോടു ഒരു കടമയുണ്ടു്. ഇതു രാജ്യത്തെ സ്പർശിക്കുന്ന ഒരു കാര്യമാണു്. പാർട്ടി ഭരിക്കുന്നുവെങ്കിലും രാജ്യത്തെയാണു് ഭരിക്കുന്നതു്. രാജ്യത്തെ ഭരിക്കുന്ന മന്ത്രിസഭയെക്കുറിച്ചാണു് ഞാൻ പറഞ്ഞതു്. അതു അദ്ദേഹം വിസ്മരിച്ചുപോയതിൽ അദ്ദേഹത്തോടു സഹതപിക്കാതെ തരമില്ല എന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. സർ, ഇതിന്റെ ഫലമായി അഡ്മിനിസ്റ്റ്രേറ്റർ ഭരണം തന്നെ ഇവിടെ വരുവാൻ ഇടയുണ്ടെന്നു കേൾക്കുന്നു. അങ്ങനെ ഒരു അഡ്മിനിസ്റ്റ്രേറ്റർ ഭരണം വരികയാണെങ്കിൽ ഈ മന്ത്രിസഭയും ഈ കക്ഷിയും ഈ രാജ്യത്തോടു ചെയ്യാവുന്ന ഏററവും വലിയ അപരാധമായിരിക്കും അതു് എന്നാണു എനിക്കു പറയുവാനുള്ളതു്. സ്വാതന്ത്ര്യത്തിനുവേണ്ടി അഭിമാനപൂർവ്വം പോരാടിയ പാരമ്പര്യമുള്ള ഒരു രാജ്യമാണിതു്. അങ്ങിനെയുള്ള ഈ രാജ്യത്തിന്റെ അന്തസ്സും അഭിമാനവും നശിപ്പിച്ചിട്ടു് ഇന്നു കേന്ദ്ര ഗവമ്മെണ്ടിന്റെ ഒരു ഉദ്യോഗസ്ഥൻ ഇവിടെ ഭരണാധികാരിയായി വരുന്നുവെങ്കിൽ അതു് രാജ്യത്തിന്റെ അന്തസ്സിനേയും അഭിമാനത്തേയും ഹനിക്കുന്ന ഒരു വസ്തുതയാണു്. അതിന്റെ ഉത്തരവാദിത്വം തികച്ചും ഈ മന്ത്രിസഭയും കക്ഷിയും വഹിക്കേണ്ടിവരും.

എനിക്കു ഈ മന്ത്രിസഭയോടും കക്ഷിയോടും പറയുവാനുള്ളതു് ഈ രാജ്യത്തിന്റെ അഭിമാനവും അന്തസ്സും ബലികഴിക്കരുതു് എന്നാണു്.

ഇനി ഈ ബഡ്ജററിലെ ചില ഭാഗങ്ങളെ സ്പർശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഏതാണ്ടു് വരവും ചിലവും തുല്യപ്പെടുത്തുന്നതിനുവേണ്ടി ബദ്ധപ്പെട്ടു് ഒരു ബഡ്ജററ് ഉണ്ടാക്കിയെന്നു ഞാൻ പറഞ്ഞുവല്ലൊ. കഴിഞ്ഞ ആണ്ടത്തേക്കു നീക്കിവെച്ചിരുന്നതായ സംഖ്യയിൽനിന്നും ഏകദേശം ഒന്നേമുക്കാൽ കോടിയോളം രൂപാ ലാഭപ്പെടുത്തിയാണു് ഇങ്ങനെ ഒരു ബഡ്ജററ് അദ്ദേഹം ഉണ്ടാക്കിയതു്. ഈ ലാഭപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ നോക്കുമ്പോൾ അതു വളരെ അനീതിപരമായ ഒരു ലാഭപ്പെടുത്തലാണെന്നു പറയാതിരിക്കുവാൻ യാതൊരു നിവ്വാഹവുമില്ല. ഇന്നു പുതിയതായി ഈ ബഡ്ജററിൽ വളരെയൊന്നും കാണുന്നില്ലെങ്കിലും രാഷ്ട്രനിർമ്മാണത്തിനു നീക്കിവെച്ചിട്ടുള്ള തുകയിൽനിന്നാണു് ഇന്നത്തെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ മിച്ചം വരുത്തിയതു എന്നു അറിയുമ്പോൾ അദ്ദേഹത്തിനു രാഷ്ട്രസംവിധാനകാര്യങ്ങളിൽ എത്രത്തോളം താല്പര്യമുണ്ടെന്നുള്ള സംഗതി ഈ സഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അതായതു മെഡിക്കൽ വകുപ്പിൽനിന്നു ഏകദേശം ൫൭ ലക്ഷത്തിൽ ചില്വാനം രൂപ മിച്ചം വെച്ചിട്ടുണ്ടു്. അതിൽ ൫൦ ലക്ഷത്തോളം രൂപാ ആശുപത്രികൾക്കു കൂടുതൽ സൌകര്യം ഉണ്ടാക്കുക എന്ന ആവശ്യത്തിന്നാണു്. ഇന്നു വൈദ്യസഹായം കൊടുക്കും എന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഈ വൈദ്യസഹായം കൊടുക്കുമ്പോൾ ആശുപത്രിയിൽ ആഹാരം കഴിക്കുന്നതിന്നും മററും നിവൃത്തിയില്ലാതെ അനേകം ആളുകൾ വന്നുചേരും. അവക്കു ആശുപത്രിയിൽ സുഖസൌകര്യാദികൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണു് ബററർ അമിനിററീസിന്റെ കാര്യത്തിൽ ൫൦ ലക്ഷം രൂപാ നീക്കിവെച്ചിരിക്കുന്നതു. ആശുപത്രിജീവിതം എന്താണെന്നു കുറച്ചു പരിചയം അദ്ദേഹത്തിനു ഉണ്ടായിരുന്നതുകൊണ്ടു് ബഹു ധനകാര്യമന്ത്രി ആശുപത്രികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നതാണു്. ഇന്നു കണ്ണാശുപത്രിയിൽ വാസ്ലൈൻ ഇല്ലെന്നു പരാതിയുണ്ടു്. അതുപോലെ

ആശുപത്രികളിൽ സോഡാബൈകാർബ് ഇല്ലെന്നു പരാതിയുണ്ട്. ഇങ്ങനെയാണൊ വൈദ്യസഹായം കൊടുക്കുന്നതെന്ന് ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. ആശുപത്രികളിൽ വൈദ്യസഹായത്തിനുവരുന്ന ആളുകൾക്ക് മരുന്നുകൊടുക്കുവാൻ സാധിക്കാതെ വരുന്നതു വളരെ കുററകരമായ ഒരു സംഗതിയാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. രണ്ടാമതായി പബ്ളിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെണ്ടിൽനിന്നു ൧,൫൭,൦൦൦ രൂപാ അദ്ദേഹം മിച്ചപ്പെടുത്തിയിട്ടുണ്ട്. അതിൽ ൫ ലക്ഷം രൂപാ പൊതുനന്മയെ ലാക്കാക്കി ചിലവാക്കുക എന്ന ആവശ്യത്തിനാണ്. ഇതിൽനിന്നു ഒരൊററ പൈസപോലും അദ്ദേഹം എടുത്തു ചിലവാക്കിയിട്ടില്ല.

പിന്നെ ഫുഡ്പ്രൊഡക്ഷൻ. ഒരു ൨൩ ലക്ഷത്തിചില്വാനം രൂപാ ഇതിൽനിന്നു മിച്ചം വരുത്തിയിട്ടുണ്ട്. ഫുഡ്പ്രൊഡക്ഷൻ നമുക്കു ആവശ്യമുള്ള ഒരു സംഗതിയാണ്. ഈ രാജ്യത്തു് നമുക്കാവശ്യമുള്ള ഭക്ഷണസാധനങ്ങളിൽ ൫൦ ശതമാനമേ ഉള്ളുവെന്നു അദ്ദേഹം പറഞ്ഞു. ബാക്കിയുള്ള ൫൦ ശതമാനം ഇവിടെ ഉണ്ടാക്കുവാൻ സാധിക്കയില്ലെന്നു അറിയാം. അതിലേക്കു കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നു ൨൩ ലക്ഷം രൂപാ മിച്ചപ്പെടുത്തിയതു് കുററകരമല്ലെ എന്നു ഞാൻ ചോദിക്കുന്നു. ഇതേവരെ ഫുഡ്പ്രൊഡക്ഷനുവേണ്ടി ചിലവാക്കിയിട്ടുള്ള സംഖ്യകൊണ്ട് നമുക്ക് പ്രയോജനമില്ലെന്നു കാണാവുന്നതാണ്. എങ്കിലും അതിലേക്കു കൊള്ളിച്ചിരുന്നതിൽനിന്നു ഒരു സംഖ്യ മിച്ചപ്പെടുത്തിയതു ഒട്ടും ശരിയല്ല.

പല പല പദ്ധതികൾ നടപ്പിൽ ഇരിക്കുന്നുണ്ട്; ഇനിയും നടപ്പിൽ വരുത്തുവാൻ പോകുന്നു എന്നു പറയുന്നുണ്ടെങ്കിലും എല്ലാംകൂടി മൊത്തം അമ്പതിനായിരം ടൺ ഭക്ഷണസാധനങ്ങളെ നമുക്കു ലഭിച്ചിട്ടുള്ളു എന്നു കാണുന്നു. അതു തന്നെ മുഴുവൻ അരിയാണോ അതല്ല മററു വല്ല സാധനങ്ങളും കൂടിയാണോ എന്നു നിശ്ചയമില്ല. വണ്ടൻമേട്ടിൽ രണ്ടുതവണ മാത്രമെ കൃഷി ചെയ്യാൻ ഒക്കുകയുള്ളുവെന്നും പിന്നീടു മരിച്ചീനി കൃഷിനടത്താനേ സാദ്ധ്യമാകൂ എന്നും ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരിക്കൽ പ്രസ്താവിച്ചതായി ഞാൻ ഓക്കുന്നുണ്ട്.

അടുത്തതായി ഹരിജനോദ്ധാരണത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. അതിലേക്ക് അനുവദിച്ചിട്ടുള്ള പന്ത്രണ്ടരലക്ഷം രൂപയിൽ ഒമ്പതരലക്ഷം രൂപാ ചിലവാക്കി കാണുന്നതിൽ ഞാൻ ഗവമ്മെണ്ടിനെ അഭിനന്ദിക്കുന്നു. ഇത്തവണത്തെ ബഡ്ജററിൽ പന്ത്രണ്ടരലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. അതു വലിയ ഒരു കാര്യമല്ല. മദ്രാസ് സ്റ്റേററിൽ ഹരിജനോദ്ധാരണത്തിനുമാത്രം ഒരു കോടി പതിനെട്ടു ലക്ഷം രൂപയും പിന്നോക്ക സമുദായോദ്ധാരണത്തിനു എഴര ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടെന്നുള്ളതു ഓമ്മിക്കുമ്പോൾ ഇവിടെ പന്ത്രണ്ടര ലക്ഷം രൂപാ അനുവദിച്ചിട്ടുള്ളതു് വലിയ ഒരു കാര്യമല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

വില്ലേജ് പഞ്ചായത്തിനുവേണ്ടി കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ൪൩ ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ടായിരുന്നു. അതിൽനിന്നും ൭൫ ലക്ഷം രൂപാ മിച്ചം വച്ചിട്ടുണ്ട്. ഇങ്ങനെയുള്ള രാഷ്ട്രനിമ്മാണ പദ്ധതിക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള പണം മിച്ചംവച്ചുകൊണ്ട് ഒരു ബഡ്ജററു തയ്യാറാക്കിയതുകൊണ്ടാണ് ഞാൻ ധനകാര്യമന്ത്രിയോടു സഹതപിക്കുന്നു എന്നു പറഞ്ഞതു്. ഈ ബഡ്ജററിൽ ആശാസ്യമായി പറയത്തക്ക യാതൊന്നും കാണുന്നില്ല. ഇവിടത്തെ റവന്യൂവിലെ നേർപകുതിയോളം ആദായം അബ്കാരി, സെയിൽസ് ടാക്സ്

[Sri A. Achuthan]

എന്നീ രണ്ടു ഇനങ്ങളിൽനിന്നുമാണ്. സാമാന്യ ജനങ്ങളുടെ ഇടയിൽനിന്നുമാണ് ഈ വരവുണ്ടാകുന്നത്. ഇങ്ങനെ അവരിൽനിന്നും പണം പിരിച്ചെടുത്തതിനുശേഷം തിരിയെ അവരുടെ ഗുണത്തിനുവേണ്ടി ഗവർമ്മെണ്ട് എന്താണ് ചെയ്യുന്നത്. ഒന്നുംതന്നെ അവരുടെ ഗുണത്തിനുവേണ്ടി ചെയ്യുവാൻ ഗവർമ്മെണ്ട് ശ്രമിച്ചിട്ടില്ല. മദ്യനിരോധനം ഏർപ്പെടുത്തുവാൻ ഇവിടെ ഗവർമ്മെണ്ട് ഉദ്യമിച്ചിരുന്നു. ആ സംരംഭം ഇപ്പോൾ ഏതാണ്ട് നിലച്ചിരിക്കുകയാണ്. ഒന്നുകിൽ ഇതു് സാർവത്രികമായി സംസ്ഥാനമൊട്ടുക്ക് നടപ്പിൽ വരുത്തണം; അല്ലെങ്കിൽ വേണ്ടെന്നു വയ്ക്കണം. വഴിയരുകിൽ മുളയിട്ടു് ചിലസ്ഥലങ്ങളിൽ ആളുകളെ ബുദ്ധിമുട്ടിപ്പിക്കാതെ ഇതു വേണ്ടായെന്നു വയ്ക്കുന്നതിലും വിരോധം ഇല്ല. അല്ലെങ്കിൽ ഇതു് സാർവ്വത്രികമാക്കണം.

ശ്രീ. ഇട്ടീര അമ്പുക്കൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ സംബന്ധിച്ച് അതിന്റെ മിച്ചത്തെപ്പററിയോ കമ്മിയെപ്പററിയോ ഉള്ള ഔചിത്യാനൗചിത്യങ്ങളെ പരാമർശിച്ചും കണക്കുകൾ കൂലംകഷമായി പരിശോധിച്ചും വിമർശനപരമായി ഇവിടെ എന്തെങ്കിലും പറയുവാൻ ഞാൻ ഒരുങ്ങുന്നില്ല. എന്നാൽ ഈ ഗവർമ്മെണ്ടിന്റെ കഴിഞ്ഞ കൊല്ലത്തെ പ്രവർത്തനങ്ങളുടേയും ചെലവിനങ്ങളുടേയും ഒരു സമാഹരണവും വരുന്ന ഒരു കൊല്ലത്തേക്ക് ഈ ഗവർമ്മെൻറ് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടേയും ചെലവുകളുടേയും ഒരു സൂചനയുമാണ് ഈ ബഡ്ജററെങ്കിൽ ഈ ഗവർമ്മെൻറ് ഒന്നും ചെയ്യാൻ സാധിക്കാത്ത ഒരു നിശ്ചലാവസ്ഥയിൽ എത്തിച്ചേർന്നിട്ടുണ്ടെന്നും, ഇന്നു് അധികാരത്തിലിരിക്കുന്ന ഗവർമ്മെൻറിനു് പുരോഗമനപരമായി യാതൊന്നും പ്രവർത്തിക്കുവാൻ ശക്തിയില്ലെന്നും തോന്നിപ്പോകുന്നെങ്കിൽ അതിൽ അതിശയമില്ല. അധികാരത്തിലിരിക്കുന്ന കക്ഷിയുടെ നിസ്സഹായാവസ്ഥയ്ക്കുള്ള ഒരു മകുടോദാഹരണമായി ഈ ബഡ്ജററിനെ കണക്കാക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. എന്നാൽ, അല്പം ആശ്വാസത്തിനു വകയുണ്ട്. അതു് പുതിയ നികുതികളൊന്നും ചുമത്തുവാൻ പുറപ്പെട്ടിട്ടില്ലെന്നുള്ളതാണ്. ഇന്നു് ബീഡിക്കുപോലും നികുതി ചുമത്തി, സാധാരണക്കാരിൽനിന്നും മററു പല ഇനങ്ങളിലായി പണക്കാരിൽനിന്നും നികുതി ഈടാക്കി, ആ നിലയിൽ ഈ രാജ്യത്തെ ജനങ്ങൾ സാർവ്വത്രികമായി ക്ലേശിക്കുന്ന ഈ കാലഘട്ടത്തിൽ വിശേഷിച്ചും തിരഞ്ഞെടുപ്പു സമീപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ പുതിയ നികുതി ഒന്നും തന്നെ ചുമത്താൻ തയാറാകാഞ്ഞതിൽ ഞാൻ ധനകാര്യമന്ത്രിയെ അഭിനന്ദിച്ചുകൊള്ളുന്നു.

സർ, ജനങ്ങൾക്കുവേണ്ടി, ജനകീയനേതാക്കന്മാർ ഭരിക്കുന്ന കാലത്തു് ജനങ്ങളെ യാതൊരു വിധത്തിലും ക്ലേശിപ്പിക്കാതെ, കരഗതമാക്കാവുന്ന ധനാഗമസമ്പ്രദായങ്ങളെ കണ്ടുപിടിച്ചു രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടിയും, സാധാരണ ജനങ്ങളുടെ ജീവിതത്തോതുയർത്തുന്നതിനുവേണ്ടിയും ഇന്നത്തെ ധനകാര്യമന്ത്രിയും സഹമന്ത്രിമാരും യാതൊരു പരിശ്രമവും ചെയ്തിട്ടില്ലെന്നും ആ നിലയിൽ നോക്കുമ്പോൾ ഈ ബഡ്ജററും, ഇതിനുമുമ്പു ഇതേധനകാര്യമന്ത്രിതന്നെ അവതരിപ്പിച്ച ബഡ്ജററും പരിതാപകരമായ പരാജയമാണു അടഞ്ഞിട്ടുള്ളതെന്നും പറയാതെ തരമില്ല. എന്നാൽ ഈ പരാജയത്തിന്റെ പ്രധാനകാരണം, ഞാൻ മി. ജോണിന്റെ കഴുത്തിൽ മാത്രം കെട്ടിവെയ്ക്കാൻ തയാറില്ല. കോൺഗ്രസ് പാർട്ടിയുടെ കഴുത്തിലും കെട്ടിവെയ്ക്കാൻ ഒരുങ്ങുന്നില്ല. കോൺഗ്രസ് പാർട്ടിയിലെ വൻതോക്കുകളെന്നു പറഞ്ഞുകൊണ്ടു നടക്കുന്ന ചില നേതൃമ്മാന്യന്മാർ, സമുദായവിദ്വേഷത്തെ ആവുംവിധം പുലർത്തിക്കൊണ്ടും, മററു ഏടാകൂട

ങ്ങളിൽ ആവശ്യമുള്ളതിനും ഇല്ലാത്തതിനും ഒരുപോലെ തലയിട്ടുകൊണ്ടും നടക്കുന്ന ചില മാന്യന്മാർ, ചില യാചനക്കാർ, ചില യാതനക്കാർ ഇങ്ങനെ പലതരക്കായ ഈ നേതാക്കന്മാർ മന്ത്രിമാരുടെ ഇടയിൽപെട്ട് പലവിധത്തിലുള്ള സമ്മർദ്ദങ്ങൾക്കും വടംവലികൾക്കും കാരണമുണ്ടാക്കിത്തീർക്കുന്ന ആ ദുഷിച്ച പാരമ്പര്യം നമ്മുടെ രാജ്യത്തുനിന്നും ദൂരീകരിക്കാത്ത കാലത്തോളം ഇവിടെ പ്രജായത്തഭരണം ഒരിക്കലും പുരോഗമിക്കുവാൻ പോകുന്നില്ലെന്നു എനിക്കു ധൈര്യമായി പറയുവാൻ കഴിയും.

**ஸ்ரீ. ஏ. சிதம்பரநாத நாடார்:** கொச்சியைச் சேர்ந்த ஒருவரையும் மந்திரியாக எடுக்கவில்லை. அதனால் கொச்சி அங்கத்தினர்கள் ராஜி வைக்கப் போகிறார்கள் என்று ஒரு வதந்தியிருக்க, ஸ்ரீ அம்பூக்கன் அவர்களும் ராஜி வைக்கப்போகிறீர்களா?

**Mr. Speaker:** That question does not arise. No answer need be given.

**Sri. Ittiera Ambookan:** I shall answer him.

**Mr. Speaker:** The question itself is irrelevant, and so it need not and cannot be answered.

**ശ്രീ. ഇട്ടീര അമ്പൂക്കൻ:** അങ്ങനെ, ഈ രാജ്യത്തെ യഥാർത്ഥമായ ഭരണകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുവാനുള്ള സമയം നമ്മുടെ മന്ത്രിമാർക്കില്ല. മന്ത്രിസഭയുടെ രാജിവെയ്ക്കലും, മറ്റൊരു മന്ത്രിസഭയുടെ രൂപവൽക്കരണവും, പ്രാദേശികമായ ആവശ്യങ്ങളും, ഓരോ രാജ്യത്തിന്റെ പേരിൽ മന്ത്രിമാരുടെ അവകാശപ്പെടലും ഇങ്ങനെയുള്ള പലവിധത്തിലുള്ള രാഷ്ട്രീയസമ്മർദ്ദംമൂലം കോൺഗ്രസ് പാർട്ടിയിലെ ചില നേതാക്കന്മാർക്ക് രക്തസമ്മർദ്ദംപോലും ഉണ്ടായതായി കേൾക്കുന്നു. സർ, ഇതെല്ലാം വാസ്തവമാണെങ്കിൽ പരിതാപകരം എന്നല്ലാതെ എന്താണു പറയേണ്ടതു്? * * *

**Sri. P. Balakrishnan Tampi:** Such words do not hurt us. But in the interests of the hon'ble Member himself, elegant language may be used here.

**Mr. Speaker:** People generally use in their talk, particularly when it is a heated conversation, only expressions at their command and with which they are familiar. Expressions cannot be imposed upon anybody.

**ശ്രീ. ഇട്ടീര അമ്പൂക്കൻ:** സർ, മന്ത്രിശലഭമായി അങ്ങനെ ആനവണ്ടിക്കകത്തു് പാറിപ്പറന്നു നടന്നുകൊണ്ടിരുന്ന ആളുകൾ ഇപ്പോൾ ചിറകു കരിഞ്ഞു് പുഴവുമല്ല, ശലഭവുമല്ല എന്ന മാതിരി കടപ്പുറത്തു എവിടെയോ താമസിച്ചു് ചീഞ്ഞളിഞ്ഞു് മാംസപിണ്ഡമായി കിടക്കുകയാണു്.

**ஸ்ரீ. ஏ. சிதம்பரநாத நாடார்:** ஸ்ரீ பனம்பள்ளி மந்திரியாயிருக்கும் போது சொன்னீர்களே, அவைகளுக்குப் பதிலா இவைகள்?

**Mr. Speaker:** The member may note that the time is up.

**ஸ்ரீ. ஏ. சிதம்பரநாத நாடார்:** ஸர், எனக்கு இந்த பாஷை தெரியாததினால் கேட்டேன்.

**ശ്രീ. ഇട്ടീര അമ്പൂക്കൻ:** സർ, ആ കാര്യങ്ങളെല്ലാം നിൽക്കട്ടെ. രാജ്യത്തിന്റെ ഇന്നത്തെ പ്രധാനമായ പ്രശ്നങ്ങളെ സംബന്ധിച്ചു് അധികാരത്തിലിരിക്കുന്ന പാർട്ടി യാതൊന്നും ചെയ്യാതെ അധികാരത്തിനുവേണ്ടി മാത്രം രാജ്യ

***Portions expunged from the proceedings with the permission of the House.

[Sri. Ittiera Ambooken]

ത്തിന്റെ പേരിൽ തമ്മിൽത്തല്ലുകയാണ്. കൂടാതെ, മൃതിയടഞ്ഞ ആ സുന്ദരമായ ഭൂമിയെ, കൊച്ചിയെ ഉദ്ദേശിച്ചാണ് ഞാൻ പറയുന്നതു്, വച്ചുകൊണ്ട് ആ കൊച്ചിയുടെ മൃതശരീരം വച്ചുകൊണ്ട്, മന്ത്രിസ്ഥാനത്തിനുവേണ്ടി പേത്തുമ്പോൾ അഭിമാനമുള്ള ഒരു കൊച്ചിക്കാരന് അതിൽ ക്ഷോഭം വരുമെങ്കിൽ അതിശയിക്കാനില്ല. പാർട്ടി ലീഡർ ഈ ഹൗസിന്റെയും ലീഡറാണ്. ഇവിടത്തെ പ്രധാനമന്ത്രിയാണദ്ദേഹം. അദ്ദേഹത്തോട് ഒന്നുമാത്രമാണ് എനിക്കു പറയുവാനുള്ളതു്. ഇവിടെ അദ്ദേഹത്തിനു പത്തു ദിവസത്തെ ഭരണമേ ഉള്ളു എങ്കിൽത്തന്നെ അത്രയുംകാലം അദ്ദേഹം ആണത്തമായി ഭരിക്കുകയാണെങ്കിൽ, കൊച്ചിയിലെ ജനങ്ങളുടെ മുഴുവൻ പിൻതുണ അദ്ദേഹത്തിനുണ്ടാകുമെന്ന് ഞാൻ ഉറപ്പുപറയുന്നു. തിരഞ്ഞെടുപ്പു അടുത്തു വരുമ്പോൾ, രാജേന്ദ്രമൈതാനത്തെ അടവുകൾ പ്രയോഗിക്കുവാനുള്ള വൈദഗ്ദ്ധ്യം ഇനിയും ഇക്കൂട്ടർക്കുണ്ടാകുമെന്നും ..........

**Mr. Speaker:** Personal remarks cannot be allowed. We are at the general discussion of the budget. Particular references, recriminations and insinuations even indirectly affecting personalities are objectionable.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, ഞാൻ പേഴ്സനലായിട്ടുള്ള കാര്യമൊന്നും പറഞ്ഞില്ല.

**Mr. Speaker:** Indirect remarks and insinuations are probably more objectionable than direct references.

ശ്രീ. ഇട്ടീര അമ്പൂക്കൻ: തിരഞ്ഞെടുപ്പു അടുക്കുമ്പോൾ ജനങ്ങളുടെ വോട്ടുകൾ സമ്പാദിക്കുവാനായി ചില പ്രത്യേക പ്രാദേശിക വാദങ്ങൾ ഉന്നയിച്ച് വലിയ ത്യാഗവീരന്മാരായി നടക്കുവാൻ ഈ നിയമസഭയിലെ കൊച്ചി വിഭാഗത്തിലെ കോൺഗ്രസ് മെമ്പറന്മാർ ചിലതെല്ലാം ചട്ടംകെട്ടുന്നുണ്ടെന്ന് എനിക്കറിയാം. അതുകൊണ്ടുമാത്രം ഞാൻ ഇത്രയും എടുത്തു പറഞ്ഞതാണ്. എന്നാൽ, കൊച്ചിയിലെ ബുദ്ധിയുള്ള വോട്ടറന്മാർ ഈ ചട്ടംകെട്ടലുകളിലോ, ഭീഷണിയിലോ, മനംകവരുന്ന പ്രസംഗത്തിലോ മയങ്ങിപ്പോകുന്നവരല്ലെന്നു അവർ അറിയുന്നതു നന്നായിരിക്കും. സർ, ഈ സംയോജനശിശുവിന്റെ പിതൃത്വം പരിപൂർണ്ണമായി അവർക്കുള്ളതാണ്. ഇപ്പോൾ ഇവരുടെ അങ്കലാപ്പു കാണുമ്പോൾ സ്വശിശുവിനേയുംകൊണ്ട് തന്റെ മുൻപിൽ നിൽക്കുന്ന മേനകയെ വെറുപ്പോടുകൂടി നോക്കിക്കൊണ്ടിരിക്കുന്ന വിശ്വാമിത്രനെയാണ് എനിക്കു ഓർമ്മയിൽ വരുന്നതു്.

**Sri. P. Balakrishnan Tampi:** Sir, it wounds our religious feelings.

**Mr. Speaker:** Mr. Ambookan has only two minutes more. Order, order. The House will rise now and meet again at 2-30.

*The House rose at 12-30 and re-assembled after lunch at 2-30 p.m., with Mr. Speaker in the Chair.*

**Mr. Speaker:** Mr. Ambookan has not finished his speech and I have definitely told him that two more minutes will be given to him. I would like to inform the House that I have bestowed some attention to the details of his speech. I obtained the longhand version of his speech and find that certain expressions used by him are quite unparliamentary. If the member is desirous of continuing his speech he is at liberty to do so. But, in the mean time he is informed that he has to withdraw the objectionable expressions.

ശ്രീ. മന്നത്തു പത്മനാഭപിള്ള: സ്പീക്കർ അവർകൾ ചെയ്ത പ്രസ്താവനയുടെ ചുരുക്കം മലയാളഭാഷയിൽ പറഞ്ഞാൽകൊള്ളാം.

മിസ്റ്റർ സ്പീക്കർ: മി. അമ്പൂക്കന്റെ പ്രസംഗം തീർന്നിട്ടില്ല. രണ്ടു മിനിട്ടുകൂടി അദ്ദേഹത്തിനു പ്രസംഗത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ആ വിവരം ലഞ്ചിനു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. മി. അമ്പൂക്കന്റെ പ്രസംഗം തീർന്നിടത്തോളവും ഭാഗം ഷാട്ട് ഹാൻറിൽ എഴുതിയിരുന്നതു ലാങ്ങ്ഹാൻറിൽ ആക്കി ഞാൻ വായിച്ചുനോക്കി. ആ പ്രസംഗത്തിൽ ഉപയോഗിച്ചതായി കാണുന്ന ആക്ഷേപകരങ്ങളായ ചില പദങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നു.

**Sri. P. Balakrishnan Tampi:** The hon'ble Member may withdraw his statement.

മിസ്റ്റർ സ്പീക്കർ: ആ പ്രസംഗത്തിൽ ചിലഭാഗങ്ങളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

* * * * * * *

ഇതു തികച്ചും ആക്ഷേപകരമായ ഒരു പ്രസ്താവനയാണ്. പാർലിമെൻററി നടപ്പിനു അനുയോജ്യമല്ലാത്തതും അനുവദനീയമല്ലാത്തതുമായ പല പദപ്രയോഗങ്ങളും അതിലുണ്ട്.

എനിക്കു തോന്നുന്നതു് അവ ഈ സഭയിലുള്ള അംഗങ്ങളിൽ ആരെയെങ്കിലും ഉദ്ദേശിച്ചാണു് പറഞ്ഞിട്ടുള്ളതെന്നാണു്. അതുകൊണ്ടു് തീർച്ചയായും ഈ പ്രയോഗം അൺപാർലിമെൻററിതന്നെയാണു്. ബഹുമാനപ്പെട്ട മെമ്പർ ക്ഷമാപണസഹിതം ഇതു പിൻവലിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

**Sri. D. Gnanasigamoni:** Sir, on a point of order. Is it in order to ask a member to withdraw a portion of his speech long after the speech is over?

**Mr. Speaker:** Yes. The speech will continue. It is not over.

**Sri. D. Gnanasigamoni:** It appears that the point ought to be raised then and there.

**Mr. Speaker:** That is not necessary.

**Sri. D. Gnanasigamoni:** Sir, I will give an instance. Once a member of the House of Commons referred to Macdonald and said that he ought to be horse-whipped and slung. It was brought to the notice of the Speaker and the Speaker said that somehow or other it had escaped the notice of the House and nothing could be done on the matter.

**Mr. Speaker:** Somehow or other the fact escaped the notice of the Chair. But here it came to the notice of the Chair. The Chair wanted to make sure of the position and therefore the speech itself has been got trancscribed. Ruling is to be given only before the speech is finished.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, എനിക്കു് അനുവദിക്കാം എന്നു പറഞ്ഞിട്ടുള്ള രണ്ടു മിനിട്ടു സമയം ഇപ്പോൾ അനുവദിച്ചുതരുമോ എന്നറിഞ്ഞാൽ കൊള്ളാം.

**Mr. Speaker:** Yes. The member is given two more minutes to finish his speech.

**Sri. Ittiera Ambookan:** Then I withdraw the words with apologies.

---

*Portions removed from proceedings with the permission of the House.

**Mr. Speaker :** That particular portion will be expunged from the proceedings.

**Sri. P. Balakrishnan Tampi :** Then it is an infringement on the rights of this House. Let this withdrawal also be there. On a former occasion there was a similar expunging order........

**Mr. Speaker :** The prestige of the House will certainly be taken into consideration. If these words are expunged from the proceedings it will appear that the member had not used such words........

**Sri. A. Chidambaranatha Nadar :** On a former occasion like this, when Sri. C. P. Ramaswami Aiyar was the Diwan-President, Mr. Balakrishnan Tampi was also a member, and when he made a reference, it was considered to be unparliamentary and the hon'ble Member was asked to withdraw. Yet it was not expunged. But, the apology was also added on to the proceedings. Therefore I submit that the portion should not be expunged, but his apology must also be added on to the speech.

**Sri. P. Balakrishnan Tampi :** There is nothing like that in my biography. There was no such occasion. I will explain the position. There was a resolution and I made a speech on the subject. The House was unanimous that my speech should be expunged---not that it was unparliamentary but it was inconvenient.

ശ്രീ. ആർ. ശങ്കർ: സർ, സ്പീച്ച് അതുപോലിരിക്കുകയും അപ്പോളജികൂടി അതിൽ ചേർക്കുകയും ചെയ്താൽ പോരെയോ?

മിസ്റ്റർ സ്പീക്കർ: അങ്ങിനെയാണെങ്കിൽ ഈ വാക്കുകൾ പ്രൊസീഡിംഗ്സിൽ സ്ഥലംപിടിക്കുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ട് ഈ വാക്കുകൾ മാത്രം മാററിയാൽ മതിയാകുമോ എന്നു സഭ തീരുമാനിക്കേണ്ടതാണ്.

ശ്രീ. ആർ. ശങ്കർ: അപ്പോൾ ആ വാചകം കംപ്ലീററാകുകയില്ല.

മിസ്റ്റർ സ്പീക്കർ: മെമ്പറുടെ സമ്മതത്തോടുകൂടി വേറെ വാക്കുകൾ പകരം ചേർത്തു കംപ്ലീററാക്കുന്നതിൽ തെററുണ്ടോ എന്നു നോക്കണം.

ശ്രീ. കെ. അയ്യപ്പൻ: അങ്ങിനെയാണെങ്കിൽ മാററിയതുകൊണ്ട് വേറെ പ്രയോജനമൊന്നും കാണുകയില്ല. മാറേറണ്ടതു പിന്നെയും ശേഷിക്കും. അതായതു ഈ വാക്കുകൾ മാററിയിട്ട് അപ്പോളജി മാത്രം അതിലുണ്ടായിരുന്നാൽ എന്തിനാണ് അപ്പോളജി ചെയ്തതെന്നു സംശയിക്കുവാൻ വഴിയുണ്ടാകും.

മിസ്റ്റർ സ്പീക്കർ: വാക്കുകൾ മാത്രമാണോ, പ്രസംഗത്തിൽ ആ വാക്കുകൾ ഉൾപ്പെട്ട ഭാഗം കൂടെ ചേർത്താണോ മാറേറണ്ടതെന്നു സഭയുടെ അഭിപ്രായപ്രകാരം ചെയ്യുന്നതാണ്. ആക്ഷേപകാരണങ്ങളായ പ്രസ്താവനകൾ മാററുന്ന കാര്യത്തിൽ വാക്കുകൾ മാത്രം മാററുന്നതു മിക്കവാറും നിരർത്ഥകമാണെന്നും ആ വാക്കുകൾ ഉൾക്കൊള്ളുന്ന ഭാഗങ്ങൾതന്നെ പ്രൊസീഡിംഗ്സിൽനിന്നും മാററുന്നതാണ് ഉത്തമമെന്നുമാണ് സഭയുടെ അഭിപ്രായമെന്നു കരുതുന്നു.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, വിശ്വാമിത്രന്റേയും മേനകയുടേയും കഥ പറഞ്ഞു നിർത്തി. ഇപ്പോൾ ഈ സംയോജനത്തോടുകൂടി ഉണ്ടായിട്ടുള്ള ആ കിരാതശിശുവിന്റെ പിതൃത്വം ആ സംയോജനം നടത്തിയ ആളുകൾതന്നെ ഉപേക്ഷിച്ചുകൊണ്ട് പേടിച്ചോടുവാൻ ഭാവിക്കുകയാണ്. തനിക്ക് അബദ്ധമെന്നെങ്കിലും പററിപ്പോയാൽ അതു തിരുത്തുന്നതാണ് ആണത്തമെന്നു മനസ്സിലാക്കി അതുമൂലം ആ ശിശുവിനു വസ്ത്രവും ഭക്ഷണവും കൊടുത്തുകൊണ്ട് വളർത്തി

കൊണ്ടുപോകേണ്ടതു് ഒരു പിതാവിന്റെ ധർമ്മമാണെന്നു് എനിക്കു തോന്നുന്നു. ബഡ്ജററിനെ സംബന്ധിച്ചു് പലകാര്യങ്ങളും പറയാനുണ്ടെങ്കിലും വളരെ പ്രധാനമായ ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ തൽക്കാലം പറയുന്നുള്ളു. ഈ രാജ്യത്തുനിന്നും ഏതാണ്ടു് ഒരു കോടി പറ നെല്ലാണു് കർഷകരിൽനിന്നും ഗവമ്മെൻറ എടുക്കുന്നതു്. അതിനു ഗവമ്മെൻറ കൊടുക്കുന്നവിലയും ഗവമ്മെൻറു നെല്ലു് വിൽക്കുന്ന വിലയും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ പറ ഒന്നിനു് പന്ത്രണ്ടണ വീതം ഗവമ്മെണ്ടു കൂടുതൽ ഈടാക്കി വരുന്നുണ്ടെന്നു് കാണാവുന്നതാണു്. എന്നാൽ ന്യായമായിട്ടു് ഒരണ, നെല്ലു കുത്തി അരിയാക്കുന്നതിനുള്ള ചാർജ്ജും ഒരണ കൺവേയൻസ് ചാർജ്ജും രണ്ടണ വീതം ഗവമ്മെൻറിനുള്ള എസ്റ്റാബ്ലിഷ്മെൻറു് ചാർജ്ജും അങ്ങനെ നാലണ കഴിച്ചു് ബാക്കി എട്ടണ ക്ലീൻ പ്രോഫിററായി ഗവമ്മെൻറിനു് കിട്ടുന്നതാണു്. ഇങ്ങനെ നോക്കുമ്പോൾ ഒരുകോടി പറ നെല്ലെടുക്കുന്ന ഗവമ്മെൻറു് അരക്കോടി രൂപാ ആദായം ഒരു വർഷത്തിൽ എടുക്കുമെന്നു് കാണാൻ കഴിയും. എന്നാൽ ആ സ്ഥാനത്തു് ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു് ൨൫ ലക്ഷം രൂപാ മാത്രമാണു്. ബാക്കി ൨൫ ലക്ഷംരൂപാ എവിടെ പോയി എന്നു ചോദിച്ചാൽ അതിനു ഉത്തരം പറയുവാൻ അത്ര എളുപ്പം സാദ്ധ്യമല്ല. ഇപ്പോൾ ഈ നെല്ലെടുപ്പും വിതരണവുംകാര്യത്തിൽ ഒരു കുംഭകോണം ആണു് നടന്നുവരുന്നതു്.

**മിസ്റ്റർ സ്പീക്കർ:** കുംഭകോണം എന്നുള്ളതു് ആക്ഷേപകരമായ ഒരു പദപ്രയോഗമാണെന്നു തോന്നുന്നു.

**ശ്രീ. ഇട്ടീര അമ്പുക്കൻ:** സർ, കൊച്ചിയിൽ കുംഭകോണം എന്നു പറഞ്ഞാൽ പൊതുപണം ദുർവ്യയം ചെയ്യുക എന്നാണു്. ഈ നെല്ലുവിതരണകാര്യത്തിൽ കുംഭകോണം നടക്കുന്നു എന്നാണു് അനുമാനിക്കേണ്ടതു്. ഇന്നത്തെ സിവിൽ സപ്ലൈസ് കമ്മീഷണർ അങ്ങനെ ഒന്നും ചെയ്യുകയില്ലെന്നു് ഞങ്ങൾക്കറിയാം. ഞങ്ങൾക്കു് നല്ല വിശ്വാസവും ഉണ്ടു്. അദ്ദേഹം ഇവിടെ നടക്കുന്നതു് പല കുംഭകോണങ്ങളും നടത്തി ആ പണം എഴുതിത്തള്ളുകയായിരിക്കും. അതുകൊണ്ടു് ഈ ൨൫ ലക്ഷം രൂപാ എവിടെ പോയി എന്നു് അറിയുവാൻ ഈ സഭയിലെ മെമ്പറന്മാക്കു് അധികാരമുണ്ടു്; അവകാശമുണ്ടു്. മെമ്പറന്മാക്കു മാത്രമല്ല കൃഷിക്കാക്കും സാധാരണക്കാക്കും അതിനുള്ള അവകാശവും ആഗ്രഹവും ഉണ്ടു്. സർ, കൃഷിക്കാരുടെ നെല്ലു് എടുക്കുമ്പോൾ അവക്കു കൂടുതൽ വില കൊടുക്കുന്നില്ലെന്നുള്ള പരാതി അവരുടെ ഇടയിലുണ്ടു്. അതിനു കാരണവും ഉണ്ടു്. ന്യായമായ നാലണ എടുത്തുകൊണ്ടു് അങ്ങനെ രണ്ടു രൂപാ ഒരുപറയ്ക്കു നെല്ലു് കൊടുക്കുകയാണെങ്കിൽ കൃഷിക്കാക്കു് ആക്ഷേപം ഉണ്ടാവുകയില്ല. അഥവാ അങ്ങനെ ആക്ഷേപം ഉണ്ടായാൽതന്നെയും അതിനു് ജനകീയഗവമ്മെണ്ടു് യാതൊരു വിലയും കൽപിക്കേണ്ടതുമില്ല. എന്നാൽ ഇന്നു് ഈ കൃഷിക്കാരിൽനിന്നും സാധാരണ ജനങ്ങളിൽനിന്നും പിടിച്ചുപറിക്കുന്ന ഈ അമിതാദായം ഗവമ്മെൻറു് വേണ്ടെന്നു വച്ചിട്ടു് കൃഷിക്കാക്കു സൗകര്യപ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണു്. ഇനി ഭക്ഷ്യോൽപാദനകാര്യത്തെപ്പററി പറയുകയാണെങ്കിൽ, ഞാൻ അതിനെപ്പററി പറഞ്ഞുപറഞ്ഞു് ഒരു ക്ഷീണിക്കായിത്തീന്നിട്ടുണ്ടു്. പ്രധാനമന്ത്രിയോടു് എനിക്കു് ഒരു അഭ്യർത്ഥനയാണുള്ളതു്. ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാനെ മാററാൻ സാധിക്കുകയില്ലെങ്കിൽ മാറേറണ്ട. എന്നാൽ മൈസൂരിൽനിന്നോ മറേറാ ആയിരമോ ആയിരത്തിഅഞ്ഞൂറോ രൂപാ ശമ്പളം കൊടുത്തു് ഒരു കൃഷിവിദഗ്ദ്ധനെ നമ്മുടെ നാട്ടിൽ കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், பட்ஜெட்டைப் பற்றி இங்குள்ள அங்கத்தினர்கள் அனைவரும் சொற்பொழிவாற்றின இந்த நிலையில் நானும் இந்த பட்ஜெட்டைப் பற்றி ஒரு சில வார்த்தைகள் சொல்லலாமென முடிவு செய்து, இன்று நிலவிலிருக்கிற மந்திரி சபையைப்பற்றி ஒன்றிரண்டு வார்த்தைகள் சொல்ல ஆசைப்படுகிறேன். ஸர், இந்த மந்திரி சபையைப் பொறுத்தளவில் இம்மந்திரிசபை மூன்று பேர்கள் அடங்கியதாயிருக்கிறது. தமிழிலே ஒரு பழமொழி உண்டு. "செத்த வீட்டுக்குப் போனாலும் மூன்று போகப்போகாதே" என்று. அதேபோல் இந்த மூன்று மந்திரிமார்களும் மூன்று ஆசனங்களில் வீற்றுக்கொண்டிருப்பதால் நம் நாட்டிற்கு ஏதாவது குழப்பமோ, அபாயமோ வரப்போகிறதென்ற எண்ணந்தான் இந்நாட்டிலுள்ள ஒவ்வொரு மனிதனுக்கும் இருந்துகொண்டிருக்கிறது. இந்நாட்டிலுள்ள மக்கள் சந்தோஷமாக வாழ ஒரு வழியுமில்லை. ஸர், நீங்கள் அறிவீர்கள், கழிந்த மந்திரிசபை கவிழ்ந்து விழுந்தபோது இந்த காங்கிரஸ் வட்டாரத்திலுள்ள ஆட்கள், மந்திரிபதவி எனக்குவேண்டும், உனக்குவேண்டும், திருவிதாங்கூரில் உள்ளவனுக்குவேண்டும், நாயருக்குவேண்டும், ஈழவனுக்குவேண்டும், மார்த்தோமைட்டிற்கு வேண்டும் என்று அடி பிடி நடந்துகொண்டிருந்ததை. இந்த நிலையில் எங்களைப் போன்றவர்கள் என்ன செய்யவேண்டும். இந்த சபையில் நானும் ஒரு அங்கத்தினர் என்ற நிலையில் எனக்கு ஒரு வழி தோன்றுகிறது. நீங்கள் அறிவீர்கள், இந்தத் திருவிதாங்கூர்–கொச்சி ராஜ்யம் இங்கே எப்படி வந்ததென்று. பண்டு பரசுராமன் தன் தாயைக்கொன்ற பாவத்திற்காக தன் கையிலிருந்த மழுவை கன்னியாகுமரி கடலில் வீசி எறிந்ததாகவும் உடனே கன்னியாகுமரி முதல் கோகரணம் வரை நிலப்பரப்பானதும், அங்ஙனம்தான் இந்த திருவிதாங்கூர்–கொச்சி ராஜ்யம் வந்ததாகவும், பின்னர் தாயைக்கொன்ற பாவத்தைத் தீர்ப்பதற்காக பரசுராமன் அவ்விடத்தை பிராமணர்களுக்குத் தானம் கொடுத்ததாகவும் அறிவோம். அதேபோல் இன்று நாட்டில் இந்த மந்திரி சபையினால் வரும் குழப்பங்கள் தீரவேண்டுமானால், கன்னியாகுமரிக்கடலில் இருக்கும் கோடாலியை வேண்டுமானால் எடுத்துத் தருகிறோம். அதை வேண்டுமானால், நீங்கள் உங்கள் காங்கிரஸ் பிரசிடெண்டாய் இருக்கும் கும்பளத்து சங்குப்பிள்ளை அவர்களின் கையில் கொடுத்து நெய்யாற்றிங்கரை பாலத்திலிருந்து எறியச்சொல்லுங்கள். அன்று பரசுராமன் எறிந்த மழு கடலில் விழுந்தபோது எப்படி கடலிலிருந்து இந்த திருவிதாங்கூர் கொச்சி ராஜ்யம் மேலே எழும்பி வந்ததோ அதேபோல் இப்பொழுது ஒன்று வருமா? கோடாலி தண்ணீருக்குள்ளே தான் போகும். அப்படி வந்தால் அந்நாட்டில் ஒரு குழப்பமும் இருக்காது. ஆகவே, எதற்காக நீங்கள் சண்டை சச்சரவுகள் செய்யவேண்டுமென்றுதான் நான் இந்த இடத்தில் சொல்ல ஆசைப்படுகிறேன். அடுத்தபடியாக, நீங்கள் அறிவீர்கள் ஸர், கழிந்த காலத்தில் மகாத்மா காந்தி அவர்களின் தலைமையில் இந்தியன் நாஷனல் காங்கிரஸின்கீழ் நாட்டிலுள்ள ஒவ்வொருவரும் சுதந்திரத்திற்காக பாடுபட்டார்கள். இந்தயிடத்தில் நான் ஒரு கதை சொல்ல ஆசைப்படுகிறேன். பண்டு பரமசிவன் அவர்களிடத்தில் நாட்டிலுள்ள மிருகங்கள் எல்லாம் சென்று எங்களுக்கு மோட்சம் வேண்டுமென்று கேட்டதாம். அப்பொழுது பரமசிவன் ஒவ்வொன்றுக்கும் ஒவ்வொரு டெஸ்டு இட்டார்களாம். ஆடுகளை எல்லாம் ஒரு

இடத்திற்குக் கூப்பிட்டு ஒரு கட்டுத்தழைகளிட்டு விட்டு சென்றாராம். அடுத்த நாள் வந்து பார்த்தபோது அவைகள் குழைகளைத் தின்றுவிட்டு சமாதானமாயிருந்ததைப் பார்த்து பரமசிவன் அவர்கள் அவைகளுக்கு மோட்சம் அளித்தார்களாம். இப்படி இருக்கும்போது, நாய்கள் என்னசெய்ததென்றால், எங்களுக்கும் மோட்சம் வேண்டுமென்று பரமசிவனைக் கேட்டதாம். சரி, உங்களுக்கும் ஒரு டெஸ்ட் இருக்கிறதென்று சொல்லி ஒரு நாள் அவைகளையெல்லாம் ஒரு ரூமில் அடைத்து ஒரு எலும்புத்துண்டை இட்டுச் சென்றாராம். மறுநாள் விடியற்காலையில் அந்த ரூமிற்கு வந்து பார்த்தபோது, சில நாய்கள் இறந்து கிடக்கிறது. சில நாய்களின் மேலிலிருந்து ரத்தம் பாய்ந்துகொண்டிருக்கிறது. இப்படி நாய்கள் இருக்கும் நிலையில் அவைகளுக்கு மோட்சம் இல்லையென்று சொல்லிவிட்டார்களாம். இதே போன்று இந்தியாவிலுள்ள சகலராஜ்யங்களிலுள்ள மக்கள் சகலரும் சுதந்திரத்திற்காக பாடுபட்டு, அகில இந்திய சர்க்கார் இன்று ஜவஹர்லால் நேரு அவர்களின் தலைமையின் கீழ் ஒவ்வொரு இடத்திற்கும் ஒவ்வொரு மந்திரி சபையைக் கொடுத்துக்கொண்டிருக்கிறார்கள். அப்படி இங்கும், திருவிதாங்கூர்–கொச்சிக்கும் மந்திரிசபை என்றதொரு எலும்புத்துண்டைத் தந்தயிடத்தில் அதற்காக நீங்கள் அடிபிடித்துக்கொண்டு, மந்திரி பதவியில் நான் ஏறுகிறேன், நீ ஏறு என்று அடிபோட்டு நாசமாகி நாட்டிலுள்ள மக்களிடையே குழப்பத்தை உண்டுபண்ணி, மக்களுக்கு உண்ண உணவும், உடுக்க உடையும், உறங்க இடமும் இல்லாத நிலையில் நீங்கள் நடந்துகொண்டால் இத்திருவிதாங்கூர்–கொச்சி ராஜ்யத்திலுள்ள மக்கள் எந்த நிலையை அடைவார்களென்று கேட்கிறேன். வெளியேயிருந்து இங்கு ஒரு **administrator** வரப்போகிறார் என்று.........

**Mr. Speaker :** I think that the Hon'ble Member has said that some bone was given over which they were quarrelling. Has this statement any reference whatsoever to this Assembly or any of the members thereof.

**Sri. A. Chidambaranatha Nadar :** No, No. இந்த நிலைமையில் தான் இன்று திருவிதாங்கூர்–கொச்சி இருந்துகொண்டிருக்கிறதே யொழிய வேறொன்றுமில்லை. ஸார், இங்கு ஸ்ரீமான் பனம்பள்ளி கோவிந்தமேனன் அவர்கள் மந்திரியாக இருந்த காலத்தில் இந்நாட்டில் நெல்லளவு சம்பந்தமாக ஒரு ஸிஸ்டம் நடப்பிலிருந்துகொண்டிருந்தது. அதை எக்ஸஸ் ஸிஸ்டமென்று சொல்வார்கள். இன்று இருக்கும் மந்திரியவர்களின் தலைமையின் கீழ் இந்நாட்டில் லெவி ஸிஸ்டம் நடந்துகொண்டிருக்கிறது. இந்த ஸிஸ்டத்தைப் பார்த்தளவிலே பண்டு ஒரு மஹாராஜாவின் கதை எனக்கு ஞாபகத்திற்கு வராமலில்லை. பண்டு ஒரு மஹாராஜா தனது குடிகளிடம், "நான் ஆளுக்கு ஒரு கோட்டை நெல் வீதம் தருகிறேன். நீங்கள் ஆள் ஒன்றுக்கு ஒரு கோட்டை அரிசிவீதம் கொண்டுதர வேண்டுமென்று சொன்னாராம். ஆகவே, நாட்டு மக்கள் மிகுந்த வருத்தத்தோடு இருந்த சமயத்தில், அந்த மஹாராஜா நாடு நீங்கி அவரது மகன் ஆட்சிக்கு வந்தானும். உடனே மக்களெல்லாம் சென்று அவரிடம் உங்கள் தகப்பனாரின் பரணம் ரொம்ப மோசமாயிருந்தது; ஆதலால் நீங்கள் ஆட்சியை சற்று மரியாதையாய் நடத்த வேண்டுமென்று சொன்னபோது, சரி, அப்படியானால் நான் ஒருகோட்டை உமி தருகிறேன், நீங்கள் ஒரு கோட்டை அரிசி வீதம் தரவேண்டுமென்று

[Sri. A. Chithambaranatha Nadar]

சொன்னாலும். அந்தயிடத்தில் மக்கள் உணர்ந்தார்கள், இவனைவிட இவனுக்கு முன்பிருந்த ராஜா எவ்வளவோ நல்லவன் என்று. அதேபோன்று எக்ஸஸ் லிஸ்டம் என்ற நெல்லளவுத் திட்டமும், லெவி ஸிஸ்டம் என்ற நெல்லளவுத் திட்டமும் இவ்விரண்டும் நாட்டு மக்களுக்குத் தீமையைத்தான் அளிக்கிறது. அதைப்பற்றி இம்மந்திரிமார்களோ, இவ்வரசாங்கமோ யாதொரு சிந்தனையும் செய்யாமலிருப்பது எனக்கு மிகவும் மனவருத்தத்தைத் தருகிறது. இந்தப் பட்ஜெட்டைப் பார்த்தால் இதில் எத்தனையோ திட்டங்களைப் பற்றி குறிப்பிடப்பட்டிருக்கிறது. இங்கு நான் ஒன்று சொல்ல ஆசைப்படுவது என்னவென்றால், கொச்சி, கொச்சி என்று சப்தமிடுகிறார்கள். கொச்சி என்று கேட்டால் இங்குள்ள மந்திரிமார்களின் கால்களும் கைகளும் ஆட்டமாடுகிறது. இவர்களது உயிர் அவர்களை அறியாமலே போகிறது. கோடிக் கணக்கில் ரூபாய்களை இம்மந்திரிமார்கள் அனாவசியமாய் செலவு செய்கிறார்கள். இவர்களது குடும்ப சொத்தாயிருந்திருந்தால் தெரியும், அதன் வருத்தம். கோடிக்கணக்கான ரூபாய்களை பீச்சி ஸ்கீமிக்கென்றும், சாலக்குடி ஸ்கீமிக்கென்றும், செலவுசெய்கிறார்கள். இது தவிர வேறு ரெயில்வே திட்டம் ஒன்று வரப்போகிறதாம். இச்செலவுகளைப் பார்த்து எங்களைப் போன்றவர்களுக்கு வயிறெரியாமலில்லை. அதே சமயத்தில் இன்று நிதிமந்திரியாயிருக்கக்கூடிய மந்திரியவர்கள் பெருஞ்சாணித்திட்டத்தைப்பற்றி ஒரு வார்த்தையேனும் சொல்லாமலிருந்தால் நாங்கள் இந்த இடத்தில் நின்று உங்களோடு போராட வராமல் என்ன செய்வோமென்று கேட்கிறேன். பெருஞ்சாணித்திட்டம் ஆரம்பித்து எத்தனை வருடங்களாகிவிட்டன. அதை ஆரம்பித்து நான்கு சர்க்கார்கள் மாறிவிட்டது. ஐம்பது சதமானம் கட்டி முடித்து விட்டு, பின் அந்தத் திட்டத்தைப் பற்றியே சிந்தனை செய்யாத இந்த அரசாங்கத்தை நான் என்ன செய்யவேண்டும், நான் என்ன பேசவேண்டும். அதற்குவேண்டி ஒன்றுமே செய்ததாகத் தெரியவில்லை இந்த மலையாளி சர்க்கார். ஆக, நான் இந்த மலையாள சர்க்காரை "ஏ மாற்றார்தாயே" என்று அழைக்காமல் வேறு என்ன சொல்வது. ஆகார விஷயத்தில் நான் தமிழன் மலையாளி என்று சொல்லவில்லை. பெருஞ்சாணித்திட்டத்தை கட்டி முடித்துத் தாருங்கள். உங்களுக்கு நாங்கள் அரிசி தருகிறோம். மாகார் திட்டத்தை முடித்துத் தாருங்கள். உங்களுக்கு இங்கு முதல் வேம்பநாடு வரைக்குமுள்ள இடங்களுக்கு வேண்டிய நெல் தருகிறோம் நாங்கள். அதில்லாமல்...........

**Sri C. Kesavan:** For your information I may say that 23 lakhs have been included in the Budget this year.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த ஆண்டில்தான் உட்படுத்தவில்லை. வருடந்தோறும் உட்படுத்திக்கொண்டுதான் இருக்கிறீர்கள். முட்டத்தில் வாட்டர் சப்ளை ஸ்கீமுக்கு என்று ரூபாய் உட்படுத்தவில்லையா. இந்த ரூபாய்களை எல்லாம் நீங்கள் என்ன செய்கிறீர்களென்று கேட்கிறேன். உங்களுக்குக் கீழ்வேலை செய்யும் அதிகாரிகள் ஒன்றுமே செய்யாமல் உறங்குவதை நினைத்துத்தான் வருத்தப்படுகிறேன். கண்டசியாக ஸார், மிகவும் மனவேதனையைத் தரும் ஒரு விஷயம், நீங்கள் அறிவீர்கள் ஸார், கருப்புகட்டி விவசாயத்தைப்பற்றி, அந்த சமுதாயத்திற்குத் தெரியு

மென்று. என்னைப்போன்ற நாடார் சமுதாயத்தைச் சார்ந்தவனுக்குத்தான், பனை ஏறுவதற்கும், கருப்புக்கட்டியைக் காய்ச்சி பக்குவம் செய்து விவசாயம் செய்வதற்கும் தெரியும். முக்கிய மந்திரியவர்களின் இனத்தவர்களும் இதைப்பற்றி அறிந்திருக்கலாம். கருப்புக்கட்டி விவசாயத்திற்கென்று, ஆட்களைத் தேர்ந்தெடுத்து வெளி நாட்டிற்கு அனுப்ப, ஏதோ ஆறு மாதம் டிரெயினிங்க்கு என்று எடுத்தவர்கள், நம்பூதிரிகள், நாயர்கள் பிராமணர்கள். நான் கேட்கிறேன், இந்த நம்பூதிரிகளுக்கும்—நாயர்களுக்கும்—பிராமணர்களுக்கும், இந்த பனைக்கும் என்ன சம்பந்தமென்று. அதற்கு ஒரு நாடாரைத் தேர்ந்தெடுக்க உங்களுக்கு மனப்பான்மை இல்லாவிட்டால், உங்களை நான் என்ன சொல்லி அழைப்பது என்று கேட்கிறேன். இந்தப் பிராமணர்களையும், நாயர்களையும் நம்பூதிரிகளையும் தேர்ந்தெடுக்கயிடத்தில், முக்கிய மந்திரி அவர்களின் இனத்திலுள்ள ஆட்களை எடுத்திருந்தால் நான் வருத்தப்படமாட்டேன். ஏனெனில் அவர்களும் என்னைப் போன்று இவ்விஷயத்தைப்பற்றி அறிந்தவர்களாயிருப்பார்கள். கடைசியாக ஒரு வார்த்தை. கட்டாயக் கல்வித் திட்டத்தைப்பற்றி ஒரு வார்த்தை சொல்லிவிட்டு முடித்துவிடலாமென்று நினைக்கிறேன். இந்த பட்ஜெட் வருடத்திலே சித்தூர், செங்கோட்டை, இத்தாலுகாக்களில் கூட இவர்கள் கட்டாயக் கல்வித் திட்டத்தைச் செலுத்தப் போவதாக அறிகிறேன். எதற்கு யாருக்காக இதெல்லாம் செய்கிறீர்களென்று கேட்கிறேன் எதாவது ஒரு திட்டம் கொண்டு வரவேண்டுமானால், அத்திட்டம் வெற்றி பெறவேண்டுமானால் அது மக்களுக்குப் பிரயோஜனகரமாயிருக்கவேண்டுமானால், இதை நல்ல முறையில் அமலுக்குக் கொண்டுவரவேண்டும். இல்லாமல் நாட்டிலுள்ள பொருளாதாரத்தை அகாரணமாக யாருக்கும் பிரயோஜனம் இல்லாத முறையில் செலவு செய்வதில் என்ன அர்த்தமிருக்கிறதென்று கேட்கிறேன். ஸார், அடுத்ததாக நான் சொல்ல விரும்புவது என்னவென்றால், மகாத்மா காந்தி அவர்களின் முக்கியமான திட்டங்களில் ஒன்று மதுவிலக்குத் திட்டம். மதுவிலக்குத் திட்டத்தை கடந்த வருடத்திலும் ஒன்றிரண்டு தாலுகாக்களில் கொண்டு வந்தீர்கள். ஆனால் இந்த வருடம் உங்கள் மதுவிலக்குத் திட்டம் எங்கே போயிற்று என்று கேட்கிறேன். மதுவிலக்குத் திட்டத்தைக் கொண்டு வருகிறோம் என்று சொல்கிறீர்களே அதை இப்பொழுது யாருடைய பாக்கட்டில் வைத்திருக்கிறீர்கள், என்று கேட்கிறேன். மகாத்மா காந்தி அவர்களின் சிஷ்யர்கள் என்று சொல்கிறீர்கள். ஜிப்பா போட்டுக்கொள்கிறீர்கள். கதரையும் அணிந்துகொள்கிறீர்கள். நான் கேட்கிறேன், மதுவிலக்குத் திட்டம் எங்கே என்று. எங்கே என்று கேட்டால் அது எங்கே என்று பதில் சொல்லவேண்டும். அடுத்தபடியாக ஸார், நேற்றுள்ள மலையாளிப் பத்திரிகைகளிலிருந்து அறிகிறோம், நம்முடைய திருவிதாங்கூர்—கொச்சி ராஜ்யத்திலுள்ள பணமெல்லாம் எந்த முறையில், யாருக்கும் பிரயோஜனமில்லாத முறையில் ஒரு தனிப்பட்ட நபருக்கு துணை செய்ய, அனாவசியமாகக் களவு செய்யப்பட்ட, கும்பகோணா விஷயம் இங்கு நடந்துகொண்டிருப்பதை இன்று, இங்கு Text Book Committee ன் தலைவராக யிருக்கும் மாத்யூ குழிவேலி அவர்களைப்பற்றி இன்று ஒரு Article எழுதியிருக்கிறார்கள். இந்த முறையில் நமது சர்க்காரின் பணம் போகுமானால், நமது நாடு நிலைத்திருக்க முடியுமா? இந்த நாட்டிலுள்ள அரசாங்கந்தான் நிலைத்திருக்க

[Sri. A Chithambaranatha Nadar]

முடியுமா, இந்நாட்டிலுள்ள மக்கள் தான் சுபிட்சமாய் வாழ முடியுமா என்பவைகளைப் பற்றி நீங்கள் சிந்தனை செய்து முடிவுகட்ட வேண்டுமென்று சொல்லிவிட்டு எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, അടുത്തവർഷത്തെ ബഡ്ജററിൽ ൪.൧൧ ലക്ഷം രൂപ കമ്മിയായി കാണിച്ച് അവതരിപ്പിച്ചതിൽ ഞാൻ അശേഷം ഭയപ്പെടുന്നില്ല.

ഭാവി സന്താനങ്ങളെക്കൂടി ഗുണഭോക്താക്കളാക്കുന്നതിന് പര്യാപ്തമായ രാഷ്ട്രനിർമ്മാണപദ്ധതികൾ ദീർഘകാലദൃഷ്ടിയോടുകൂടി ആസൂത്രണം ചെയ്യുകയും പ്രസ്തുത കാര്യനിർവ്വഹണത്തിന് അത്യന്താപേക്ഷിതമെന്നു തോന്നുന്നപക്ഷം ആവശ്യം വേണ്ടിവരുന്ന തുക സ്റ്റേററിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് നാലോ അഞ്ചോ കോടി രൂപ കടമെടുത്തു വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള ഒരു കമ്മി ബഡ്ജററ് ഈ സഭയിൽ ഹാജരാക്കിയിരുന്നുവെങ്കിൽ ഇപ്പോഴത്തെ നാമമാത്രമായ കമ്മി ബഡ്ജററിനേക്കാൾ ഏററവും കൂടുതൽ സന്തോഷത്തോടും സംതൃപ്തിയോടുംകൂടി ഞാൻ അതിനെ സ്വാഗതം ചെയ്യുമായിരുന്നു.

സർ, ആദ്യമായി എനിക്ക് പറയുവാനുള്ളത് ഗവൺമെണ്ടിന്റെ ഭൂനയത്തെ സംബന്ധിച്ചാണ്. ഭൂനയം സംബന്ധിച്ച് കോൺഗ്രസ്സ് അധികാരത്തിൽ വരുന്നതിനുമുമ്പ ഒരു പ്രഖ്യാപനം ചെയ്തിരുന്നു. അത് പ്രകടനപത്രികമുഖാന്തിരമാണ്. അത് ഇങ്ങനെയാണ്. "ഭൂമിയെപ്പററി സ്വകാര്യ ഉടമ അനുവദിക്കേണ്ടതാണെന്നുള്ള തത്വം അംഗീകരിക്കുന്നതോടുകൂടിത്തന്നെ പൊതുജനക്ഷേമം കൈവരുത്തുവാനും സാമൂഹ്യവും സാമ്പത്തികവുമായ നീതി പരിപാലിക്കുവാനും ആവശ്യമായവിധം ഭൂമി ഉടമയുടെ പരിധി നിർണ്ണയിക്കുന്നതാണ്".

ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനും ഭൂമിയെപ്പററിയുള്ള മററു കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുമായിട്ട് ഗവൺമെണ്ട് ഒരു ഭൂനയക്കമ്മിററിയെ നിയമിച്ചതായിട്ട് അറിയാം. ആ കമ്മിററി വെറും മുതലാളിമാരുടെ പ്രതിനിധികൾ മാത്രമടങ്ങിയ ഒരു കമ്മിററി ആയിരുന്നു. ആ കമ്മിററിയിൽ ഭൂമിയില്ലാത്തവരുടേയോ ഹരിജനങ്ങളുടേയോ ഒരു പ്രതിനിധിപോലും ഇല്ലായിരുന്നു. ആ കമ്മിററി വളരെക്കാലം അന്വേഷണം നടത്തി ഒരു റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഇപ്പോൾ ഏകദേശം അഞ്ചാറുമാസം കഴിഞ്ഞു. ആ റിപ്പോർട്ട് ഗവൺമെണ്ടിൽനിന്നു പരിശോധിച്ച് അതിൽ ഇന്നയിന്ന ഭാഗം സ്വീകരിക്കാമെന്നോ അല്ലെങ്കിൽ ഇന്നയിന്ന ഭാഗം സ്വീകരിക്കാൻ പാടില്ലെന്നോ മുഴുവൻ സ്വീകരിക്കണമെന്നോ തള്ളണമെന്നോ തീർച്ചചെയ്യുന്നതിന് ഇതുവരെ ഗവൺമെണ്ടിന് കഴിവുണ്ടായിട്ടില്ല. അതുസംബന്ധിച്ച് ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുമെന്നു പറഞ്ഞിരുന്നു. എന്നാൽ അടുത്തകാലത്തു ധനകാര്യമന്ത്രി ഈ നിയമസഭയിൽ ബിൽ അവതരിപ്പിക്കുവാൻ സാധിക്കുമോ എന്നു സംശയം പ്രകടിപ്പിക്കുകയുണ്ടായി. ഗവൺമെണ്ടിനു ഭൂമി സംബന്ധിച്ച് ഒരു നയമുണ്ടെന്നും അതിലേക്ക് ഒരു ബില്ലവതരിപ്പിച്ച് പാസാക്കുമെന്നെല്ലാം പറയുന്നത് ഒരു ഇലക്ഷൻ സ്ററണ്ടാണ്. അടുത്ത ഇലക്ഷൻ കഴിയുന്നതുവരെ നിയമസഭയിൽ ഇതിലേക്ക് ഒരു ബിൽ അവതരിപ്പിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. കോൺഗ്രസ് പ്രകടനപത്രികയിൽ ഭൂനയം സംബന്ധിച്ച് വേണ്ടതെല്ലാം നടത്തുമെന്നു പറഞ്ഞിട്ടുണ്ട്. യുണൈററഡ് പ്രോവിൻസിലും സെൻട്രൽ പ്രോവിൻസിലും

മററും സെമിന്ദാരി സമ്പ്രദായം നിറുത്തലാക്കുന്നതിനു് നിയമമുണ്ടാക്കിയിട്ടുണ്ട്. സെമിന്ദാരി വസ്തുക്കൾ ഗവമ്മെണ്ടു് എടുത്തു. അതെല്ലാം പ്രതിഫലം കൊടുത്താണു് എടുക്കുന്നതു്. അതുപോലെ അധികം വസ്തുക്കൾ പ്രതിഫലംകൊടുത്തു് എടുക്കുക നമുക്കു് എളുപ്പത്തിൽ സാദ്ധ്യമല്ല, ബിൽ അവതരിപ്പിക്കുവാനും അതു പാസ്സാക്കുവാനും നടപ്പിൽ വരുത്തുവാനും എളുപ്പമല്ല. അടുത്ത കാലത്തു അതു സാധിക്കാൻ പോകുന്നുമില്ല. എന്നാൽ അതു സാധിക്കത്തക്ക ഒരു കാര്യം ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. അതായതു സംയോജനത്തിനുശേഷം കവനന്റു് നടപ്പിൽ വന്നതോടുകൂടി മഹാരാജാവിന്റെ വകയായി കുറെ അധികം സ്ഥലം ഗവമ്മെണ്ടിന്റെ കയ്യിൽ വന്നിട്ടുണ്ട്. അതിന്റെ ഏക്കറേജു നോക്കുകയാണെങ്കിൽ ൧൩൨൧൧ ഏക്കർ ൭൧ സെന്റാണു്. ആ സ്ഥലം ആണു് കണ്ടുകൃഷിസ്ഥലം എന്നറിയപ്പെടുന്നതു്. ആ സ്ഥലത്തിനു് യാതൊരുത്തക്കും അവകാശംവരാൻ നിവൃത്തിയില്ല. ഇപ്പോൾ ആ സ്ഥലം കുറെ ജന്മിമാരുടേയും മുതലാളിമാരുടേയും കയ്യിലാണു് ഇരിക്കുന്നതു്. അവക്കു് അതിൽ ഒരവകാശവും പറയാൻ നിവൃത്തിയില്ലാത്തവിധം ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ട്. ആ വിധിയിൽ ഇങ്ങനെയാണു് പറയുന്നതു്. VII. T. L. J. 24 ആണു്. "Kandukrishi lands cannot be taken into execution as the holders of these lands are mere tenants-at-will and have no saleable interest in the property."

ഈ വസ്തുക്കൾ ജന്മികളും പണക്കാരുമാണു് ഇന്നു കൈവശംവച്ചുകൊണ്ടിരിക്കുന്നതു്. ഹൈക്കോടതി വിധികൊണ്ടു് അവക്കു് ആ വസ്തുവിന്മേൽ യാതൊരു അധികാരവും അവകാശവും ഇല്ലെന്നു സ്പഷ്ടമാണു്.

ആ വസ്തുക്കളിൽ അവക്കു് യാതൊരു അവകാശവും അധികാരവും ഇല്ല. അവർ നാമമാത്രമായ പാട്ടം മാത്രമാണു് കൊടുത്തുകൊണ്ടിരിക്കുന്നതു്. അതു് ഗവമ്മെണ്ടിൽനിന്നും എടുത്തു് സാധുക്കളായ ജനങ്ങൾക്കു് നാല്പതു് സെന്റു് വീതം വീതിച്ചുകൊടുക്കുകയാണെങ്കിൽ ൪൨൬൭൨ കുടുംബങ്ങൾക്കു് കൊടുക്കുവാനുണ്ടു്. അവക്കു് അതിൽ താമസിക്കുന്നതിനും കൃഷിചെയ്യുന്നതിനും സാധിക്കുന്നതാണു്. അതു് അന്യാധീനപ്പെടുത്തരുതെന്നുള്ള വ്യവസ്ഥയിൽ സ്ഥിരമായി പാട്ടത്തിനു് കൊടുക്കുന്നപക്ഷം വലിയ പ്രയോജനം അതുകൊണ്ടുണ്ടാകുന്നതാണു്. ഈ ൪൨൬൭൨ കുടുംബങ്ങളിൽ ഏകദേശം രണ്ടരലക്ഷത്തിൽ അധികം ജനങ്ങൾ ഉണ്ടായിരിക്കുകയും അത്രയും ആളുകൾക്കു് ഭൂമി കൊടുക്കുന്നതിനു് സാധിക്കുകയുംചെയ്യുമെന്നുള്ളതാണു് അതിനകത്തുള്ള കാര്യം. തൻമൂലം പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യം അല്പമായിട്ടെങ്കിലും നടപ്പിൽ വരുത്തുകയും ചെയ്യാം. ഇതുസംബന്ധിച്ചുള്ള ബില്ലും മററും പാസ്സാക്കാൻ സാധിക്കാത്ത സ്ഥിതിക്കു് ഗവമ്മെണ്ടു് ഉടനെ ചെയ്യേണ്ടതു ഇതാണു്.

ശ്രീ. ടി. വി. തേവൻ: ഈ സ്ഥലങ്ങൾ ആക്കു് കൊടുക്കണമെന്നാണു് മെമ്പർ വിചാരിക്കുന്നതു്?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു് സാധുക്കൾക്കുതന്നെ—ഒരു സെന്റു് ഭൂമിപോലുമില്ലാത്ത സാധുക്കൾക്കുതന്നെ കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇപ്പോൾ ആ സ്ഥലങ്ങൾ പണക്കാരുടെ കൈവശത്തിലും സ്വാധീനത്തിലുമാണിരിക്കുന്നതു്. ഗവമ്മെണ്ടു് ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് പണച്ചെലവും ബുദ്ധിമുട്ടും ഉണ്ടാകുന്നതുമല്ല. ഗവമ്മെണ്ടു് ഇപ്പോൾ ൩൭൦൦൦ ഏക്കർ സ്ഥലം കൃഷിചെയ്യുന്നതിനായി സാധുക്കൾക്കു് കൊടുത്തു എന്നാണു് പറയുന്നതു്. എന്നാൽ സാധുക്കൾക്കു് അവിടെ പോയി കൃഷി ചെയ്യുന്നതിനോ

[Sri Kannara Gopala Panicker]

പുരവച്ചു താമസിക്കുന്നതിനോ സാദ്ധ്യമല്ല. ഉദാഹരണമായി വണ്ടൻമേട്ടിൽ സ്ഥലം കൃഷിക്ക് കൊടുത്തിട്ടുള്ളതിനെപ്പററിതന്നെ നോക്കുക. അവിടെ കൃഷിക്ക് കൊടുത്തിട്ടുള്ള ഭൂമിയിൽ സാധുക്കൾക്ക് അവിടെ ചെന്നു കൃഷിചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് അവ പണക്കാർക്ക് കൊടുത്തുവരികയാണ് പതിവ്. ഇങ്ങിനെ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതുകൊണ്ട് സാധുക്കൾക്ക യാതൊരു ഗുണവും ഉണ്ടാകാൻപോകുന്നില്ല. നേരെമറിച്ച് അന്യകരണം ചെയ്യാൻ അനുവദിക്കാതെ നാല്പതു സെൻറ് സ്ഥലംവീതം അവർക്ക് പാട്ടത്തിന് പതിച്ചുകൊടുക്കുന്നപക്ഷം അതു വളരെ പ്രയോജനകരമായിരിക്കും.

രണ്ടാമതായി പറയാനുള്ളതു് മദ്യവർജ്ജനത്തെ സംബന്ധിച്ചാണ്. അതു് നിവൃത്തിയുള്ളിടത്തോളം ഈ രാജ്യത്തു മുഴുവൻ നടപ്പിലാക്കണമെന്നാണെനിക്കു പറയുവാനുള്ളതു്. ഒന്നാമത്തെ മന്ത്രിസഭയുടെ കാലത്തു ൩ താലൂക്കുകളിൽ മദ്യവർജ്ജനം ഏർപ്പെടുത്തുകയുണ്ടായി. രണ്ടാമത്തെ ബഡ്ജററ് അവതരിപ്പിച്ചതോടുകൂടി മൂന്നു താലൂക്കുകൾ കൂട്ടിച്ചേർത്തു ഒരു പരിപാടി അവർ നടപ്പാക്കി. എന്നാൽ കഴിഞ്ഞ കൊല്ലത്തിൽ തിരുവിതാംകൂറിലെ ഏററവും ചെറിയ താലൂക്കായ പത്തനാപുരം താലൂക്കിലും കൊച്ചിയിലെ ഏററവും ചെറിയ താലൂക്കായ കൊടുങ്ങല്ലൂർ താലൂക്കിലും മാത്രം മദ്യവർജ്ജനം നടപ്പാക്കി. ഈ ആണ്ടത്തെ ബഡ്ജററിൽ ഒരു താലൂക്കിലും നടപ്പാക്കാൻ പോകുന്നതായി കാണുന്നില്ല. ഇതിൻെറ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല. ഇവിടെ കോൺഗ്രസ്സ് ഉത്തരവാദഭരണം സംബന്ധിച്ച് പ്രചരണവും പ്രക്ഷോഭണവും എല്ലാം നടത്തിയ അവസരത്തിൽ മദ്യവർജ്ജനം ഏർപ്പെടുത്തുന്നതാണെന്നു പറഞ്ഞു. ജനങ്ങൾ അതെല്ലാം വിശ്വസിച്ചു. അതു് മററു താലൂക്കുകളിലും വ്യാപിക്കുമെന്നു അവർ വിശ്വസിച്ചു. ഇന്നു മദ്യവർജ്ജനം നടപ്പാക്കിയ സ്ഥലങ്ങളിലെ ജനങ്ങൾ വളരെ സുഖമായും സ്വൈരമായും കഴിഞ്ഞുകൂടുകയാണ്. അവിടെ മററുള്ള സ്ഥലങ്ങളിലെപ്പോലെ കുത്തും കൊലയും ഉണ്ടാകുന്നില്ലെന്നു നമുക്കറിയാൻ കഴിഞ്ഞിട്ടുള്ള സംഗതിയാണ്. അതുകൊണ്ട് എനിക്കു പറയുവാനുള്ളതു് ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവൻ മദ്യവർജ്ജനം ഏർപ്പെടുത്തേണ്ടതാണെന്നാണ്. അതുകൊണ്ട് ഈ ഗവമ്മെണ്ടിനുണ്ടാകുന്ന നഷ്ടം മൂന്നു കോടി രൂപാ മാത്രമാണെന്നു ഇവിടെ പറയുകയുണ്ടായി. ഞാൻ നിർദ്ദേശിക്കുന്നതു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവൻ ഈ കൊല്ലത്തിൽതന്നെ മദ്യവർജ്ജനം ഏർപ്പെടുത്തണമെന്നാണ്. അതു് തൽക്കാലം സാദ്ധ്യമല്ലെങ്കിൽ ഒരു ഡിവിഷനിലെങ്കിലും ഏർപ്പെടുത്തേണ്ടതാണ്. കൊല്ലം ഡി. സി. സി. തന്നെ ആ ഡിവിഷനിൽ കൊല്ലത്തും കൊട്ടാരക്കരയും ഈ ആണ്ടിൽ മദ്യവർജ്ജനം നടപ്പാക്കണമെന്നു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. എന്നാൽ കൊല്ലം ഡിവിഷൻ മുഴുവനും ഈ വർഷത്തിൽ മദ്യവർജ്ജനം ഏർപ്പെടുത്തണമെന്നുള്ളതിലേയ്ക്കു് ഗവമ്മെണ്ടിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഈ മദ്യവർജ്ജനം ഏർപ്പെടുത്തിയപ്പോൾ അതിൽനിന്നും ഉണ്ടാകുന്ന നഷ്ടത്തെ പരിഹരിക്കുന്നതിനായിട്ടാണ് സെയിൽസ് ടാക്സ് ഏർപ്പെടുത്തിയതെന്നു ആ അവസരത്തിൽ പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ എല്ലാ സ്ഥലത്തുനിന്നും സെയിൽസ് ടാക്സ് ഈടാക്കിവരികയാണ്. അങ്ങിനെ മദ്യവർജ്ജനം ഏർപ്പെടുത്താത്ത സ്ഥലങ്ങളിൽനിന്നുപോലും സെയിൽസ് ടാക്സ് ഈടാക്കിവരുന്നതു് നീതികേടാണ്. ഇന്നത്തെ ജീവിതച്ചെലവും നികുതിഭാരവുംകൂടി നോക്കുന്നപക്ഷം ഇപ്രകാരം മദ്യവർജ്ജനം ഏർപ്പെടുത്താത്ത സ്ഥലങ്ങളിനിന്നും സെയിൽസ് ടാക്സ് ഈടാക്കുന്നതു് നീതികേടാണ്. അതുകൊണ്ട് എല്ലാ സ്ഥലത്തും മദ്യവർജ്ജനം ഏർപ്പെടുത്തണം,

ഇനിയും എനിക്ക് പറയുവാനുള്ളത് ഉദ്യോഗസ്ഥന്മാരുടെ കാര്യമാണ്. ഇന്നു ഇവിടത്തെ കോൺഗ്രസ്സാണെങ്കിൽ മഹാത്മാഗാന്ധിയുടെ ആദർശങ്ങളിൽ നിന്നും കുറെയൊക്കെ വ്യതിചലിച്ചുപോന്നിരിക്കുന്നു. ഒന്നാമത്ത് മഹാത്മാ ഗാന്ധിയുടെ ആദർശങ്ങൾ മദ്യവർജ്ജനം, കുടിൽ വ്യവസായം, ഖദർ പ്രചരണം ഇവകയൊക്കെയാണ്. ഈവക കാര്യങ്ങളിൽ ഉദ്യോഗസ്ഥന്മാർ വലിയ പ്രതിപത്തി കാണിക്കുന്നതായി കാണുന്നില്ല. ഇന്നു ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കൈക്കൂലി, കൊള്ളരുതായ്മ, ഇവ നടമാടിക്കൊണ്ടിരിക്കുകയാണ്. അതിലും പ്രത്യേകിച്ച് പോലീസുകാരുടെ ഇടയിൽ ജനങ്ങളുടെ ജീവനേയും വസ്തുവകകളേയും മാനത്തേയും ധനത്തേയും അവർ കാക്കേണ്ടവരാണ്. ഇന്നു അതെല്ലാം അവർ മറന്നിരിക്കുകയാണ്. പോലീസുകാർ മർദ്ദനഭരണം നടത്തുകയാണ്. അതുമൂലം അവരോട് ജനങ്ങൾക്ക് ഭയം ഉണ്ടായിത്തുടങ്ങിയിരിക്കയാണ്. പോലീസുഭരണം എത്രമാത്രം മർദ്ദനപരമാണെന്നു അവരുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികൾ പരിശോധിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണ്. എന്തുമാത്രം മർദ്ദനമാണ് അവരിൽനിന്നും ദൈനംദിനം ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതു സംബന്ധിച്ചു ധാരാളം പരാതികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അടുത്തകാലത്തു ചെങ്ങന്നൂരിൽ പോലീസ് ലാക്കപ്പിൽ നടന്ന ഒരു സംഭവംതന്നെ ഞാൻ പറയാം. അവിടെ രണ്ടു കക്ഷികളിൽപ്പെട്ടവർ തമ്മിൽ വഴക്കുണ്ടാകുകയും അതിൽപ്പെട്ട ഒരു കൂട്ടരെ വർഗ്ഗവൈരാഗ്യം നിമിത്തം മർദ്ദിക്കുകയും ഉണ്ടായി. അതേപ്പററി പരാതി കൊടുത്തിട്ടു ഇപ്പോൾ എന്തു് ചെയ്യുവെന്നുള്ളതിന് കേൾപ്പോരും കേൾവിയും ഇല്ല. ഇന്നു ഇവിടെ നടക്കുന്നതെന്താണെന്നുവച്ചാൽ ഏതെങ്കിലും ഒരു പോലീസുദ്യോഗസ്ഥനെപ്പററി പരാതിപ്പെടുകയാണെങ്കിൽ അതന്വേഷിക്കുന്നതിന് ഏൽപ്പെടുത്തുന്നതു് അയാളുടെ ഇമ്മീഡിയേററ് സുപ്പീരിയറെയാണ്. ആ ഉദ്യോഗസ്ഥൻ തന്റെ താഴ്ന്ന ഉദ്യോഗസ്ഥനോടുള്ള സ്നേഹംകൊണ്ടും മററും അന്വേഷണത്തിൽ ഇപ്രകാരം കുററം നടത്തിയിട്ടില്ല എന്നഭിപ്രായപ്പെടുകയും ചെയ്യുന്നതു് സാധാരണയായി തീർന്നിട്ടുണ്ട്.

ഫൈനാൻസ് മിനിസ്റററെ ഒരു കാര്യത്തിൽ അഭിനന്ദിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അതായതു് ഇവിടെ നിയമംമൂലം കണ്ടിൻജൻസി ഫണ്ട് എന്നൊരു ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അതു് പാസ്സാക്കുന്നതിനുമുമ്പ് പത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ അതു് കുറെ അവസരസേവകന്മാർക്കും ചൂഷണവിദഗ്ദ്ധന്മാർക്കും മററും ഗവമെൻറിൽനിന്നും പണം കൊടുക്കുന്നതിലേക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു ഫണ്ടാണെന്നുള്ള അഭ്യൂഹങ്ങളും ആക്ഷേപങ്ങളും ഉണ്ടായി. അതു് ജനങ്ങളുടെ മനസ്സിൽനിന്നും ഇതുവരെ മാറിയിട്ടില്ല. മാത്രമല്ല, ഈ ഗവമെൻറിന്റെ ചില മന്ത്രിമാരെപ്പററിതന്നെ ഉത്തരവാദിത്വമുള്ള ആളുകൾ പരസ്യമായി ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ കണ്ടിജൻസി ഫണ്ടിലേയ്ക്കു് ഈ ബഡ്ജററിൽ യാതൊരു സംഖ്യയും നീക്കിവയ്ക്കാതിരുന്നതു് വളരെ നന്നായി. ജനങ്ങളുടെ ഈ വിശ്വാസം മാറുന്നതിന് മുമ്പേ പല തെററിദ്ധാരണകൾക്കും ഇടയാക്കുന്ന ഈ ഫണ്ടിലേയ്ക്കു് പണം നീക്കിവയ്ക്കാതിരുന്നതിൽ ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ് ചെയ്യുന്നതു്.

അടുത്തതായി ഈ ഗവമെൻറിനെ സംബന്ധിച്ചു ജനങ്ങളുടെ ഇടയിൽ ശരിയായ ആദരവോ വിശ്വാസമോ ഇല്ലാതെയാണ് വന്നിരിക്കുന്നതു് എന്ന സംഗതി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു രാജ്യത്തു് സൽഭരണമാണ്

[Sri Kannara Gopala Panicker]

നടക്കുന്നതെങ്കിൽ അവിടത്തെ ജനങ്ങൾക്ക് ആ ഗവമ്മെണ്ടിനോട് ആദരവും വിശ്വാസവും ഉണ്ടായിരിക്കും. എന്നാൽ ഇന്നു ഇവിടെ ഒരു ഗവമ്മെൻറുണ്ടോ എന്നതന്നെയാണ് ആളുകൾ സംശയിക്കുന്നതു്. ഈ കഴിഞ്ഞ കുറെ നാളുകളായി അനേകം അനേകം ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. അതുമൂലം ജനങ്ങൾക്ക് ഗവമ്മെണ്ടിനോടുള്ള ആദരവിനും വിശ്വാസത്തിനും വളരെ കുറവുതോന്നിയിട്ടുണ്ടു്. ഇതു് എത്രയും വ്യസനകരമായ ഒരു കാൎയ്യമാണ്. ഒരു സൽഭരണം നടക്കുന്ന ഒരു രാജ്യത്തു് നടക്കുന്നതായ കാൎയ്യങ്ങൾ അല്ല ഇതൊന്നും (ബെൽ)

<u>ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ</u>: ഇരുപതുമാസത്തെ അഭാവത്തിനുശേഷം ആദ്യമായിട്ടാണ് ഇപ്പോൾ ഈ സഭയിൽ പങ്കെടുക്കാൻ ഒരു സന്ദർഭം കിട്ടിയതു്.

സർ, എന്നെ ഈ സഭയിൽനിന്നും അകററിനിറുത്തുന്നതിനുവേണ്ടി ഈ ഗവമ്മെണ്ടു് കഴിഞ്ഞ ൨൦ മാസക്കാലമായി വേണ്ടിടത്തോളം പരിശ്രമിക്കുകയായിരുന്നു. സംയോജനം കഴിഞ്ഞു് ആദ്യത്തെ സമ്മേളനത്തിൽതന്നെ ഞാൻ പങ്കെടുക്കാതിരിക്കുന്നതിനുവേണ്ടി അന്നു എൻെറ പേരിൽ യാതൊരു വാറണ്ടും ഇല്ലാതിരുന്നിട്ടും ഞാൻ ഈ അസംബ്ലിയിൽ ഹാജരാകും എന്നുദ്ദേശിച്ചു പോലീസ്സ് സൈന്യത്തെ ഈ അസംബ്ലിഹാളിനു് ചുററും നിറുത്തിയിരുന്നതായി എനിക്കറിയാൻ കഴിഞ്ഞു. കൊച്ചിയിൽനിന്നും അനേകം പോലീസുകാരെ എന്നെ പിടിക്കുന്നതിലേക്കായി ഇവിടെ വരുത്തിയിരുന്നതായി പിന്നീടെനിക്കറിയാൻ കഴിഞ്ഞു. അവസാനം എട്ടൊൻപതു മാസങ്ങൾക്കുശേഷം എന്നെ അറസ്ററുചെയ്തു അവിടെനിന്നും ഞാൻ ജാമ്യത്തിൽ വരാൻ ശ്രമിച്ചു. എന്നാൽ എനിക്കു് ജാമ്യം തരാതെ തുടൎച്ചയായി എനിക്കിവിടെ പങ്കെടുക്കാൻ അവസരം നിഷേധിക്കപ്പെട്ടു. ഇപ്പോൾ എൻെറ ശിക്ഷ അവസാനിക്കാറായി. ഹൈക്കോടതിയിൽനിന്നും അവരുടെ ദാക്ഷിണ്യംകൊണ്ടു് ജാമ്യം ലഭിച്ചു ഈ അവസരത്തിൽ എങ്കിലും ഈ സഭാനടപടികളിൽ പങ്കെടുക്കാൻ എനിക്കു കഴിഞ്ഞു. ഈ അവസരത്തിൽ അറുപതു ദിവസത്തിലധികം തുടൎച്ചയായി സഭാനടപടികളിൽ പങ്കുകൊള്ളാതിരുന്നാൽ മെമ്പർസ്ഥാനം പോകുമെന്നുള്ള സാങ്കേതികമായ കാരണംകൊണ്ടു് എൻെറ മെമ്പർസ്ഥാനം ഇല്ലാതാക്കാൻ അധികാരം ഉണ്ടായിരുന്നിട്ടും അതു് ചെയ്യാതെ എൻെറ സ്ഥാനം തുടരാൻ അനുവദിച്ച ഈ സഭയുടെ ജനാധിപത്യമൎയ്യാദയ്ക്കു് ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

സർ, ഇനി ഈ ബഡ്ജററിനെക്കുറിച്ചും അതിനടിസ്ഥാനമായ ഗവമ്മെണ്ടു് നയത്തെക്കുറിച്ചും എൻെറ അഭിപ്രായം ഞാൻ വ്യക്തമാക്കാം. ഈ ബഡ്ജററു് കോൺഗ്രസ്സ് സക്കാരിൻെറ വർഗ്ഗസ്വഭാവത്തിൻെറ ഒരു പ്രതിഫലനം മാത്രമാണ്. ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുമാത്രമല്ല, ഇൻഡ്യ ഒട്ടാകെ ഇപ്പോൾ ഒരു ബഡ്ജററു് ബഹളമാണ് നടക്കുന്നതു്. ഇതെല്ലാം മിക്കവാറും ഒരുതരത്തിലുള്ളവയാണെന്നു നമുക്കറിയാം. ഈ ബഡ്ജററു് ഇന്നത്തെ ജന്മിമുതലാളിത്തതാല്പൎയ്യത്തെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. സാധാരണക്കാരായ ജനങ്ങളെ അടിച്ചമൎത്തുന്നതിനും തൊഴിൽരഹിതരാക്കുന്നതിനും സഹായിക്കുന്ന ഒരു ബഡ്ജററാണിതു്. ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ രക്ഷയ്ക്കായിട്ടുള്ള യാതൊരു വ്യവസ്ഥയും ഈ ബഡ്ജററിൽ ഞാൻ കാണുന്നില്ല. സർ, എന്താണ് ഈ നാട്ടിലെ സ്ഥിതി. ഓരോ വൎഷം കഴിയും

തോറും നാട്ടിലെ സ്ഥിതി കൂടുതൽ കൂടുതൽ വഷളായിക്കൊണ്ടുപോവുകതന്നെയാണ്.

ഇന്നത്തെപ്പോലെ ഒരു നിസ്സഹായാവസ്ഥ ഇതിനുമുമ്പൊരിക്കലും ഈ രാജ്യത്തു ഉണ്ടായിട്ടില്ല. നാട്ടിൽ അരിയില്ല, തുണിയില്ല, നെയിത്തുതൊഴിലാളികൾക്ക് നൂലില്ല, ബീഡിതെറുപ്പുകാർക്ക് ജോലിയില്ല ഇങ്ങനെ എവിടെ നോക്കിയാലും കുഴപ്പം, അരാജകത്വം, തൊഴിലില്ലായ്മ, പട്ടിണിയും ദാരിദ്ര്യവും. ഇതിൽനിന്നും എന്തു രക്ഷാമാർഗ്ഗമാണ് ഈ ബഡ്ജററ് നിർദ്ദേശിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യത്തെ ഓരോ വിഭാഗം ജനങ്ങളുടേയും സ്ഥിതി പ്രത്യേകം എടുത്തു പരിശോധിക്കാം. ആദ്യമായി തൊഴിലാളികളുടെ കാര്യംതന്നെ എടുക്കുക. ഇവിടത്തെ മാത്രമല്ല, ഇന്ന് ഇൻഡ്യ ഒട്ടുക്കുള്ള തൊഴിലാളികളുടെ സ്ഥിതി എന്താണ്? തൊഴിലില്ലായ്മ സാർവ്വത്രികമായി തീർന്നിട്ടുണ്ട്. ജോലിയില്ല, ജോലിയുള്ളവർക്കുതന്നെ ബോണസ്സില്ല, ജീവിതച്ചിലവിന്റെ വർദ്ധനവിനനുസരിച്ച് കൂലി കൂടുതൽ കിട്ടുന്നില്ല. എന്നിട്ടും നമ്മുടെ ധനകാര്യമന്ത്രി പറയുന്നുണ്ട് ഇയ്യാണ്ടിൽ തൊഴിലാളികളുടെ കാര്യം ഒരുവിധം തൃപ്തികരമായിരുന്നുവെന്ന്. സർ, ഇതു പുണ്ണിന്മേൽ കൊള്ളിവെയ്ക്കുന്ന ഒരേർപ്പാടാണ്. ഈ നാട്ടിലെ ന്നു ൦-ൽപരം തൊഴിലാളിസംഘടനകളെ നിരോധിച്ചിട്ട്, തൊഴിലാളികളെ മുതലാളിമാരുടെ കയ്യിൽ എറിഞ്ഞുകൊടുത്തിട്ട്, ധനകാര്യമന്ത്രി പറയുകയാണ് തൊഴിലാളികളുടെ കാര്യം ഭദ്രമാണ്, അവർക്ക് ക്ഷേമമാണ്, അവർക്കു സുഖവും സമാധാനവുമുണ്ട് എന്ന്. തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യസമരത്തിൽ അനിഷേദ്ധ്യമായ ഒരു പങ്കു വഹിച്ചിട്ടുള്ള ആലപ്പുഴയിലെ തൊഴിലാളികളുടെ സ്ഥിതി എന്താണെന്നു ഇന്നത്തെ മന്ത്രിസഭക്ക് അറിവുണ്ടോ എന്ന് ഞാൻ ചോദിക്കുന്നു. അവിടത്തെ തൊഴിലാളികൾക്ക് ൧൧൨൪-ശേഷം ഇന്നുവരെ ബോണസ് കിട്ടിയിട്ടില്ല. ഭയങ്കരമായ ദുരിതമാണ് അവിടത്തെ തൊഴിലാളികൾ ഇന്നനുഭവിച്ചുവരുന്നതു്. കൊച്ചിയിലെ സീതാറാം, അഴകപ്പമിൽസ് തുടങ്ങിയ തൊഴിൽശാലകളിലെ തൊഴിലാളികളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഇതിനേയാണ് സുഖവും, സമാധാനവും, ശാന്തിയുമെന്നു ധനകാര്യമന്ത്രി പറയുന്നതെങ്കിൽ അതിനെ ഒരു ശ്മശാനത്തിലെ ശാന്തി എന്നുവേണം പറയുവാൻ. അല്ലാതെ തൊഴിലാളികൾക്കോ ജനങ്ങൾക്കോ ഇവിടെ സുഖവും ക്ഷേമവും ശാന്തിയുമുണ്ടെന്നു പറഞ്ഞാൽ കാര്യവിവരമുള്ളവരാരും സമ്മതിക്കുകയില്ല. തൊഴിലാളികളുടെ സ്ഥിതി ഇതാണെങ്കിൽ കൃഷിക്കാരുടെ സ്ഥിതി ഒട്ടും മെച്ചമല്ല. അക്രമപാട്ടംകൊണ്ടും താങ്ങാൻവയ്യാത്ത കടംകൊണ്ടും അവർ ഇന്നു ഞെരുങ്ങി ഞെരുങ്ങുകയാണ്. അവരുടെ ദുരിതത്തിനു് ഒരു പരിഹാരമുണ്ടാക്കുവാൻ ഈ ഗവമ്മെണ്ടിനു് യാതൊരു പദ്ധതിയുമില്ല. കൃഷിക്കാരുടെ രക്ഷക്കെന്ന പേരിൽ ഇവിടെ ഒരു ഭൂനയക്കമ്മിററിയെ ഏർപ്പെടുത്തുകയുണ്ടായി. പരമാർത്ഥം പറഞ്ഞാൽ ആ ഭൂനയകമ്മിററിയുടെ റിപ്പോർട്ട് ഈ നാട്ടിലെ കൃഷിക്കാരോടുള്ള ഒരു വെല്ലുവിളിയാണ്. ഇന്നത്തെ ഭൂവുടമസമ്പ്രദായത്തിൽ അണുവും വ്യത്യാസം വരുത്താത്ത ഒരു റിപ്പോർട്ടാണ് ആ കമ്മിററി പടച്ചുവച്ചിട്ടുള്ളതു്. ഇരുപത്തയ്യായിരമോ മുപ്പതിനായിരമോ രൂപ അതിലേക്കുവേണ്ടി ചിലവാക്കിയിട്ടുണ്ടെന്നു അറിയുന്നു. ഈ നാട്ടിലെ ജനങ്ങളോട് ഇതിലും വലിയ ഒരു അവഹേളനം സാദ്ധ്യമാണോ എന്നു് ഞാൻ ചോദിക്കുന്നു. ഇനി ഈ നാട്ടിലെ സാധാരണക്കാരായ താഴ്ന്നതരം ശമ്പളക്കാരുടെ സ്ഥിതി എന്താണെന്നു ആലോചിക്കാം. അവരുടെ സ്ഥിതി വളരെ കഷ്ടമാണ്. സാധനങ്ങളുടെ വിലക്കൂടുതലിന്റെ തോതനുസരിച്ചു വരുമാനത്തിൽ വർദ്ധനവില്ലാത്തതുകൊണ്ട് അവർ ഇന്നു വളരെ കഷ്ടപ്പെടുകയാണ്.

[Sri. E. Gapalakrishna Menon]

അതിൽനിന്നും എങ്ങിനെയാണ് ഗവമ്മെണ്ട് അവരെ രക്ഷിക്കുവാൻപോകുന്നതു്? ഇങ്ങനെ ഏതുവിഭാഗം ജനങ്ങളെ എടുത്തുനോക്കിയാലും അവർ ഇന്നു പലവിധത്തിലുള്ള ദുരിതങ്ങൾകൊണ്ടു് ഞെങ്ങി ഞെരുങ്ങുകയാണു്. അവരുടെ മുമ്പിൽ ലാത്തിയും തോക്കും നീട്ടിയാണോ അവരെ രക്ഷിക്കാൻപോകുന്നതെന്നു ഞാൻ ചോദിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഒരു കൊല്ലത്തിനുമുമ്പു് ഗവമ്മെണ്ട് നിരോധിക്കുകയുണ്ടായി. അതുപോലെതന്നെ എത്രയോ ട്രേഡ് യൂണിയനുകളേയും വിദ്യാർത്ഥിസംഘടനയേയും ഗവമ്മെണ്ട് നിരോധിച്ചു. എന്നിട്ടു് കമ്മ്യൂണിസ്റ്റുപാർട്ടി ഒരു അക്രമപാർട്ടിയാണെന്നു ഗവമ്മെണ്ട് നാടുനീളെ പ്രചരണംനടത്തി. എന്നാൽ ഈ പ്രചരണങ്ങൾകൊണ്ടൊന്നും വഴിതെറ്റിപ്പോകുന്നവരല്ല ഈ നാട്ടിലെ ജനങ്ങളെന്നു ഗവമ്മെണ്ട് മനസ്സിലാക്കിയാൽ കൊള്ളാമെന്നു ഞാൻ അവരോടു് അപേക്ഷിക്കുന്നു. ഈ നാട്ടിലെ ജനങ്ങൾതന്നെ തീരുമാനിക്കട്ടെ കമ്മ്യൂണിസ്റ്റുപാർട്ടി അക്രമപാർട്ടിയാണോ എന്നു്. ഈ നിയമസഭ പിരിച്ചുവിട്ടിട്ടു് ഈ പ്രശ്നത്തിന്റെ പേരിൽ ഇന്നത്തെ ഭരണാധികാരികളോടു് ഒരു പുതിയ തിരഞ്ഞെടുപ്പിനു് നില്ക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. ഏതുപാർട്ടിയാണു് അക്രമപാർട്ടിയെന്നു് അപ്പോൾ ജനങ്ങൾ മനസ്സിലാക്കിത്തരും.

ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്കു് ഈ രാജ്യത്തു് എന്തെല്ലാമാണു നടന്നിട്ടുള്ളതെന്നു് ഈ സഭയിലെബഹുമാനപ്പെട്ട അംഗങ്ങൾക്കു് അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. നിയമത്തിന്റേയും സമാധാനത്തിന്റേയും പേരിൽ ഇവിടെ പലതും നടന്നിട്ടുണ്ടു്. നിയമത്തിന്റേയും സമാധാനത്തിന്റേയും കാര്യം പ്രത്യേകംഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ടമുഖ്യമന്ത്രി ഉദ്യോഗം സ്വീകരിച്ച അവസരത്തിൽ പറയുകയുണ്ടായി, നിയമസമാധാനങ്ങൾ പാലിക്കുന്ന കാര്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമെന്നു്. എന്നാൽ അതോടൊപ്പംതന്നെ രാജ്യത്തിന്റെ ആഭ്യന്തര സുസ്ഥിതിക്കുവേണ്ടി പോലീസിന്റെ ശക്തിവർദ്ധിപ്പിക്കുന്നതിനു ബഡ്ജറ്റിൽ പ്രത്യേകം വ്യവസ്ഥ കൊള്ളിച്ചിട്ടുള്ളതായും കാണുന്നു. പോലീസുകാർക്കു ശമ്പളം കൂട്ടിക്കൊടുക്കണമെന്നാണെങ്കിൽ ഞാൻ അതിനെ ശക്തിയായി പിന്താങ്ങുന്നു. ൨൫-ം, ൩൦-ംരൂപ ശമ്പളം കിട്ടുന്ന ഈ നാട്ടിലെ പോലീസുകാർ വളരെ ഞെങ്ങി ഞെരുങ്ങിയാണു് കഴിഞ്ഞുപോരുന്നതു്. എന്നാൽ അവർക്കു ശമ്പളം കൂട്ടിക്കൊടുക്കുകയല്ല ഗവമ്മെണ്ടിന്റെ ഉദ്ദേശം. നിയമസമാധാനങ്ങളുടെ പേരിൽ നാട്ടുകാർക്കെതിരായി യുദ്ധം പ്രഖ്യാപിക്കുന്ന ഒരു നയമാണു് ഇവിടത്തെ ഗവമ്മെണ്ടു സ്വീകരിച്ചിരിക്കുന്നതു്. അതു മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കൊല്ലത്തെ ചരിത്രം ഒന്നു പരിശോധിച്ചാൽ മതി. ഈ കാൺഗ്രസ് സർക്കാർ നിയമസമാധാന പ്രവർത്തനങ്ങളുടെ മറപിടിച്ചുകൊണ്ടു് കഴിഞ്ഞ ഒരു കൊല്ലത്തിനിടക്കു വളരെയധികം മർദ്ദനപ്രവർത്തനങ്ങൾ ഈ രാജ്യത്തു നടത്തിയിട്ടുണ്ടെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. എന്നെ അറസ്റ്റുചെയ്തതിനെത്തുടർന്നു ലാക്കപ്പിലിട്ടു മൂന്നുദിവസം തുടർച്ചയായി മർദ്ദിക്കുകയുണ്ടായി. ശിക്ഷിക്കപ്പെട്ട ദിവസംപോലും സ്പെഷൽ ബ്രാഞ്ചുകാർ എന്നു പറയപ്പെടുന്ന ഒരു സംഘം പോലീസുകാർ ലാക്കപ്പിൽ തള്ളിക്കയറി ഇടിക്കുട്ടാകൊണ്ടു് ബോധം കെടുന്നതുവരെ എന്നെ മർദ്ദിക്കുകയുണ്ടായി. എന്നെ മർദ്ദിച്ചതിൽ എനിക്കു സങ്കടമില്ല. എന്നാൽ അതിലും എത്രയോ ദാരുണമായ പലതിനും എനിക്കു് സാക്ഷ്യം വഹിക്കേണ്ടിവന്നിട്ടുണ്ടു്. ഇരിങ്ങാലക്കുടയിലേയും കൊടുങ്ങല്ലൂരിലേയും എത്രയോ തൊഴിലാളികളെ സ്ത്രീ പുരുഷഭേദമെന്യേ നിർദ്ദയം

മർദ്ദിക്കുകയുണ്ടായി. അടിച്ചുടിച്ച് ബോധം കെടുത്തുക, ബോധംവന്നതിനു ശേഷം വീണ്ടും അടിക്കുക ഇതു ഒരു സാധാരണ ഏർപ്പാടായിരുന്നു. എന്റെ ഒരു സഹപ്രവർത്തകൻ തൃശ്ശൂർ സെൻട്രൽ ജയിലിലുണ്ട്. മർദ്ദനമേററ മൂന്നുമാസം അദ്ദേഹം ആശുപത്രി ചികിത്സയിലായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ കാലിന്റെ ഒരു കഷണം എല്ല് എടുത്തുകളഞ്ഞിരിക്കുന്നു. ഇനിയും ഒടിഞ്ഞ എല്ലുകൾ അദ്ദേഹത്തിന്റെ കാലിൽ ഉണ്ടായിരിക്കാമെന്നു ഡാക്ടർ നാരായണമേനോൻ പറയുകയുണ്ടായി. ഇങ്ങനെയാണ് നിയമസമാധാനം പാലിക്കുന്നതു്. ചോരയും നീരുമുള്ള പത്തു ചെറുപ്പക്കാരെ കോൺഗ്രസ്സിന്റെ പോലീസ് ലോക്കപ്പിലിട്ടു അടിച്ചുകൊന്നിട്ടുണ്ട്. ഇതെല്ലാം കഴിഞ്ഞിട്ടും രക്തസമ്മർദ്ദംകൊണ്ടും, മഞ്ഞപ്പിത്തംകൊണ്ടും പുഴക്കടികൊണ്ടും ആണ് അവർ മരണമടഞ്ഞതെന്നു് അഹിംസയുടേയും അക്രമരാഹിത്യത്തിന്റേയും പ്രവാചകന്മാരായ കാൺഗ്രസ് സ്നേഹിതന്മാർ പ്രസംഗിച്ചുനടക്കുകയാണ്. ഇതൊന്നും കേട്ടാൽ വിശ്വസിക്കുന്നവരല്ല ഇന്നാട്ടിലെ ആളുകളെന്നു അവർ മനസ്സിലാക്കേണ്ടതാണ്. ഈ നാട്ടിലെ ജനങ്ങളുടെ പ്രതിഷേധത്തിന്റെ ശബ്ദം ഇന്നു സർവ്വത്ര ഉയർന്നു പൊങ്ങാൻ തുടങ്ങിയിരിക്കുന്നു. ഈ രാജ്യത്തെ ലാക്കപ്പുകളിലെ കല്ലിനും മണ്ണിനും സംസാരിക്കുവാൻ സാധിക്കുമെങ്കിൽ മർദ്ദനത്തിന്റേയും, പീഡനത്തിന്റേയും, ദുരിതത്തിന്റേയും, കണ്ണീരിന്റേയും എത്രയോ കഥകൾ അവയ്ക്കു പറയുവാനുണ്ടാകും. ഈയവസരത്തിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ സംസ്കാരത്തിന്റെ മുമ്പിൽ, മനസ്സാക്ഷിയുടെ മുമ്പിൽ, മനുഷ്യത്വത്തിന്റെ മുമ്പിൽ ഞാൻ ഒരു അഭ്യർത്ഥന നടത്തുന്നു. പുരുഷന്മാരേയും സ്ത്രീകളേയും, അമ്മയേയും മകനേയും നഗ്നമാക്കി നിറുത്തിക്കൊണ്ട് അവരുടെ ഗുഹ്യസ്ഥാനത്തു പരസ്പരം മുഖംകൊണ്ടു സ്പർശിക്കുവാൻ നിർബന്ധിച്ച ദാരുണ രംഗങ്ങൾ എറണാകുളത്തേയും ഇരിങ്ങാലക്കുടയിലേയും ലോക്കപ്പുകളിൽ നടന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്.

മിസ്റ്റർ സ്പീക്കർ: ബഡ്ജററിന്റെ വാദപ്രതിവാദവുമായി ബന്ധമില്ലാത്തതും അതിനു അനുയോജ്യമല്ലാത്തതുമായ പ്രസ്താവനകൾ തുടരാൻ അനുവദിക്കുന്നതല്ല. പ്രസ്താവനകളിൽ അടങ്ങിയ സംഗതികൾ പരമാർത്ഥങ്ങളായിരുന്നാൽ തന്നെയും ബഡ്ജററിന്റെ പൊതുവിമർശനവേളയിൽ അവ സംഗതമല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഗവമെണ്ടിന്റെ നയത്തെ സംബന്ധിച്ചും നിയമസമാധാനപരിപാലന സമ്പ്രദായത്തെക്കുറിച്ചും പറയുന്നതു സംഗതമായിരിക്കുമെന്നു കരുതി പറഞ്ഞതാണ്.

മിസ്റ്റർ സ്പീക്കർ: ആ സംഗതികളെ സ്പർശിച്ചു പൊതുവെ സംസാരിക്കുന്നതിൽ തരക്കേടില്ല. എന്നാൽ അവയുടെ വിശദാംശങ്ങളിലേക്കു് കടക്കുന്നതു് ഈയവസരത്തിൽ ശരിയല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഞാൻ ആ ഭാഗം അവസാനിപ്പിക്കുന്നു. ഇങ്ങിനെ ഈ നാട്ടിൽ ക്രമസമാധാനങ്ങളുടെ പേരിൽ കഴിഞ്ഞ ഒരു കൊല്ലക്കാലത്തു ഭയങ്കരമായ പലതും നടന്നിട്ടുണ്ട്. മറെറാന്നുമില്ലെങ്കിൽ തന്നെയും ഈ രാജ്യത്തു ഒരുവനു സ്വൈരമായി ഒരു സ്ഥലത്തു കഴിഞ്ഞുകൂടുവാൻപോലും കഴിയുന്നില്ലല്ലോ എന്നുള്ള പരിതാപകരമായ ഒരവസ്ഥയിലേക്കാണ് ജനങ്ങൾ എത്തിയിരിക്കുന്നതു്. ഇപ്പോൾ കൊച്ചിക്കാരും തിരുവിതാംകൂറുകാരും ചേരിതിരിഞ്ഞുനിന്നു എന്തിനോക്കെ വേണ്ടി കലഹിച്ചുകൊണ്ടിരിക്കയാണ്. കൊച്ചിയിലെ കാൺഗ്രസ് മെമ്പറന്മാർ തങ്ങളുടെ ഒരു പ്രതിനിധി മന്ത്രിസഭയിൽ

[Sri. E. Gopalakrishna Menon]

ഉണ്ടായിരിക്കണമെന്ന് വാദിക്കുന്നതായി കേട്ടു. അത് ഒരു സങ്കുചിത മനോഭാവമാണെന്നു പറഞ്ഞു അതിനെ എതിർക്കുന്ന ഒരു വിഭാഗക്കാരും ഇതിനകത്തുണ്ട്. ഇതിലൊന്നും വലിയ അർത്ഥമുള്ളതായി ഞാൻ കാണുന്നില്ല. എങ്കിലും തിരുവിതാംകൂറും കൊച്ചിയും വളരെക്കാലമായി രണ്ടു വ്യത്യസ്തരാജ്യങ്ങളായി നിലനിന്ന ഒരു പാരമ്പര്യമുണ്ട്. പ്രത്യേകം പ്രത്യേകം തീരുമാനിക്കേണ്ടതായ പല പ്രശ്നങ്ങളും ഇന്നും നിലവിലുണ്ട്. ആ സ്ഥിതിക്ക് കൊച്ചിയെ പ്രതിനിധീകരിക്കുന്ന ഒരു മന്ത്രി മന്ത്രിസഭയിൽ വേണമെന്ന് ഒരു കൂട്ടർ പറയുന്നുണ്ടെങ്കിൽ അതു തെറ്റാണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ എന്റെ കൊച്ചി സുഹൃത്തുക്കൾ കൊച്ചിക്കാരുടെ നന്മക്കുവേണ്ടിയാണോ, ഇങ്ങനെ ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി വാദിക്കുന്നതെന്നു എനിക്കു വളരെ സംശയമുണ്ട്. രാജ്യത്തെ ജനങ്ങളെ സാരമായി സ്പർശിക്കുന്ന പ്രധാനപ്പെട്ട പലപ്രശ്നങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. ഭൂനയപ്രശ്നം, ലെവിസിസ്റ്റം, പൌരസ്വാതന്ത്ര്യമർദ്ദനം ഇങ്ങനെ പല പല പ്രശ്നങ്ങൾ ഇവിടെ ഉണ്ട്. അതിനൊന്നിനും ഒച്ചപ്പാടുണ്ടാക്കാനോ രാജിവെക്കാനോ പ്രതിഷേധം പുറപ്പെടുവിക്കാനോ തയ്യാറാകാത്ത എന്റെ കൊച്ചിയിലെ കാൺഗ്രസ് സ്നേഹിതന്മാർ ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി ഇപ്പോൾ രാജിവയ്ക്കാൻ തയ്യാറായിരിക്കുന്നതുകണ്ടാൽ ഇതിൽ എന്തോ കള്ളമുണ്ടെന്നു എന്നെപ്പോലുള്ളവക്ക് മനസ്സിലാക്കാൻ വിഷമമില്ല. മുൻമന്ത്രിസഭയിലെ ഒരു അംഗമായിരുന്ന ശ്രീ. ജാൺഫിലിപ്പോസിനെപ്പററി മിസ്. മസ്ക്രീൻ ഗൗരവാവഹമായ ചില ആരോപണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അതിനെപ്പററി നാട്ടുകാരുടെയിടയിൽ വളരെ ഉൽക്കണ്ഠയുണ്ട്. ഇങ്ങനെയുള്ള പ്രധാന പ്രശ്നങ്ങളിൽനിന്നും ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു വഴിതെററിക്കാൻ വേണ്ടി ആലോചിച്ചുറച്ച് കൊണ്ടുവന്നിരിക്കുന്ന ഒരു തന്ത്രമാണ് ഇതെന്നാണ് നാട്ടുകാർ മനസ്സിലാക്കുന്നത്. ഞാൻ അവസാനമായി വീണ്ടും പറയുന്നു, ഈ മന്ത്രിസഭയിൽ ജനങ്ങൾക്ക് അശേഷം വിശ്വാസമില്ലെന്ന്. ഇവിടത്തെ ജനങ്ങളെ ഭരിക്കുവാൻ ഈ ഗവമ്മെണ്ടിനു ഒരു നിമിഷംപോലും അവകാശമില്ല. പൊതുജനാഭിപ്രായമാകുന്ന വിശാലമായ കോടതിയുടെ മുമ്പിൽ കാൺഗ്രസ്സ് സക്കാർ ഇന്നു പ്രതിക്കൂട്ടിൽ നില്ക്കുകയാണെന്നു അവർ മനസ്സിലാക്കട്ടെ. ജനാധിപത്യ സിദ്ധാന്തങ്ങളോടു അല്പമെങ്കിലും ബഹുമാനമുണ്ടെങ്കിൽ, ഈ മന്ത്രിസഭക്ക് ലേശമെങ്കിലും ലജ്ജയുണ്ടെങ്കിൽ,...............

**Mr. Speaker:** The member will withdraw that expression, that is, "ലജ്ജയുണ്ടെങ്കിൽ"

**Sri. E. Gopalakrishna Menon:** I withdraw that word. ജനാധിപത്യതത്വങ്ങളോടു അല്പമെങ്കിലും ആദരവുണ്ടെങ്കിൽ ഈ മന്ത്രിസഭ ഉടനെ രാജിവച്ചിട്ടു ഒരു പുതിയ തെരഞ്ഞെടുപ്പിനു നിൽക്കുവാൻ ഞാൻ അവരെ വെല്ലുവിളിക്കുന്നു.

<u>ஸ்ரீ. கெ. ராமகிருஷ்ண ஆசாரி:</u> ஸர், தர்ம நாட்டை கற்பனையில் கொண்டு வினையாற்றிய அண்ணல் காந்தி மகானால் போற்றி பேணிவளர்த்த காங்கிரஸ் மகா சபையின் தேர்தல் காலத்தில் வீடில்லாதவர்களுக்கு

൧൭-ൽ ശിഷ്ടം രൂപാ ഫെയർ പ്രൈസ് ഉള്ളപ്പോൾ ഇപ്പോഴത്തെ ബ്ലാക്ക മാർക്കറ്റിൽ അതിൽ നാല്പത്തിയേഴോ നാല്പത്തിയെട്ടോ രൂപയാണെന്നാണ് ഞാൻ അറിയുന്നത്. അത് ആവശ്യത്തിനു ലഭിക്കുകയും ചെയ്യുന്നു. അപ്പോൾ ൩൦ രൂപായിൽ അധികം ബ്ലാക്ക മാർക്കറ്റുകാർക്ക് ഒരു കെട്ടു നൂലിൽനിന്നും ആദായം ലഭിക്കുന്നു. തന്മൂലം നെയ്ത്തുകാർക്ക് കിട്ടുന്നതായ കാൽകെട്ടോ രണ്ടു കഴിയോ നൂല് ബ്ലാക്ക മാർക്കറ്റിൽ കൊടുക്കാൻ താല്പര്യപ്പെടുന്നു. അങ്ങിനെ കാൽ കെട്ടു നൂല് ബ്ലാക്ക മാർക്കറ്റിൽ കൊടുക്കുന്നവന് ഏഴര രൂപാ കൈയ്യിൽകിട്ടും. ഈ സമ്പ്രദായം തുടർന്നുവരുന്നതുമൂലം നെയ്ത്തു വ്യവസായം തന്നെ അധഃപ്പതിച്ചുപോകുന്നു. തറികൾ ഉള്ളവർക്കുതന്നെ ആ വ്യവസായം തുടർന്നുകൊണ്ടുപോകുന്നതിനുള്ള സാഹചര്യങ്ങളും ഇല്ല. ബ്ലാക്ക മാർക്കറ്റിൽ നാല്പതുകെട്ടുള്ള ഒരു ബെയിലിനു ൧,൨൦൦ രൂപയാണു അധികവില കിട്ടുന്നതു്. ഇതു ചെറിയ കാര്യമൊന്നുമല്ല. ഇങ്ങിനെ ഇവിടെ കിട്ടുന്ന ൭൦൦-ാം ൮൦൦-ാം ബെയിൽ നൂല് ബ്ലാക്ക മാർക്കറ്റിൽ വില്ക്കുന്നപക്ഷം ഏകദേശം നാലു ലക്ഷത്തി എൺപതിനായിരം രൂപാ ഉണ്ടാകുന്നതാണ്. ചെറിയ ഉദ്യോഗസ്ഥന്മാരായി ഇതിലേയ്ക്കു നിയമിച്ചിട്ടുള്ളവർ പൊതുവേ അഴിമതിക്കാരാണ്. എല്ലാവരും അങ്ങനെ ആണെന്നു പറയുന്നില്ല. തറികളുടെ കണക്കെടുക്കുന്നതിലേയ്ക്കു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർതന്നെ തറികൾ ഇല്ലാത്തവരുടെ കണക്കുകൂടി ഉൾപ്പെടുത്തുകയും തറികൾ ഉള്ളവരുടെ കണക്കു പാവപ്പെട്ടവരാണെങ്കിൽ ഉൾപ്പെടുത്താതെയും ഇരിക്കുന്നുണ്ട്. തന്മൂലം സാധുക്കളായിട്ടുള്ളവർക്ക് വളരെ ക്ലേശം അനുഭവമാകുന്നു. ഈ വക കാര്യങ്ങൾ ഗവർമ്മെണ്ടു വളരെ ഗൗരവമായിട്ടു ചിന്തിക്കേണ്ടതാണ്. ഇതിലേക്ക് വളരെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക മേൽനോട്ടത്തിൽ തറികളുടെ കണക്കു എടുക്കുകയും ഇവിടെ നിന്നും ലഭിക്കുന്ന നൂല് യാതൊരു നീക്കുപോക്കും കൂടാതെ കാർഡിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്തുള്ളവർക്ക് വിതരണം ചെയ്കയും ചെയ്തിരുന്നുവെങ്കിൽ ഇത്ര പരിതാപകരമായ ഒരവസ്ഥ ഈ നാട്ടിൽ ഉണ്ടാകുന്നതല്ലായിരുന്നു. ഈ രാജ്യത്തിലെ നെയ്ത്തുകാരുടെ ആവശ്യത്തിനു ഇപ്പോൾ കിട്ടിവരുന്ന നൂല് വളരെ കുറവാണ്. ഈ വ്യവസായത്തെ സംബന്ധിച്ച് എനിക്കുള്ള അറിവു വളരെ പരിമിതമല്ല. എന്റെ അറിവു വച്ചുകൊണ്ടു പറയുകയാണെങ്കിൽ ഇന്നു ഓരോ തറിക്കും കുറഞ്ഞതു നാലുകെട്ടും നൂൽ ആവശ്യമുണ്ട്. എത്ര കുറഞ്ഞാലും ഒരു നെയ്ത്തുകാരനു രണ്ടുകെട്ടു നൂൽ വീതമെങ്കിലും ഇവിടെ കിട്ടുന്നതിനു ഇപ്പോഴത്തെ സെൻസസ്സ് അനുസരിച്ചു ൮൦,൦൦൦ തറികൾ ഉണ്ടെന്നു പറയുന്ന സ്ഥിതിക്കു് ഏകദേശം ൩,൦൦൦ ബെയിൽ നൂൽ ഇവിടെ മാസംതോറും കിട്ടണം. ഇന്നത്തെ രീതിയിൽ മാത്രം ഇവിടെ നൂൽ കിട്ടുന്നപക്ഷം ഈ വ്യവസായം കാലക്രമത്തിൽ അധഃപ്പതിച്ചുപോകുന്നതാണ്. അങ്ങിനെ ഒരു സ്ഥിതി ഉണ്ടാകാതെ നോക്കേണ്ടതാണ്. ഇവിടെ കിട്ടുന്ന നൂല് ഇവിടെയുള്ള നെയ്ത്തുകാർക്കുതന്നെ കിട്ടത്തക്കവണ്ണം ഒരു വ്യവസ്ഥ ഉണ്ടാക്കണം. സർ സി. പി. രാമസ്വാമി അയ്യർ ഇവിടത്തെ നൂൽ ശരിയായി വിതരണം നടത്തുന്നതിലേയ്ക്കു ചില വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനെപ്പററി ഇവിടെ മി. കുട്ടൻ പറയുകയുണ്ടായി. അന്ന് ഇത്രയും അനാസ്ഥ കാണിച്ചിരുന്നില്ല. അന്നു താലൂക്കു കമ്മിററികൾ മുഖേന നൂൽ വിതരണം നടത്തണമെന്നുള്ള ഒരു വ്യവസ്ഥയുണ്ടായിരുന്നതായി പറഞ്ഞു. ആ വ്യവസ്ഥ അനുസരിച്ചു അവർ ഒരു വിധം ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിച്ചിരുന്നുവെന്നു അനുഭവപ്പെട്ടിട്ടുണ്ട്. അന്നു കുറഞ്ഞതു് ഒരു മാസത്തിൽ ഒരുകെട്ടു നൂൽ എന്ന കണക്കിനു കിട്ടിക്കൊണ്ടിരുന്നു.

[Sri. R. Sankar]

ഇന്നു് ഈ രാജ്യത്തുണ്ടായിരിക്കുന്ന നൂൽക്ഷാമം ഇല്ലാതാക്കുന്നതിനു്, തറികൾ ഇല്ലാത്തവർക്കു് നൂൽവിതരണം നടത്തി ബ്ലാക്ക് മാർക്കററു ചെയ്യുന്നതിനുള്ള സൗകര്യം കൊടുക്കാതെ സൂക്ഷിക്കുകയും, നെയ്ത്തു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പാവപ്പെട്ടവരായ നെയ്ത്തുകാർക്കു് ആവശ്യത്തിനുള്ള നൂൽ കാർഡിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്കയും ആണു വേണ്ടതു്. ഇന്നു ഈ രാജ്യത്തു പത്തൻപതിനായിരം കുടുംബങ്ങൾ ഏററവും പുരാതനമായ ഈ വ്യവസായത്തിൽ ഏർപ്പെട്ടു ജീവിതം കഴിച്ചുകൂട്ടുന്നുണ്ടെന്നുള്ള വസ്തുത ഗവമ്മെണ്ടു മറക്കരുതു്. കയർ വ്യവസായം കഴിഞ്ഞാൽ സാമ്പത്തികമായ ഏററവും പ്രധാനമായ കുടിൽ വ്യവസായം ഇതാണു്. അതുകൊണ്ടു് ഗവമ്മെണ്ടു ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ തൊഴിൽ രഹിതരാക്കിത്തീർക്കാതെ രക്ഷിക്കേണ്ടതുമാണു്.

നൂലിന്റെ ക്ഷാമത്തെപ്പററി ഇൻഡ്യാ ഗവമ്മെണ്ടിൽ നിവേദനം നടത്തിയതിന്റെ ഫലമായി അടുത്തുതന്നെ ഇവിടത്തേയ്ക്കുള്ള ക്വോട്ടാ വർദ്ധിപ്പിക്കുന്നതാണെന്നു ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും മറുപടി കിട്ടിയതായും ഇവിടെ പറയുകയുണ്ടായി. അതു കേട്ടുകൊണ്ടു നാം ഇരുന്നാൽ കാര്യം ഇനിയും കുഴപ്പമായിരിക്കും. ഇൻഡ്യാ ഗവമ്മെണ്ടിന്റെ അടുത്തു വളരെ കാര്യമായി പ്രക്ഷോഭണങ്ങളും സമ്മർദ്ദവും കൊണ്ടു ചെല്ലുന്നവർക്കുമാത്രമേ കാര്യം സാധിക്കുന്നുള്ളു. മദ്രാസിൽ ഇതുപോലെ നൂൽക്ഷാമം ഉണ്ടായപ്പോൾ അവിടത്തെ എം. പി. മാർ മുഴുവൻ ഡൽഹിയിൽ കേന്ദ്രഗവമ്മെണ്ടു മുമ്പാകെ നിവേദനം നടത്തിയതിന്റെ ഫലമായി അവരുടെ ക്വോട്ടാ ഇപ്പോൾ വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ഇവിടത്തെ എം. പി. മാർ അവിടെയുണ്ടെങ്കിലും അവർക്കു് ഈ കാര്യങ്ങൾ ശ്രദ്ധിക്കാൻ സൗകര്യമില്ല. അവർ ഇപ്പോഴത്തെ മന്ത്രിസഭാമാററത്തിലും മററുമാണു് കൂടുതലായി ശ്രദ്ധിക്കുന്നതു്. ചിലർ അതുസംബന്ധിച്ചു ഇങ്ങോട്ടു പോരുകയാണെന്നും അറിയുന്നതിനിടയായി. ഈ ഡൽഹിയിൽ താമസിക്കുന്ന നമ്മുടെ എം. പി. മാർ പ്രത്യേകം ശ്രമിച്ചിരുന്നെങ്കിൽ എന്തെങ്കിലും ഇതിലേയ്ക്കുവേണ്ടി അവർക്കു ചെയ്യുവാൻ സാധിക്കുമായിരുന്നു. അടുത്ത മാസത്തേയ്ക്കെങ്കിലും ഈ വിഷമാവസ്ഥയ്ക്കു് ഒരു പരിഹാരം ഉണ്ടാക്കുവാൻ വേണ്ടതൊക്കെ ഈ ഗവമ്മെണ്ടു ചെയ്യുമെന്നു വിശ്വസിക്കുന്നു.

**Sri. K. Sivarama Pillai:** Sir, this question has to be viewed from two aspects; one is that of the weavers and the other that of the consumers. So far as the weavers are concerned, I heard different views as regards the quantity that is required. From a personal knowledge and also from news supplied by people who were professional weavers by generation for the last 150 years, I can say that so far as 20's are concerned, 5 bundles is the minimum required for work, and that gives work for fifteen days. So far as 40's are concerned, it is two bundles, and for 60's, it is one and a half bundles. These are the minimum required to work and that will give work only for 15 days in a month. The latest distribution done in Nagercoil is two 'catches' that is, one pound of 20's for a loom. For a worker with one loom, this quantity would last, in respect of 50 pounds, four and a half years to complete the quota, so that he may put them in his loom. Therefore, necessarily he has to sell it to another. The first thing that the Government has to do is to put an end to their selling in the black market. If you give a person less than what is required to put in the loom, necessarily a poor man has no other go but to sell it, and he sells it in the black market. So, the Government is only an abettor so far as that is concerned. What the Government has, therefore, to do is to see that whatever be the quantity that is obtained, that quantity is used properly.

Now, they are distributing it to the co-operative societies. The co-operative societies have to insist that whatever quantity is given, the cloth has to be returned. If that is insisted upon, many of the looms in Central Travancore could not be in the record. My friend was saying that in Neyyattinkara, there were 40 to 50 looms. I asked him what the number was before 1944, and how much of it was purchased. The entire yarn given in Neyyattinkara and the south of Trivandrum finds its way the very night to Nagercoil. And there, because there are professional weavers, they have to buy it. It is true that as Mr. P. S. Nataraja Pillai said, last week Rs. 61 was the price for 20's. It is selling at four times the previous price. But the latest price is Rs. 35 only. In Madras they issue one bundle per loom. There is no demand at Vadasseri, and so, the black market price rests upon Vadasseri. If they can export the cloth immediately, the price rises. If they cannot do it, it falls down. Instead of per capita distribution so that all must get it, a better method must be devised. The per capita system is of no use.

I say Government is an abettor. Last time, one of the Ministers, when answering a question, was saying that from 1945 to 1950, the quota was 1,900 bales but the demand is only for 1,100 bales. It was a deliberate act on the part of the Government, in consulation with the merchants, to create artificial scarcity here so that there may be black market. There was demand in our place for more than 2,000 bales even then, but the Government could not get that quantity. Whatever be the quantity which the Government gets, you must see that it is distributed and is worked in the loom and purchased by the co-operative society. Or, as some other member said, give each loom the quantity required, and see that the loom-holder works. If he does not work, cancel the quota. That is the only possible thing to do.

As regards the consumers, it is better that control is taken away. It is a waste of the consumers' money. For the last four and a half years, we have got this control. In spite of a thousand and odd bales being brought down, in spite of a large expenditure on the Control Departments and in spite of it being given at controlled rates, can the Textile Department supply one yard of cloth manufactured in our State at the controlled rate? The rate is calculated as if the whole yarn is purchased at the black market rate and one 20's cloth—two yards—is worth Rs. 4½ now. That means, even at the rate of Rs. 60, it is less. I submit that so far as consumers are concerned, it is better the department is abolished and no yarn is supplied to anybody, because it is immaterial for them. Whatever the Department gets and whatever it gives, the consumers are not benefited. If the weavers are to be benefited, it is to be seen that proper distribution has to be effected and each loom is supplied the full quantity. If they cannot be numbered serially, give them at so much quantity for so many looms. Otherwise, per capita distribution only enables them to sell it to other loom-holders and make a profit.

<u>ശ്രീ. ടി. കെ. കുഞ്ഞതള്ളപ്പൻ:</u> ഒരു നെയ്ത്തുകാരനു ശരാശരി ൨ മുതൽ ൫ കെട്ടുവരെ നൂൽകൊണ്ടു വേലചെയ്യുവാൻ കഴിയുമെന്നിരിക്കെ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതു് അരക്കെട്ടു നൂൽ മാത്രമാണെന്നു ഇവിടെ പലരും പറഞ്ഞു കഴിഞ്ഞു. അതു സഹിക്കാം. എന്നാൽ അരക്കെട്ടു നൂൽതന്നെ കിട്ടാതിരിക്കുന്നു എന്നതാണു പരമാർത്ഥം. നാലോ അഞ്ചോ കഴിമാത്രം കിട്ടുന്ന മാസങ്ങളുണ്ടു്. അതുതന്നെ കിട്ടുന്നതിനുവേണ്ടി പതിനഞ്ചും ഇരുപതും മൈൽ ദൂരം വഴിനടന്നു തലസ്ഥാന നഗരിയിൽവന്നു വൈകുന്നേരം ആകുമ്പോൾ നൂൽ കിട്ടാതെ നിരാശയോടെ മടങ്ങി പോകേണ്ടിവരുന്നു എന്നു വന്നാലത്തെ കഥയെന്താണു്. അതുതന്നെ നാലും അഞ്ചും തവണ ആവർത്തിക്കുക എന്നുവന്നാലോ?

[Sri. T. K. Kunhayyappan]

തിരുവിതാംകൂർ ഭാഗത്തു നൂൽ വിതരണത്തിന്റെ ഒരു പ്രധാനഭാഗം നടത്തിവരുന്നതു് ഇവിടെ നൂലുണ്ടാക്കുന്ന മില്ലുതന്നെയാണു്. ആ മിൽ തന്നെയാണു് തറികളുടെ സെൻസസ്സ് തിട്ടപ്പെടുത്തിയിരിക്കുന്നതു്. നൂലുണ്ടാക്കുന്ന മില്ലിനെ തന്നെ തറികളുടെ കണക്കെടുപ്പാനും നൂൽ വിതരണം ചെയ്യാനും ഏല്പിച്ചാൽ ഒക്കുമോ? ഇവിടത്തെ ബുദ്ധിമുട്ടുകൾക്കെല്ലാം ഒരു പ്രധാന കാരണം മേല്പറഞ്ഞ ചുമതലകൾ നൂലുണ്ടാക്കുന്ന മില്ലിനെതന്നെ ഏല്പിച്ചതാണു്. ഏതെങ്കിലും ദിവസത്തിൽ നൂൽ വിതരണമുണ്ടെന്നു മില്ലുടമ പരസ്യപ്പെടുത്തും. അതുകേട്ടു ആശയോടുകൂടി നെയ്ത്തുകാർ ബഹുദൂരം സഞ്ചരിച്ചു തലസ്ഥാന നഗരിയിൽ എത്തി നാലോ അഞ്ചോ മണിവരെ കാത്തിരുന്നതിനുശേഷം നൂൽ ഇല്ലെന്നുള്ള മറുപടിയും കേട്ടു നിരാശയോടെ മടങ്ങിപ്പോകുന്ന ഒരു അനുഭവമാണു് ഉണ്ടാകുന്നതു്. നൂലെല്ലാം ഇല്ലാത്ത തറികൾക്ക വിതരണം ചെയ്തു കഴിഞ്ഞിരിക്കും.

നൂൽ വിതരണം സഹകരണസംഘങ്ങളെ ഏല്പിക്കുന്നതിനെ സംബന്ധിച്ചു് ഇവിടെ പറയുകയുണ്ടായി. തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ നൂൽ വിതരണം ചെയ്യുന്നതു് അവിടത്തെ സെൻട്രൽ കോട്ടേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയാണു്. യാതൊരു ആക്ഷേപവുമില്ലാതെ അവിടെ നൂൽവിതരണം ചെയ്യാൻ ആ സംഘത്തിനു കഴിയുന്നുണ്ടു്. വേറെ യാതൊരു ഏജൻസിക്കും അവിടെ നൂൽ വിതരണം അനുവദിച്ചിട്ടില്ല. ഏഴെട്ടു ശാഖകൾ വഴിയും പ്രാഥമിക സംഘങ്ങൾ വഴിയുമായിട്ടാണു് മാർക്കറ്റിംഗ് സൊസൈറ്റി ഈ ജോലി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. അങ്ങിനെ യാതൊരു കുഴപ്പവുമില്ലാതെ അവിടെ സഹകരണത്തിനു നൂൽ വിതരണം നടത്താമെങ്കിൽ ഇവിടെയും അതു സാദ്ധ്യമാണു്. പക്ഷെ ഈയിടെ അവിടെ ഒരു ആപത്തു സംഭവിച്ചു. ൧൧൨൪-ൽ രണ്ടാമതു നൂലിനു നിയന്ത്രണം ഏർപ്പെടുത്തിയ കാലത്തു അവിടെ ൩,൦൦൦ തറികളാണു് പ്രവർത്തിച്ചുകൊണ്ടിരുന്നതു്. ഈ ൩,൦൦൦ തറികൾക്കുമായി മുന്നൂറ്റിഎൺപതുമുതൽ മുന്നൂറ്റിതൊണ്ണൂറുവരെ ബെയിൽ നൂല് അവിടെ ലഭിച്ചിരുന്നു. അതിൽ ൩൦൦ ബെയിൽ കൊച്ചി അഴകപ്പാ ടെക്സ്റ്റയിൽസിൽനിന്നും ബാക്കി മുളകുന്നത്തുകാവിലുള്ള മഹാലക്ഷ്മി ടെക്സ്റ്റയിൽസിൽനിന്നുമാണു് കിട്ടിവന്നതു്. അഴകപ്പാമില്ലിൽനിന്നുള്ള ക്വാട്ട ൧൫൦ ബെയിലാക്കി കുറച്ചു. അപ്പോൾ അതും നൂല് പുറത്തുനിന്നും കിട്ടുന്നതിനും ഏർപ്പാടു ചെയ്തിരുന്നു. അങ്ങിനെ യാതൊരു കുഴപ്പവുംകൂടാതെ നടന്നുവരവേയാണു് സംയോജനം വന്നതു്. കൊച്ചി വിഭാഗത്തോടുകൂടി തിരുവിതാംകൂറിലെ കുന്നത്തുനാടും പറവൂരും താലൂക്കുകൾകൂടി കൂട്ടിച്ചേർത്തു തൃശ്ശൂർ ഡിസ്ട്രിക്റ്റ് ഉണ്ടാക്കി. ആ രണ്ടു താലൂക്കുകളിലേയും നൂൽ വിതരണംകൂടി മാർക്കറ്റിംഗ് സൊസൈറ്റിയെ ഏല്പിച്ചു. ഈ രണ്ടു താലൂക്കുകളിലുംകൂടി ൧,൫൦൫ തറികൾ ഉണ്ടു്. അങ്ങനെ ഡിസ്ട്രിക്റ്റിലെ തറികളുടെ എണ്ണം ൩,൦൦൦-ൽ നിന്നും ൪,൫൦൫ ആയി വർദ്ധിച്ചു. എങ്കിലും നൂലിന്റെ ക്വാട്ടാ കൂടുതലായില്ല. ആദ്യമേ അനുവദിച്ചിരുന്ന ക്വാട്ടാകൊണ്ടുതന്നെ ഈ രണ്ടു താലൂക്കുകളിലുംകൂടി വിതരണംചെയ്യേണ്ടിവന്നു. അങ്ങിനെ കൊച്ചിവിഭാഗത്തിനുമുമ്പു കിട്ടിയിരുന്ന നൂല് വളരെ ഗണ്യമായ തോതിൽ കുറയാൻ ഇടയായി. ൩൦൦ ബെയിൽ വീതം കിട്ടിക്കൊണ്ടിരുന്ന അഴകപ്പാ ടെക്സ്റ്റയിൽസിൽനിന്നും കഴിഞ്ഞ ജനുവരിമാസത്തിൽ കേവലം ൧൦൦ ബെയിൽ മാത്രമാണു് കിട്ടിയതു്. കഴിഞ്ഞ ജൂലൈമാസത്തിൽ അതുപോലും കിട്ടിയില്ല. ഫെബ്രുവരിമാസത്തിൽ വെറും ൪൫ ബെയിൽ നൂലുമാത്രമാണു് അഴകപ്പാ ടെക്സ്റ്റയിൽസിൽനിന്നു കിട്ടിയതു് എന്നറിയുന്നു, പുറമേനിന്നു ൩൫ ബെയിലും. ഇങ്ങനെ ൧൨൦ ബെ

യിൽ നൂല മാത്രമാണു് ഫെബ്രുവരി മാസത്തിൽ വിതരണത്തിന ലഭിച്ചതു്. തിരുവിതാംകൂർ വിഭാഗവുമായി പൂളിങ്ങ് നടത്തിയതുമൂലം കൊച്ചി വിഭാഗത്തിന ക്രമമായി ലഭിച്ചുകൊണ്ടിരുന്ന നൂലുപോലും ഇപ്പോഠം കിട്ടാതായിരിക്കുന്നു. അവിടത്തെ നെയ്ത്തു തൊഴിലാളികഠക്കും ജനങ്ങഠക്കു പൊതുവേയും അതുമൂലം വളരെ അസംതൃപ്തി ഉണ്ടായിട്ടുണ്ടു്. അതു വളൎന്നുവരികയുമാണു്. മദ്രാസു് സംസ്ഥാനത്തിൽ നെയ്ത്തുകാർ നൂലിനവേണ്ടി പ്രക്ഷോഭണങ്ങളും സത്യാഗ്രഹങ്ങളും നടത്തുന്നതായിട്ടും ജയിലിൽ പോകുന്നതായിട്ടും പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തുകാണുന്നു. തിരു-കൊച്ചിയിലെ നെയ്ത്തുതൊഴിലാളികഠ മദ്രാസിലെ നെയ്ത്തുതൊഴിലാളികളെക്കാഠ എത്രയോ കൂടുതൽ അവശതകളനുഭവിച്ചുകൊണ്ടിരുന്നിട്ടും പ്രക്ഷോഭണത്തിനും സത്യാഗ്രഹത്തിനുംമററും മുതിൎന്നിട്ടില്ലെങ്കിൽ ആ നില എന്നും നില്ക്കുമെന്നു കരുതരുതു്. ഈയിടെ നമ്മുടെ നാട്ടിലും സമരശബ്ദം ഉയൎന്നുവരുന്നതു കേഠക്കാൻ കഴിയുന്നുണ്ടു്. കഴിഞ്ഞമാസത്തിൽ തൃശ്ശൂരിലെ നെയ്ത്തു സംഘടനകളുടെ പ്രതിനിധികളുടെ ഒരു സമ്മേളനം നടക്കുകയുണ്ടായി. അതിൽ നൂലു് കിട്ടാത്തതുകൊണ്ടുള്ള വിഷമതകളെപ്പററിയും അതിന പരിഹാരമുണ്ടാക്കുന്നതിന സ്വീകരിക്കേണ്ട നടപടികളെപ്പററിയും ആലോചിച്ചു. ആ സമ്മേളനത്തിൽ നെയ്ത്തുതൊഴിലാളി പ്രതിനിധികളുടെ കഠിനമായ പ്രതിഷേധത്തിൻേറയും അസംതൃപ്തിയുടേയും ശബ്ദം ഉയൎന്നുകേട്ടു. അവർ ഉറച്ച സ്വരത്തിൽതന്നെ പറയുകയുണ്ടായി അവൎക്കു നൂലു നൽകുവാൻ മാൎക്കററിംഗ് സൊസൈററിക്കു സാധ്യമല്ലെങ്കിൽ സത്യാഗ്രഹം നടത്താനോ ജയിലിൽ പോകാനോ അവർ തയ്യാറാണെന്നു്. പത്രങ്ങളിലെല്ലാം ഈ വിവരം റിപ്പോർട്ടു ചെയ്തിരുന്നു. ഗവൎമ്മെണ്ടു ഈവക കാൎയ്യങ്ങളിൽ വേണ്ടത്ര മനസ്സുവയ്ക്കുന്നില്ലെന്നു് പലരും ആക്ഷേപം പുറപ്പെടുവിച്ചിട്ടുണ്ടു്. ആ ആക്ഷേപങ്ങളോടു യോജിക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല. ജനുവരി ൨൬-ാം നു- നാലു വോട്ടിൻെറ ഭൂരിപക്ഷത്തോടുകൂടി പാർട്ടി തീരുമാനമെടുത്തു. ഫെബ്രുവരി ഒന്നാം തീയതിമുതൽ തന്നെ ഇവിടെ ലവിസിസ്റ്റം നടപ്പാക്കാൻ ഇവിടത്തെ ഗവൎമ്മെണ്ടിന കഴിയുമെങ്കിൽ, നെയ്യുന്ന തറികളുടെ കണക്കെടുപ്പാനും, കിട്ടുന്ന നൂൽ ക്രമമായി വിതരണം ചെയ്യാനും കഴിയില്ല എന്നു വരുമോ? ഈ നാട്ടിലെ ഏററവും പ്രധാനപ്പെട്ട-വ്യവസായങ്ങളിൽ ഒന്നായ ഈ കൈത്തറി നെയ്ത്തിനെയും, ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പാവപ്പെട്ടവരെയും അവഗണിച്ചുകൂടാ. ഈയിടെ സ്റ്റോക്കു് ഹാമിൽവെച്ചു നടന്ന ഒരു പ്രദൎശനത്തിൽ തിരുവിതാംകൂർ-കൊച്ചിയിലെ കൈത്തറി നെയ്ത്തു സാരികഠ പ്രദൎശിപ്പിക്കുകയുണ്ടായി. നേൎത്ത നൂൽകൊണ്ടു നെയ്തെടുത്ത പ്രസ്തുത സാരികഠ കൈകൊണ്ടു നെയ്തെടുത്തവയെന്നു ആ നാട്ടുകാൎക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല പോലും. നാടിന്നു വിദേശങ്ങളിൽപോലും പേരുണ്ടാക്കിത്തരുന്ന ഈ വ്യവസായത്തെ ഇങ്ങനെ നശിക്കാൻ വിടാമോ? ആ വ്യവസായത്തെ കൊല്ലുകയും അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പട്ടിണിക്കിടുകയും ചെയ്യുന്നതു ആപത്താണു്. ഈ പ്രശ്നത്തിന പരിഹാരം കാണാതിരിക്കുന്നതു വളരെ അനീതിയാണു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: കഴിഞ്ഞ കുറെ അധികംസമയമായി എൻെറ പല സ്നേഹിതന്മാരും ഇവിടെ സംസാരിച്ചതു് നൂൽ ആവശ്യമുള്ളിടത്തോളം കിട്ടുന്നില്ലെന്നുള്ള കാൎയ്യത്തെപ്പററിമാത്രമാണു്. ആ വസ്തുതയെ സംബന്ധിച്ചു കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കൈത്തറി നെയിത്തിനെപ്പററി പറയുമ്പോഠ കൈത്തറികളിൽ നെയ്തുണ്ടാകുന്ന സാധന

[Sri. Ponnara G. Sreedhar]

ങ്ങൾക്ക് ഈ നാട്ടിൽ മാത്രമേ മാർക്കറ്റുള്ളു എന്നും, വിദേശങ്ങളിൽ അവയ്ക്കു ഒരു മാർക്കറ്റില്ല എന്നുമുള്ള ഒരു തെററിധാരണ ഇവിടെ സംസാരിച്ച പലർക്കും ഉള്ള തുപോലെ കണ്ടു. ആ വിഷയത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ ഗവർമ്മെണ്ടിനുതന്നെ അറിയാൻ പാടില്ലാത്ത ചില കാര്യങ്ങൾ എനിക്ക് അറിയിക്കുവാനുണ്ട്. കൈത്തറികൾ ഉപയോഗിച്ച് തിരുവിതാംകൂറിലുണ്ടാക്കുന്ന പലസാധനങ്ങൾക്കും ഇൻഡ്യക്കു പുറമെ പ്രത്യേകിച്ച് കാനഡാ, ആസ്ത്രേലിയ മുതലായ സ്ഥലങ്ങളിൽ നല്ല മാർക്കററുണ്ട്. ഇന്നു കാനഡായിലും അമേരിക്കയുടെ മററു ചിലഭാഗങ്ങളിലും, ആസ്ത്രേലിയായിലും മററും ധാരാളമായി ഉപയോഗിച്ചുവരുന്ന ടർക്കിഷ് ടൗവ്വലുകളും, വിൻഡോകർട്ടനുകളും തിരുവിതാംകൂറിൽനിന്നും പോകുന്നതാണ്. അതുപോലെ മലയാ മുതലായ സ്ഥലങ്ങളിൽ ധാരാളമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ലുംഗീസും തെക്കൻ തിരുവിതാംകൂറിൽനിന്നും മദ്രാസ് സംസ്ഥാനത്തിലെ തിരുനൽവേലിയിൽനിന്നും നെയ്തുണ്ടാക്കിപ്പോകുന്നതാണ്. ഈ നിലയിൽ ഇൻഡ്യാഗവർമ്മെണ്ടിന് വളരെ അധികം ഡാളർ സമ്പാദിച്ചുകൊടുക്കുന്ന ഒരു വ്യവസായമാണ് ഈ കൈത്തറി നെയ്ത്തുവ്യവസായം.

Facts Finding Committeeയുടെ റിപ്പോർട്ടനുസരിച്ച് ൧൯൪൩-ൽ തിരുവിതാംകൂറിൽ മുപ്പതിനായിരത്തോളം തറികൾമാത്രമേ ഉണ്ടായിരുന്നുള്ളു. മുപ്പതിനായിരം തറികൾ പ്രവർത്തിക്കുന്നു എന്നു പറഞ്ഞാൽ ഏകദേശം ഒരു ലക്ഷത്തി അൻപതിനായിരം ആളുകൾ അതുകൊണ്ടു ഉപജീവിക്കുന്നു എന്നു് അർത്ഥമാണ്. ഇന്നത്തെ സ്ഥിതി പറയുകയാണെങ്കിൽ തിരുവിതാംകൂറിൽ എത്ര തറികൾ പ്രവർത്തനത്തിലിരിക്കുന്നു എന്നതിനെ സംബന്ധിച്ചിടത്തോളം ഗവർമ്മെണ്ടിന്റെ കയ്യിൽ യാതൊരു കണക്കുകളുമില്ല. ൧൯൪൩-ലെക്കാൾ വളരെ വർദ്ധിച്ചിട്ടുണ്ടെന്നു നിശ്ചയമാണ്. Facts Finding Committee റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി കണക്കാക്കുകയാണെങ്കിൽതന്നേയും ഒരു ലക്ഷത്തി അൻപതിനായിരത്തിൽ കുറയാത്ത ആളുകൾ കൈത്തറിനെയ്ത്തുകൊണ്ട് ഉപജീവിക്കുന്നുണ്ടെന്നു കാണാവുന്നതാണ്. എന്റെ സ്നേഹിതൻ ശ്രീ. ശങ്കർ ഇവിടെ പറയുകയുണ്ടായി നൂലിന്റെ വില മൂന്നിരട്ടിവരെ മാർക്കററിൽ വർദ്ധിച്ചിട്ടുണ്ടെന്നു്. എന്നാൽ മൂന്നിരട്ടിയും നാലിരട്ടിയുമൊന്നുമല്ല വർദ്ധിച്ചിട്ടുള്ളതു്. തിരുവനന്തപുരം മാർക്കററിലെ ഇന്നത്തെ വില എന്താണെന്നും സൂക്ഷ്മമായി അറിയുന്നതിനുവേണ്ടി ലഞ്ച്യൂസമയത്തു ഞാൻ ഒരാളെ അയച്ചു അന്വേഷിപ്പിക്കുകയുണ്ടായി.

൧൩-ൽ ചില്പനം രൂപ വിലനിശ്ചയിച്ചിട്ടുള്ള ൨൦-ാംനമ്പർ നൂലിന്റെ ഇന്നത്തെവില ൩൨ രൂപയാണ്. ൨൧ രൂപ ൪ണ. നിശ്ചയിച്ചിട്ടുള്ള ൪൦-ാംനമ്പർ നൂലിന്റെ വില ൭൦ രൂപയാണ്. ൧൯ രൂപ നിശ്ചയിച്ചിട്ടുള്ള ൩൦-ാംനമ്പർ നൂലിന്റെവില ൩൫ രൂപയാണ്. ടർക്കിഷ് ടൗവ്വലിനും മററു ഉപയോഗിക്കുന്ന ൨൦-ാംനമ്പർ മുറുക്കുനൂലിനു നിശ്ചയിച്ചിട്ടുള്ള വില ൧൯ രൂപയാണ്. അതിനു് ഇന്നു് തിരുവനന്തപുരം മാർക്കററിലെവില ൫൫ രൂപയിൽ കൂടുതലാണ്. ഈ വിലക്കൂടുതൽ കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയ്ക്കു ഉണ്ടായതാണ്. ൩ മാസത്തിനുമുമ്പ് നമുക്കു കിട്ടിക്കൊണ്ടിരുന്ന നൂലു ഇപ്പോഴും കിട്ടുന്നുണ്ട്. വലിയ വ്യത്യാസം ഒന്നുമില്ല. എന്നാൽ ഇത്രപെട്ടെന്നു നൂലിനു ക്ഷാമം വരുന്നതിനും ബ്ലാക്കുമാർക്കററു ഉണ്ടാകുന്നതിനും കാരണം എന്താണെന്നും നാം ഒന്നു് അന്വേഷിക്കേണ്ടതാണ്. ൩ മാസങ്ങൾക്കുമുമ്പു വന്നുകൊണ്ടിരുന്ന നൂലുകൊണ്ടു നെയ്ത്തുകാർക്കു കഷ്ടിച്ചു നൂൽ ലഭിച്ചുകൊണ്ടിരു

ന്നു. അത്രയും നൂൽ ഇപ്പോഴും ലഭിക്കുന്നുണ്ടെങ്കിലും നെയ്ത്തുകാർക്കു നൂൽ ലഭിക്കുന്നില്ല. ഇതിന്റെ കാരണം അന്വേഷിക്കുകയാണെങ്കിൽ ഇന്നത്തെ ഗവൺമെണ്ടിന്റെ മനഃപൂർവ്വമായ ക്ഷന്തവ്യമല്ലാത്ത കൊള്ളരുതായ്മകൊണ്ടാണ് ഇവിടെ ഈ വിധം ഒരു നില വന്നുചേർന്നിട്ടുള്ളതെന്നു മനസ്സിലാകുന്നതാണ്. കുറെമാസങ്ങൾക്കുമുമ്പു നെയ്യാറ്റിൻകരയിൽ ഒരു തെരഞ്ഞെടുപ്പു നടന്നു. അവിടെ എലക്ഷൻ ജയിക്കുന്നതിനു ബാലരാമപുരം മുതലായ ചില സ്ഥലങ്ങളിലുള്ളവർക്കു കുറെ നൂലു കൊടുക്കുന്നതു പറ്റിയ മാർഗ്ഗമാണെന്നു കണ്ടു് ഗവൺമെണ്ടു് വിജയമോഹിനി മില്ലിന്റെ നൂലു മുഴുവൻ ബാലരാമപുരത്തു കൊണ്ടിട്ടു ബെയിലു പൊട്ടിച്ചു് ഒരു ഇൻസ്പെക്ടറെ നിറുത്തി നെയ്ത്തുകാരോ അല്ലാത്തവരോ എന്നൊന്നും നോക്കാതെ വിതരണം ചെയ്യുകയാണുണ്ടായതു്. വരുന്നവർക്കെല്ലാം ചിറവുകൊടുക്കുന്നതിനു മുദ്രയടിച്ചു കടലാസ്സും കൊടുത്തു മറ്റൊരു ഉദ്യോഗസ്ഥനേയും അവിടെ നിറുത്തി. Facts Finding Committee റിപ്പോർട്ടനുസരിച്ചു തിരുവിതാംകൂറിൽ ആകെപ്പാടെ ൩൦,൦൦൦ തറികളേ ഉണ്ടായിരുന്നുവെങ്കിൽ എലക്ഷൻ കഴിഞ്ഞപ്പോൾ നെയ്യാറ്റിൻകരമാത്രംതന്നെ ൩൦,൦൦൦-ൽ അധികം തറികൾ ഉണ്ടായി. അങ്ങിനെ ഗവൺമെണ്ടുതന്നെ കൊടുത്ത കള്ളക്കാർഡുകൾക്കു് പിന്നിട്ടു നൂലു കൊടുക്കാതിരിക്കുവാൻ നിവൃത്തിയില്ലാതെവന്നു. നൂലു വാങ്ങുന്നതു മുഴുവൻ തറിയില്ലാത്ത ആളുകളാണ്. അവരിൽനിന്നും ബ്ലാക്കുമാർക്കറ്റിൽ വാങ്ങിവേണം യഥാർത്ഥ നെയ്ത്തുകാരനു് തൊഴിൽ നടത്താൻ. ആദ്യം നെയ്ത്തുകാർക്കു് അരകെട്ടു കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ അതു് ൫ കഴിയായി കുറഞ്ഞിരിക്കുകയാണ്. അതും തറിയില്ലാത്തവനാണ് കൊടുക്കുന്നതു്. ഇന്നത്തെ അന്യായവില കൊടുത്തു ബ്ലാക്കുമാർക്കറ്റിൽ നൂലു വാങ്ങി നെയ്യാൽ നെയ്ത്തുകാരനു അവന്റെ ചരക്കു വിററു ലാഭമുണ്ടാക്കുവാൻ സാദ്ധ്യമല്ല. ൨൦-ാംനമ്പർ നൂലിലുള്ള ഒരു രണ്ടുയാർഡു മുണ്ടിനു് ഇന്നു നാലര രൂപയാണ് വില. പക്ഷെ ന്നു ൫ രൂപയ്ക്കു നൂലു ബ്ലാക്കുമാർക്കറ്റിൽ വാങ്ങി നെയ്യാൽ നാലര രൂപയ്ക്കും വില്ക്കുവാൻ സാദ്ധ്യമല്ല.

ഈ അവസരത്തിൽ എനിക്കു് മറ്റൊരുകാര്യം കൂടി പറയുവാനുണ്ടു്. അതു തുണിയുടെ കാര്യമാണ്. ഇവിടെ ഇന്നു തുണിക്കുണ്ടായിട്ടുള്ളതുപോലെയുള്ള ക്ഷാമം ഇതിനുമുമ്പു ഒരിക്കലും ഉണ്ടായിട്ടില്ല. മുമ്പു് നമുക്കു കിട്ടിക്കൊണ്ടിരുന്ന തുണി കപാട്ടാ ഇപ്പോഴും കിട്ടിവരുന്നുണ്ടു്. കൺട്രോൾ തുടങ്ങുന്നതിനുമുമ്പു ൫൦ പീസു വീതമുള്ള രണ്ടായിരമോ മൂവായിരമോ ബെയിൽ ഇൻഡ്യൻ തുണിത്തരങ്ങളും യൂറോപ്പിൽനിന്നും നൂറുപീസു വീതമുള്ള ൫൦൦ തുണിത്തരങ്ങളും ഈ നാട്ടിൽ ശരാശരി വന്നു വിററഴിയുന്നുണ്ടായിരുന്നു. ഇത്രയും തിരുവിതാംകൂറിൽമാത്രം ചിലവായിക്കൊണ്ടിരുന്നതാണ്. അന്നു കൊച്ചിയിൽ ചിലവായിക്കൊണ്ടിരുന്നതു് വെറും ൧൦൦ ബെയിൽ മാത്രമാണ്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: കൈത്തറിനെയ്ത്തു വ്യവസായത്തെപ്പററിയാണ് പ്രമേയം. അതിനെപ്പററി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതു് മനസ്സിലാക്കിക്കൊണ്ടുതന്നെയാണു ഞാൻ പറയുന്നതു്. നൂലും തുണിയും പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണു അല്പംകൂടി സംസാരിച്ചുകഴിയുമ്പോൾ ഞാൻ അതിനെപ്പററിയല്ലാതെ മററൊന്നിനെപ്പററിയും പറയുന്നില്ലെന്നു അങ്ങേയ്ക്കു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ ഈ സ്റ്റേററിലേക്കു ആകെ ശരാശരി ൧,൨൦൦ ബെയിൽ മാത്രമേ കിട്ടിവരുന്നുള്ളു. തിരുവിതാംകൂറിൽ ൻ ഇറക്കുമതിക്കാരും കൊച്ചിയിൽ ന്നു ഇറക്കുമതിക്കാരുമാണ് ഉള്ളതു്.

[Sri. Ponnara G. Sreedhar]

ഈ വിധം വരുന്ന തുണിയെ എല്ലാ ഇംപോർട്ടേഴ്സിനുമായി സമമായി വീതിച്ചു നൽകുവാനുള്ള മര്യാദ ഇന്നത്തെ ഗവർമ്മെണ്ടിനില്ലാ. ഓരോമാസത്തിലും ലഭിക്കുന്ന ആകെ മൊത്തം ൭ ബെയിലിൽ പകുതിയിൽ കൂടുതൽ കൊച്ചിയിലുള്ള ഒരു വ്യക്തിക്കും ബാക്കിയുള്ളവ തിരുവിതാംകൂറിലുള്ള ഒരു കച്ചവടക്കാരനും നൽകുന്നു. തിരുവിതാംകൂറിലുള്ള ഒരു ഇംപോർട്ടർക്ക് ൩൦ മാസത്തിലൊരിക്കലെ തുണി കച്ചവടത്തിന് ലഭിക്കുന്നുള്ളു. കൊച്ചിയിലുള്ള ഒരു വ്യക്തിയെ സഹായിക്കാൻ മാത്രമാണ് ഈ നടപടി സ്വീകരിച്ചിരിക്കുന്നത്. നൂലിന് വിലകൂടിയതുകൊണ്ട് തുണിയുടെ വില വല്ലാതെ വർദ്ധിച്ചിരിക്കുന്നു. ഇവിടെ ഇപ്പോൾ വരുന്ന തുണികൾപോലും ശരിയായി വില്പന നടത്താറില്ല. കഴിഞ്ഞ അലോട്ടുമെണ്ടിൽ കോഹിനൂർ മില്ലിൽനിന്നും ൪൦-ാം നമ്പർ നൂലിന്റെ ൩൭൩ ബെയിൽ തുണിവന്നു. അത് റീട്ടെയിൽകാർക്ക് കൊടുത്തുവോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ വരുന്ന നല്ല തുണികൾ എല്ലാം സ്പെഷ്യൽ ചീററപ്രകാരം കൊടുക്കുകയാണ് ചെയ്യുന്നത്. തിരുവനന്തപുരത്തുള്ള ആരുടെയെല്ലാം പേരിലാണ് സ്പെഷ്യൽ ചീററ എഴുതിയിട്ടുള്ളതെന്ന് ആ ചീററകൾ നോക്കിയാൽ അറിയുവാൻ കഴിയും. നാട്ടിലുള്ള സാധാരണക്കാർക്ക് തുണി ആവശ്യമില്ലേ? അവർക്കും മുണ്ട് ഉടുക്കണ്ടേ? ഈ മാതിരി ടെക്സ്റ്റൈയിൽസ് ഡിപ്പാർട്ടുമെണ്ടിൽനിന്ന് അവർതന്നെ നേരിട്ടും അല്ലാതെയും, അല്ലെങ്കിൽ അവരുടെ അറിവോടുകൂടി, നടത്തുന്ന കൊള്ളരുതായ്മകളാണ് നാട്ടിൽ ഈ കുഴപ്പങ്ങളെല്ലാമുണ്ടാക്കുന്നത്. സ്പെഷ്യൽ ചീററിന് വരുന്ന തുണികൾ കൊടുക്കുന്നതുകൊണ്ട് മിൽതുണി വില്പനയ്ക്കു ഇല്ലാതെവരുന്നു. എം. എൽ. എ.മാർക്കും മററും ചെന്നാൽ തുണി കിട്ടിയെന്നുവരാം. എല്ലാവരും എം. എൽ. എ.മാരായി എന്നു വരികയില്ല. എല്ലാവർക്കും സ്വാധീനശക്തി ഉണ്ടാകയില്ല. എം. എൽ. എ. ആയിരുന്നാലും എന്നെപ്പോലെയുള്ള ആളുകൾക്കേ കിട്ടിയുള്ളു എന്നു വന്നേക്കും. എന്നെ നല്ല മുഖപരിചയമുള്ളതുകൊണ്ട് എനിക്കുതരും. ടെക്സ്റ്റയിൽ ഡിപ്പാർട്ടുമെണ്ടിന്റെ നടപടിദൂഷ്യംകൊണ്ട് സാധാരണക്കാരനു കൈത്തറിവസ്ത്രത്തെതന്നെ ആശ്രയിക്കേണ്ടിവന്നിരിക്കുകയാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞയ്യപ്പൻ ഇതിനെപ്പററി വിസ്തരിച്ച് ഇവിടെ പറയുകയുണ്ടായി. ൨൪൦ ബെയിൽ നൂലു കിട്ടിയിരുന്ന സ്ഥലത്തു ഇപ്പോൾ ൨൦൦ ബെയിലേ കിട്ടുന്നുള്ളു. കൂടുതൽ നൂൽ ഇവിടേക്കു കിട്ടിയില്ലെങ്കിൽ വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്. അതുകൊണ്ട് എനിക്കു ഗവർമ്മെണ്ടിനോട് പറയുവാനുള്ളതു് എങ്ങനെയെങ്കിലും കൂടുതൽ നൂലു ഇവിടെ കിട്ടുവാനുള്ള മാർഗ്ഗം തേടണമെന്നാണ്. ഈ നാട്ടിലെ മില്ലുകളിൽ ഉണ്ടാക്കുന്ന നൂലു ഗവർമ്മെണ്ടിനു എടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അതു് അറിഞ്ഞാൽ കൊള്ളാം. തുണിവിതരണത്തെ സംബന്ധിച്ചു എനിക്കു മറെറാന്നു പറയുവാനുണ്ട്. കൊച്ചിയിലെ മില്ലുകാരെല്ലാം തുണി ഇവിടെ കൊണ്ടുവന്നു വില്ക്കുന്നു. സീതാറാം മില്ലുകാരും അളകപ്പാമില്ലുകാരും ഇങ്ങനെ ഓരോ മില്ലുകാരും തിരുവനന്തപുരം പട്ടണത്തിൽ കടതുറന്നു അവരുടെ തുണി വിററുവരുന്നു. അതിന്റെ ആവശ്യം ഇവിടെയില്ല. ഈ നാട്ടിൽ ആവശ്യമുള്ള നൂൽ ഈ നാട്ടിൽതന്നെയുണ്ട്. അതെടുക്കുന്നതിനു ഗവർമ്മെണ്ടിന് കഴിയുന്നതാണ്. അളകപ്പാ ടെക്സ്റ്റയിൽസ് ആറുമാസക്കാലമായിട്ടു ഇവിടെയുണ്ടാക്കുന്ന നൂൽ ബ്ലാക്കുമാർക്കററിൽ വിററതുകൊണ്ടാണ് നൂലിന് ഇത്രയും ക്ഷാമം നേരിട്ടതു്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവർമ്മെണ്ടു് കൂടുതൽ ശ്രദ്ധവച്ചു കാര്യത്തിന്റെ ഗൌരവം ശരിയായി മനസ്സിലാക്കി പ്രവർത്തിക്കണമെന്നു മാത്രമെ എനിക്കു പറയുവാനുള്ളു.

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലുംവകുപ്പ മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): സർ, ഈ പ്രമേയത്തിനു് രണ്ടു ഭാഗങ്ങളാണുള്ളതു്. നൂലിന്റെ വിതരണത്തെ സ്പർശിക്കുന്നതു് ആദ്യഭാഗമായും സംഭരണത്തെ സ്പർശിക്കുന്നതു് രണ്ടാം ഭാഗമായും ആണു് ഈ പ്രമേയത്തിൽ കൊള്ളിച്ചിരിക്കുന്നതു്. ഇതിൽ ആദ്യത്തെ ഭാഗം കേന്ദ്ര ഗവമ്മെണ്ടിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിലും അധീനതയിലും ഇരിക്കുന്ന ഒരു സംഗതിയാണു്. ൧൯൪൫ മുതൽ ൧൯൪൯ ആദ്യമാസങ്ങൾവരെ നിയന്ത്രണം ഇൻഡ്യ ഒട്ടുക്കുമുണ്ടായിരുന്നു. ൧൯൪൯ ആദ്യകാലങ്ങളിൽ നൂൽ സുലഭമായി ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും കിട്ടിക്കൊണ്ടുവന്നിരുന്നതിന്റെ ഫലമായിട്ടാണു് നിയന്ത്രണം നീക്കുവാൻ ഇടയായതു്. ൧൯൪൯ന്റെ ഏകദേശം മദ്ധ്യകാലത്തുകൂടി ഇവിടെ ഉല്പാദിപ്പിക്കുന്നതായ നൂൽ ഇവിടെനിന്നും കയററുമതി ചെയ്യുന്നതിനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം മിൽ ഉടമസ്ഥന്മാക്കു് കൊടുക്കുകയുണ്ടായി. അമിതമായി ലാഭമുണ്ടാക്കുന്നതിനെ സംബന്ധിച്ചു പ്രത്യേകം നിഷ്കർഷയും ചെയ്തിരുന്നു. ചില മില്ലുടമസ്ഥന്മാർ അവരുടെ മില്ലുകളിൽ ഉണ്ടാക്കിയിരുന്നതായ എല്ലാത്തരം നൂലും അന്യദിക്കുകളിലേക്കു കയററുമതിചെയ്തു അയച്ചതിന്റെ ഫലമായിട്ടാണു് നൂലിനെ സംബന്ധിച്ചു് ഒരു ദൗർലഭ്യം ഭാരതത്തിന്റെ എല്ലാ പ്രവിശ്യകളിലും നേരിടുവാൻ ഇടയായിട്ടുള്ളതു്. അതിന്റെ ഫലമായിട്ടുതന്നെയാണു് ൧൯൫൦ ആദ്യമാസത്തിൽതന്നെ നിയന്ത്രണം പിന്നെയും ഏർപ്പെടുത്തുവാൻ കേന്ദ്രഗവമ്മെണ്ടു് നിർബന്ധിതമായിട്ടുള്ളതും.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, അതല്ല കാരണം. ഇൻഡ്യയുടെ മില്ലുടമസ്ഥന്മാക്കു് തെക്കെ ഇൻഡ്യയിൽനിന്നു നൂലു കിട്ടണം. തെക്കെ ഇൻഡ്യയിലാണു് നൂൽ അധികവും ഉണ്ടാക്കുന്നതു്.

**Mr. Deputy Speaker:** The member can only put questions. He cannot make any explanations.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഇവിടെ ഉല്പാദിപ്പിച്ചിരുന്നതിൽ നല്ലൊരു ഭാഗം നൂൽ അന്യദിക്കുകളിലേക്കു് കയററുമതി ചെയ്യുവാൻ ഇടയായതിന്റെ ഫലമായിട്ടാണു് നിയന്ത്രണം ഏർപ്പെടുത്തുവാൻ കേന്ദ്ര ഗവമ്മെണ്ടു് നിർബന്ധിതമായിത്തീന്നതു്. അതോടുകൂടി വേറെ ചില സാഹചര്യങ്ങൾ പ്രത്യക്ഷമായിക്കാണുവാൻ ഇടയായി. ഇവിടെനിന്നും മില്ലുകളിലുണ്ടാക്കുന്നതായ തുണിത്തരങ്ങൾ കേന്ദ്രഗവമ്മെണ്ടിന്റെ അനുമതിയോടുകൂടി വിദേശരാജ്യങ്ങളിലേയ്ക്കു കയററുമതി ചെയ്യുക എന്നുള്ള നയവും കേന്ദ്രഗവമ്മെണ്ടു് ൧൯൪൯-ൽ അവലംബിക്കുകയുണ്ടായി. സ്ഥിതിവിവരകണക്കുകളെ ആസ്പദമാക്കി പറയുകയാണെങ്കിൽ ഇങ്ങനെ ഭാരതത്തിലെ മില്ലുകളിൽ ഉണ്ടാക്കുന്നതായ തുണിത്തരങ്ങളിൽ ഏകദേശം ൧൦൦൦ മില്യൻ യാർഡുകളാണു് ൧൯൫൦, ൧൯൫൧ ഈ കാലങ്ങളിൽ വിദേശങ്ങളിലേയ്ക്കു കയററുമതി ചെയ്തതു്. ൧൯൫൧, ൧൯൫൨ ഈ വർഷങ്ങളിൽ ൮൦൦ മില്യൻ യാർഡു് തുണിത്തരങ്ങൾ കയററുമതി ചെയ്യുന്നതിനു് അനുവാദവും കൊടുത്തിട്ടുണ്ടു്. ഇതിനുപുറമേ മില്ലുകളിൽ ഉണ്ടാക്കുന്ന തുണിത്തരങ്ങളുടെ ഉല്പാദനം ൧൯൫൦-നെക്കാൾ ൧൯൫൧-ൽ കുറച്ചു കുറവായിട്ടാണു് കാണുന്നതു്. അതിന്റെ ഫലമായിട്ടു് അതായതു് മില്ലുകളിൽ ഉണ്ടാക്കുന്നതായ തുണിത്തരങ്ങൾ വിദേശങ്ങളിലേയ്ക്കു കയററുമതി ചെയ്കയയ്ക്കുവാൻ ഇടയായതിന്റെ ഫലമായി ഇവിടെ വസ്ത്രക്ഷാമംതന്നെ നേരിടുന്നതിനു് ഇടയായി. അങ്ങിനെ ഒരു വസ്ത്രക്ഷാമം നേരിട്ടപ്പോഴാണു് ഇവിടെ നൂലിനു കൂടുതൽ ആവശ്യം നേരിടുവാൻ ഇടയായതു്. അങ്ങനെ ഇവിടെ ഉണ്ടാക്കിവന്നതായ നൂൽ അന്യദിക്കുകളിലേയ്ക്കു് ക

[Sri. T. K. Narayana Pillai]

യററമതി ചെയ്യയ്യുക, മില്ലുകളിൽ ഉണ്ടാക്കുന്നതായ തുണിച്ചരക്കുകൾ അന്യദിക്കുകളിലേക്ക് കയററമതി ചെയ്യയ്യുക ഈ രണ്ടു കാരണങ്ങളുടേയും ഫലമായിട്ടാണ് ഇവിടെ നൂലിന് താരതമ്യേന കൂടുതൽ ആവശ്യം നേരിടുന്നതിനു് ഇടയായതു്. മിൽവസ്ത്രങ്ങൾ സുലഭമായി കിട്ടാതെവന്ന അവസരത്തിലെല്ലാംതന്നെ കൈത്തറി വസ്ത്രങ്ങളെ ആശ്രയിക്കുക എന്നുള്ളതായിരുന്നു അന്നു സാധാരണ ജനങ്ങൾക്ക് അവലംബമായി ഉണ്ടായിരുന്നതു്. അതുകൊണ്ടു് അതിനുമുമ്പു് ഉപയോഗയോഗ്യമല്ലാതിരുന്ന കൈത്തറി വസ്ത്രം ഉപയോഗയോഗ്യമാക്കിത്തീക്കുന്നതിനു് സാധാരണ ജനങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ ഇടയായി. അങ്ങനെ നൂൽ ധാരാളമായി കിട്ടുന്നതിനുള്ള പരിതസ്ഥിതികൾ അല്ല അക്കാലങ്ങളിൽ, ൧൯൪൯-ലും, ൧൯൫൦-ം ഈ രാജ്യത്തുണ്ടായിരുന്നതു്. ഈ നൂലിന്റെ കയററമതി ഇപ്പോൾ നിറുത്തലാക്കിയിട്ടുണ്ടെങ്കിലും ഫോർവേഡ് കാൺട്രാക്റ്റപ്രകാരം കുറേ നൂൽ ഭാരതത്തിൽനിന്നു് കയററമതി ചെയ്യുന്നതിനുള്ള അനുവാദം നിലനിറുത്തിക്കൊണ്ടാണു് ഈ കയററമതി ഇപ്പോൾ നിറുത്തൽ ചെയ്തിട്ടുള്ളതു്. അങ്ങനെയുള്ള ഫോർവേഡ് കാൺട്രാക്റ്ററിനെ ബഹുമാനിക്കുന്നതിനും അതിലെ വ്യവസ്ഥയനുസരിച്ചു പ്രവത്തിക്കുന്നതിനുമാണു് കയററി അയച്ചതു്. അതിലെ വ്യവസ്ഥയനുസരിച്ചു വലുതായ തുകക്കുള്ള നൂൽ ഇൻഡ്യയിൽനിന്നു കയററമതി ചെയ്തു അയക്കേണ്ടതായി വരും. എന്നാൽ മില്ലുകളിൽനിന്നു ഉണ്ടാകുന്ന തുണിച്ചരക്കുകളുടെ കയററമതി നിരോധനം ചെയ്തിട്ടില്ല എന്നുള്ള ഒരു പരമാത്ഥം അതോടുകൂടി ആലോചിക്കേണ്ടതുണ്ടു്. നൂലിന്റെ ദൌർല്ലഭ്യത്തിനുള്ള കാരണം പഞ്ഞിയുടെ ദൌർല്ലഭ്യമാണു്. ഭാരതത്തിൽ എത്രമാത്രമാണു് പഞ്ഞി ഉല്പാദിപ്പിക്കുന്നതു എന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങൾക്കു് അറിയാം. പാകിസ്ഥാനിൽനിന്നു പഞ്ഞി വാങ്ങാമായിരുന്നുവെന്നും അതിനു സമീപകാലത്തു് ചില അഭിപ്രായങ്ങൾ ഉണ്ടായി എന്നും അങ്ങനെ പഞ്ഞിയില്ലാത്ത കാരണം പഞ്ഞിയുടെ വില ക്രമാതീതമായി വദ്ധിക്കുന്നതിനു ഇടയായി എന്നും ഉള്ളതു് വെറും ഒരു പരമാത്ഥമാണു്. സമീപകാലത്തു പഞ്ഞിയെ സംബന്ധിച്ചു കേന്ദ്ര ഗവമ്മെണ്ടും പാകിസ്ഥാൻ ഗവമ്മെണ്ടും ഒരു ഉടമ്പടിയിൽ ഏപ്പെട്ടെങ്കിലും ആ ഉടമ്പടിയിലെ ഗുണഭാഗങ്ങൾ അനുഭവിക്കുന്നതിനു് സമീപകാലത്തു്, മൂന്നോ നാലോ മാസത്തിനകം നമുക്കു സാധിക്കുമെന്നു വിചാരിക്കുന്നതിനും കാരണങ്ങളില്ല. പാകിസ്ഥാനിൽ ഉണ്ടായ, രുന്ന പഞ്ഞി മിക്കവാറും വിററഴിച്ചിട്ടുണ്ടു്. ഇനി പഞ്ഞിയുണ്ടാകുന്ന അവസരത്തിൽ മാത്രമേ പഞ്ഞി അവിടെനിന്നും ഇങ്ങോട്ടു അയക്കുവാൻ സാധ്യമുള്ളൂ എന്നാണു് പാകിസ്ഥാൻ ഗവമ്മെണ്ടു് കേന്ദ്ര ഗവമ്മെണ്ടിനെ അറിയിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള പല കാരണങ്ങളാലും ഇപ്പോൾ നൂൽ നാം അഭിലഷിക്കുന്ന രീതിയിൽ നെയ്ത്തുകാരുടെ ആവശ്യമനുസരിച്ചു സംഭരിക്കാൻ കേന്ദ്രഗവമ്മെണ്ടിനു് സാധിക്കാതെയാണു് വന്നിട്ടുള്ളതു്. കേന്ദ്രഗവമ്മെണ്ടു് അവലംബിച്ചു പരിപാടികളെ ന്യായീകരിക്കണമെന്നല്ലാ ഞാൻ പറയുന്നതു്. ആ പരിപാടികളിൽ പല വൈകല്യങ്ങളും ഉണ്ടായിരിക്കാം. കാരണം എന്തൊക്കെയായാലും ഇതാണു് നിലവിലിരിക്കുന്ന യഥാത്ഥ സ്ഥിതിഗതികൾ.

ഈ ഗവമ്മെണ്ടിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇവിടത്തെ ആവശ്യം അനുസരിച്ചു നാലായിരം ബെയിൽ നൂലെങ്കിലും തരണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് ഇതിന്റെ നിയന്ത്രണം എത്തു മാസത്തിൽ ചുമത്തിയോ ആ കാലം മുതൽതന്നെ കേന്ദ്രഗവമ്മെണ്ടിന്റെ മുമ്പാകെ നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണു്.

സർ, ഇവിടെ ഒരു ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. ഇവിടെത്തന്നെ നാലു മില്ലുകൾ ഉണ്ട്. അതിൽ അഴകപ്പാ ടെക്‌സ്റ്റയിൽസ് ആകെ ൯൦൦ ബെയിൽ ഉല്പാദിപ്പിക്കുന്നുണ്ട്. അതിൽ ൨൦൦ ബെയിലാണ് ഈ ഗവൺമെന്റിന് അനുവദിച്ചിട്ടുള്ളതും. വാങ്ങിക്കുന്നതും നൂൽ സംഭരണ വിഷയത്തിൽ ഈ ഗവൺമെന്റിന് പ്രത്യേക അധികാരമൊന്നും ഇല്ല. അരിയെ സംബന്ധിച്ചും ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചും കേന്ദ്ര ഗവൺമെണ്ട് ഏതു നയമാണോ അവലംബിച്ചിരിക്കുന്നത്, ആ നയം തന്നെയാണ് നൂലിനെ സംബന്ധിച്ചും തുണിയെ സംബന്ധിച്ചും കേന്ദ്ര ഗവൺമെണ്ട് അംഗീകരിച്ചിട്ടുള്ളതും നടപ്പിൽ വരുത്തിയിട്ടുള്ളതും.

ശ്രീ. എസ്സ്. കുട്ടൻ: അങ്ങനെയാണെങ്കിൽ കേന്ദ്രഗവൺമെണ്ടിൽനിന്നും നമുക്ക് ഫുഡ് സബ്‌സിഡി തരുന്നതുപോലെ തുണിക്കും സബ്‌സിഡി തരേണ്ടതല്ലയോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിന് ഇവിടെ അത്ര വലിയ സാംഗത്യം ഇല്ലാത്തതുകൊണ്ട് അതിന് ഞാൻ മറുപടി പറയുവാൻ ഉദ്ദേശിക്കുന്നില്ല.

**Sri. P. S. Nataraja Pillai:** Is not foodgrains secured from the Central Pool on excess basis?

**Sri. T. K. Narayana Pillai:** Yes.

**Sri, P. S. Nataraja Pillai:** Is it on excess basis that yarn is obtained?

**Sri. T. K. Narayana Pillai:** So far as yarn is concerned, it is not so.

പൂൾ സിസ്റ്റം എന്നു പറയുന്നത് ഭക്ഷണധാന്യങ്ങളെ സംബന്ധിച്ചിടത്തോളം തന്നെ നൂലിനെ സംബന്ധിച്ചും ഉണ്ട്. ഓരോ പ്രവിശ്യകളിലേക്കും ഘടകങ്ങളിലേക്കും ആവശ്യമുള്ള നൂൽ തരണമെന്ന് കേന്ദ്രഗവൺമെണ്ടിനെ അറിയിച്ചതിനുശേഷം കേന്ദ്രഗവൺമെണ്ട് മൊത്തത്തിൽ കിട്ടുന്ന നൂലിനെ ആശ്രയിച്ച ഓരോ പ്രവിശ്യകളിലേക്കും ഘടകങ്ങളിലേക്കും നൂൽ അലാട്ട് ചെയ്യുകയാണ് ചെയ്യുന്നത്. ഇവിടെ പറയുകയുണ്ടായി അഴകപ്പാ ടെക്‌സ്റ്റയിൽസ് ഈ പൂളിൽ ഉൾപ്പെട്ടിട്ടില്ലായെന്ന്. അതു സത്യത്തിന് വിരുദ്ധമാണെന്നാണ് വളരെ ബഹുമാനത്തോടുകൂടി ഈ സഭയെ അറിയിക്കാനുള്ളത്. ഇവിടെയുള്ള എല്ലാ മില്ലുകളും തന്നെ ടെക്‌സ്റ്റയിൽ അധികാരികളുടെ പരിപൂർണ്ണമായ നിയന്ത്രണത്തിന് വിധേയമാണ്. അവരുടെ ആവശ്യം അനുസരിച്ചും ആജ്ഞ അനുസരിച്ചും വിതരണം ചെയ്യുകയല്ലാതെ ഇവക്ക് ഗത്യന്തരമില്ല.

**Sri. P. S. Natataja Pillai:** Is it the position that there is no exemption for the Alagappa Mills granted by the Government of India?

**Sri. T. K. Narayana Pillai:** I am not aware of that. I know definitely that the productions of the Algappa Mills is merged with the Indian pool.

**Sri. P. S. Nataraja Pillai:** Will the Government enquire whether there is an exemption or not by the Government of India?

**Sri. T. K. Narayana Pillai:** I shall certainly enquire. I am prepared to make enquiries on the basis of the information just now obtained.

ഞാൻ പറഞ്ഞുവന്നത് ഇവിടെ നാലു മില്ലുകൾ ഉണ്ടെങ്കിലും ആ മില്ലുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന നൂലിനെ സംബന്ധിച്ച ഈ ഗവൺമെണ്ടിന്റെ ഹിതം അനുസരിച്ചോ ആവശ്യമനുസരിച്ചോ വിനിയോഗിക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഈ ഗവൺമെണ്ടിന് ഇല്ലെന്നുമാണ്. അഴകപ്പാ ടെക്‌സ്റ്റയിൽ

[Sri T. K. Narayana Pillai.]

സിനെപ്പററി മറെറാരു ആക്ഷേപംകൂടി ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ൻ മാസം മിക്കവാറും അലസമായി പൂട്ടി ഇട്ടിരുന്ന ഈ മില്ലിന് ജീവൻ കൊടുത്തതു് ഈ ഗവമ്മെണ്ടു് ആണെന്നും അതിന് പ്രതിഫലമായി ഈ മില്ലിൽ ഉല്പാദിപ്പിക്കുന്ന നൂൽ എത്ര ബെയിലായാലും കൊള്ളാം മുഴുവൻ നിരുപാധികമായി ഈ ഗവമ്മെണ്ടിന്റെ ആവശ്യത്തിന് വിട്ടുതരണമെന്നും ആദ്യമെ തന്നെ വ്യവസ്ഥ ചെയ്യേണ്ടതായിരുന്നില്ലേ എന്നാണു് ചോദിക്കുന്നതു്. അതിന് ഞാൻ സമാധാനം പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അങ്ങനെ ഒരു മില്ലുമായി ഈ ഗവമ്മെണ്ടു് പ്രത്യേകം വ്യവസ്ഥകളിലോ ഉടമ്പടികളിലോ ഏർപ്പെടുന്നതിന് നിയമപ്രകാരം അധികാരം ഉണ്ടെങ്കിൽതന്നെ ആ അധികാരം വിനിയോഗിക്കുന്നതിന് ഗവമ്മെണ്ടിന് സാദ്ധ്യമല്ലാതെയാണു് ഇരിക്കുന്നതു്. അങ്ങനെ ഒരു വ്യവസ്ഥ ഉണ്ടെങ്കിൽതന്നെ അതിന് കേന്ദ്രഗവമ്മെണ്ടിന്റെ അംഗീകാരം സിദ്ധിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ ഒരു വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനും കേന്ദ്രഗവമ്മെണ്ടിന്റെ അനുമതി ആവശ്യമാണു്. ഈ പത്തുലക്ഷം രൂപാ കടം കൊടുത്ത അവസരത്തിൽ ഈ സംഗതി വാദവിഷയമായിരുന്നു. കേന്ദ്രഗവമ്മെണ്ടിനെ മിക്ക അവസരങ്ങളിലും അറിയിച്ചിട്ടുണ്ടു് ഇവിടെയുള്ള മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന നൂൽ എത്രയായാലും കൊള്ളാം ആ നൂൽ മുഴുവൻതന്നെ ഇവിടെ ഈ ഗവമ്മെണ്ടിന്റെ ആവശ്യത്തിനായി വിട്ടുതരേണ്ടതു് വെറും ന്യായവും നീതിയും മാത്രമാണെന്നു്. അങ്ങനെ പലതരത്തിൽ ഈ ഗവമ്മെണ്ടു് കേന്ദ്രഗവമ്മെണ്ടിനെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് ഈ വിഷയത്തിൽ ഈ ഗവമ്മെണ്ടു് അശ്രദ്ധയാണു് കാണിച്ചിട്ടുള്ളതെന്നു ആരെങ്കിലും പറഞ്ഞാൽ അതിന് അടിസ്ഥാനമില്ലെന്നു ബഹു. അംഗങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, സംഭരണ വിഷയത്തിൽ ഗവമ്മെണ്ടിന്റെ നടപടികളെപ്പററി ഇവിടെ പല വിമർശനങ്ങളും ഉണ്ടായി. സമീപകാലത്തുപോലും, അതായതു് ഫെബ്രുവരിമാസത്തിൽപോലും ഇതിനെപ്പററി കേന്ദ്രഗവമ്മെണ്ടിന്റെ അടുക്കൽ നിവേദനം നടത്തിയിട്ടുണ്ടു്. ഈ ഗവമ്മെണ്ടിന്റെ ഇവിടുത്തെ കണക്കുകൾ അനുസരിച്ചു്, പ്രവത്തിച്ചുകൊണ്ടിരിക്കുന്ന എന്നു വിചാരിക്കാവുന്ന കൈത്തറികളെ അടിസ്ഥാനമാക്കി നൂലിന്റെ ആകെ തുക നിർണ്ണയിക്കപ്പെടുന്ന പക്ഷം നാലായിരം ബെയിൽ നൂൽ ഇവിടുത്തെ ആവശ്യത്തിന് വേണമെന്നും അതുകൊണ്ടു് നാലായിരം ബെയിൽ എങ്കിലും ഉടൻതന്നെ അനുവദിച്ചു തരേണ്ടതാണെന്നും ഏകദേശം അറുപതിനായിരത്തോളം കുടുംബങ്ങൾ ഈ തൊഴിൽകൊണ്ടാണു് ജീവിച്ചുവരുന്നതെന്നും അവരുടെ സ്ഥിതി ദൈനംദിനം മോശമായിവരുകയാണെന്നും കേന്ദ്രഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. മദ്രാസ് ഗവമ്മെണ്ടിലുള്ള ഈ വ്യവസായത്തിലുൾപ്പെട്ട ആളുകളുടേയും ഈ സംസ്ഥാനത്തുള്ള ഈ വ്യവസായത്തിലുൾപ്പെട്ട ആളുകളുടേയും നിലകളെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ മദ്രാസിനോടു് ഏതാണ്ടൊരു പക്ഷപാതം കേന്ദ്രഗവമ്മെണ്ടു് കാണിച്ചുവരുന്നുണ്ടെന്നും അതു് ഒരുവിധത്തിലും ന്യായീകരിക്കത്തക്കതല്ലെന്നും ഈ ഗവമ്മെണ്ടു് അറിയിക്കുകയുണ്ടായി. ഇവിടെ ഒരവസരത്തിൽ അലാട്ടു ചെയ്ത നൂലിന്റെ ഏതാനും ഭാഗം മദ്രാസിലേക്കു് ഡൈവർട്ടു് ചെയ്തതു് തെററാണെന്നും അതുകൊണ്ടു് ഡൈവെർട്ടു് ചെയ്ത നൂൽ യാതൊരു വ്യവസ്ഥയും കൂടാതെതന്നെ ഈ ഗമ്മെണ്ടിലേക്കു് തരേണ്ടതു് കേന്ദ്രഗവമ്മെണ്ടിന്റെ ചുമതലയാണെന്നുള്ള വസ്തുതയും ആ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. എതെല്ലാം വിധത്തിൽ ഈ പ്രശ്നത്തിന്റെ രൂക്ഷസ്വഭാവം കേന്ദ്രഗവമ്മെണ്ടിനെ അറി

യിക്കുവാൻ സാധിക്കുമോ ആ വിധത്തിൽ അറിയിച്ചിട്ടുണ്ടെന്നുള്ള സമാധാനം ഗവൺമെണ്ടിനുണ്ട്. സമീപകാലത്ത് ധനകാര്യമന്ത്രി ഡൽഹിയിൽപോയ അവസരത്തിൽ അധികാരസ്ഥാനങ്ങളിൽ ഇവിടുത്തെ ആവശ്യങ്ങളെ ആവർത്തിക്കുകയുണ്ടായി. അന്നു നടന്ന വാദപ്രതിവാദങ്ങളുടേയും ചർച്ചകളുടേയും ഫലമായി ഇവിടേക്കുള്ള ക്വോട്ടാ വർദ്ധിപ്പിക്കാമെന്നു അധികാരികൾ സമ്മതിച്ചുവെങ്കിലും കാരണം എന്തായാലും കൊള്ളാം, ഇതുവരെ അതു് പ്രവൃത്തിയിൽ കൊണ്ടുവരാൻ സാധിക്കാതെയാണ് ഇരിക്കുന്നതു്.

സർ, എനിക്കു് ഇനി സംഭരണ കാര്യത്തെപ്പററിയാണ് പറയുവാനുള്ളതു്. ൧൯൫൦ ഡിസംബറിൽ ഇവിടെ ൧൦൨൮ ബെയിൽ നൂലാണ് ഇറക്കുമതി ചെയ്തിട്ടുള്ളതു്. ൧൯൫൧ ജനുവരിയിൽ ൯൪൩ ബെയിലും ഫെബ്രുവരിയിൽ ൧൦൨൩ ബെയിലും ആണ് ഇംപോർട്ടു് ചെയ്തിട്ടുള്ളതു്. ശ്രീ. നടരാജപിള്ള അവർകൾ ഇതിനിടക്കു് വേറൊരു സംഗതികൂടി പറയുകയുണ്ടായി. അതിനു് എന്നിൽനിന്നു് ഒരു സമാധാനവും ആവശ്യപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ വാദത്തിന്റെ അടിസ്ഥാനം തിരുവിതാംകൂർ–കൊച്ചി ഇൻഫർമേഷനിൽ കൊടുത്ത ഒരു കണക്കാണ്. അതിൽ ഉള്ള കണക്കും ഔപചാരികമായി ഞാൻ അദ്ദേഹത്തിനു് നൽകിയ കണക്കും തമ്മിൽ വ്യത്യാസം ഉണ്ടെന്നും അതിനു് എന്താണ് സമാധാനമെന്നു അറിഞ്ഞാൽ കൊള്ളാമെന്നും അദ്ദേഹം പറഞ്ഞു. തിരുവിതാംകൂർ-കൊച്ചിൻ ഇൻഫർമേഷനിൽ പ്രസിദ്ധപ്പെടുത്തുന്ന കണക്കു് ആ മാസത്തിലെ ഒരു അർദ്ധമാസത്തെ കണക്കാണ്. ഓരോ മാസത്തിലും രണ്ടു അർദ്ധമാസങ്ങളാണല്ലോ ഉള്ളതു്. അതിൽ ഒന്നിന്റെമാത്രം കണക്കു് ട്രാവൻകൂർ-കൊച്ചിൻ ഇൻഫർമേഷനിൽ കൊടുത്തുവെന്നേയുള്ളു. രണ്ടു കണക്കും ശരിയാണെന്നു ഇപ്പോൾ അദ്ദേഹത്തിനു് ബോദ്ധ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

സംഭരണവിഷയത്തിൽ എനിക്കു് പറയുവാനുള്ളതു് ഇതാണ്. വിജയമോഹനിമില്ലിൽ ആകെ ൨൫൦ ബെയിലാണ് ഉണ്ടാക്കുന്നതു്. അതു മുഴുവൻ നമുക്കു് തരാമെന്നു കേന്ദ്രഗവൺമെണ്ടു് സമ്മതിച്ചിട്ടുണ്ടു്, ബാലരാമവർമ്മ ടെക്സ്റ്റയിൽസിൽനിന്നും ൧൦൦ ബെയിൽ ഉണ്ടാക്കുന്നു. അതു് മുഴുവൻ നമുക്കു് അനുവദിച്ചിട്ടുണ്ടു്. കൊച്ചി മഹാലക്ഷ്മി ടെക്സ്റ്റയിൽസിൽ ഉണ്ടാക്കുന്ന ൩൦ ബെയിലും നമുക്കു് തരുന്നുണ്ടു്. അഴകപ്പാ ടെക്സ്റ്റയിൽസിൽ ൮൦൦ ബെയിൽ നൂൽ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ൭൦൦ ബെയിൽ നൂൽ മാത്രമെ നമുക്കു് അനുവദിച്ചു തരുന്നുള്ളു.

അഴകപ്പാ ടെക്സ്റ്റയിൽസിനെ സംബന്ധിച്ചു ചില ആരോപണങ്ങൾ ഇവിടെ പറയുകയുണ്ടായി. ഗവൺമെണ്ടിന്റെ തന്റേടക്കുറവുകൊണ്ടാണ് അവർ ചില ക്രമക്കേടുകൾ കാണിക്കുന്നതെന്നു ഏതോ ഒരു ബഹുമാനപ്പെട്ട അംഗം പ്രസ്താവിച്ചു. ഈ ഗവൺമെണ്ടിനു് തന്റേടം ഉണ്ടെങ്കിലും കൊള്ളാം, ഇല്ലെങ്കിലും കൊള്ളാം, അഴകപ്പാ ടെക്സ്റ്റയിൽസിനെ സംബന്ധിച്ചു് ഈ ഗവൺമെണ്ടിനു് എന്തെല്ലാം ചെയ്യാമോ, നിയമപരമായി എന്തെല്ലാം നിർബന്ധനടപടികൾ സ്വീകരിക്കാമോ, ആ നടപടികൾ എല്ലാംതന്നെ സ്വീകരിച്ചിട്ടുണ്ടു്. സമീപകാലത്തുപോലും ആ നടപടികൾ നടത്തികൊണ്ടിരിക്കുകയാണ്. എന്നാൽ എല്ലാ നടപടികൾക്കും അനുവാദം ഇല്ലെന്നുള്ളതും വിസ്മരിക്കത്തക്ക ഒരു സംഗതിയല്ല. കേന്ദ്രഗവൺമെണ്ടിന്റെ അനുമതി ഇല്ലാതെ ആ മിൽ പൂട്ടുന്നതിനും ഈ ഗവൺമെണ്ടിനു് അനുവാദം ഇല്ലാതെയാണിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: അഴകപ്പാ ടെക്സ്റ്റയിൽസിലെ ക്വോട്ടാ നിശ്ചയിച്ചതു് കടം കൊടുക്കുന്നതിനു് മുൻപാണോ, അതിനുശേഷമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കടം കൊടുത്തതിനുശേഷമാണു്.

വിതരണം സംബന്ധിച്ചു് പറയുകയാണെങ്കിൽ, ചില ക്രമക്കേടുകൾ വിതരണസമ്പ്രദായത്തിൽ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അക്കാര്യത്തിൽ ഗവൺമെണ്ടു് പ്രത്യേകം ശ്രദ്ധിച്ചുവരുന്നുണ്ടു്. ശ്രീ. നടരാജപിള്ളയുടെ നിർദ്ദേശം തീർച്ചയായും ആലോചനാവിഷയമാക്കാവുന്നതാണു്. അദ്ദേഹത്തിന്റെ നിർദ്ദേശം ഇതായിരുന്നു. ഇവിടെ ഒരു സെൻട്രൽ കോഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടു്. ഇവിടുത്തെ ഇംപോർട്ടേഴ്സിനെക്കൊണ്ടു് നൂൽ ഇറക്കുമതി ചെയ്യിക്കുന്നതിനുപകരം അതിനുള്ള സർവ്വാധികാരങ്ങളും ആ സൊസൈറ്റിക്കു് കൊടുക്കരുതോ എന്നാണു് അദ്ദേഹം ചോദിക്കുന്നതു്. ഇതിനെപ്പറ്റി ആലോചിക്കുവാൻ ഗവൺമെണ്ടു് തീർച്ചയായും സന്നദ്ധമാണു്. നമുക്കു് അനുവദിച്ചിട്ടുള്ള ബെയിൽ മുഴുവൻ വാങ്ങുന്നതിനു് ഏകദേശം ൧൨—൧൫ ലക്ഷം രൂപയോളം വേണ്ടിവരും. സെൻട്രൽ സൊസൈറ്റിക്കു് ഇതു് നിർവ്വഹിക്കത്തക്ക വണ്ണമുള്ള സാമ്പത്തിക സാദ്ധ്യതയുണ്ടെന്നു ഗവൺമെണ്ടിനു് ബോദ്ധ്യപ്പെടുന്നപക്ഷം ശ്രീ. നടരാജപിള്ളയുടെ നിർദ്ദേശത്തെപ്പറ്റി പര്യാലോചിക്കുവാൻ ഗവൺമെണ്ടു് സന്നദ്ധമാണു്.

ഇവിടുത്തെ തറികളെ സംബന്ധിച്ചു് ശരിയായ സ്ഥിതിവിവരക്കണക്കുകൾ ഇല്ലെന്നുള്ള ആക്ഷേപം ഉണ്ടായി. അതു ശരിയാണു്. അതിനുത്തരവാദികൾ ആരായാലുംകൊള്ളാം അതു പരമാർത്ഥമാണു്. അതിന്റെ പരിഹാരമായിട്ടാണു് ഗ്രയിൻസ് പർച്ചയിസിംഗ് തഹശിൽദാരന്മാരുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും തറികളുടെ ഒരു സെൻസസ് എടുക്കുവാൻ ഇപ്പോൾ ഏർപ്പാടു് ചെയ്തിരിക്കുന്നതു്. ഇതിനകംതന്നെ ഏതാനും താലൂക്കുകളിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുകഴിഞ്ഞിട്ടുണ്ടു്. മാർച്ചു് ൩൧-ാംനു-ക്കകം എല്ലാ താലൂക്കുകളിലേയും സ്ഥിതിവിവരക്കണക്കുകൾ മുഴുവൻ ശേഖരിച്ചു കേന്ദ്രഗവൺമെണ്ടിനു് അയക്കണമെന്നാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്. ഈ കണക്കുകളെ അടിസ്ഥാനമാക്കി നൂൽ വിതരണം ചെയ്യണമെന്നും ഉദ്ദേശിക്കുന്നു.

ഇപ്പോൾ തിരുവിതാംകൂർ വിഭാഗത്തിൽതന്നെ ൩൨൧ കോഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖാന്തിരം നൂൽ വിതരണം നടത്തിക്കൊണ്ടുപോകുന്നു. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണു് അങ്ങനെ ചെയ്യുന്നതു്. കൈത്തറി വ്യവസായത്തിലുൾപ്പെട്ട എല്ലാ തൊഴിലാളികളും ഏതെങ്കിലും സഹകരണസംഘത്തിൽ അംഗങ്ങളായിരിക്കേണ്ടതു് ആവശ്യമായിതീർന്നിട്ടുണ്ടു്.

**Sri. A. Thanu Pillai:** It is 6 o' clock. Shall we not adjourn now?

**Mr. Deputy Speaker:** Yes. The House is now adjourned to meet again at 11 a.m. tomorrow.

*The Assembly adjourned at 6 p.m. to meet again at 11 a.m. on the 17th March 1951.*

V. KRISHNAMOORTHY AIYAR,
*Secretary to the Legislative Assembly*